പുതിയ രക്തസാക്ഷി



J. THALIATH & SONS
TRIVANDRUM

After the Jonas of the Mall Flower
With affection
from
father

പുഷ്പാഞ്ജലി നമ്പർ 4.

ഒരു പുതിയ രക്തസാക്ഷി

(അനുഗൃഹീതനായ തെയോഫിൻ വേനാർഡ്)

വിദ്വാൻ ജെ. പി. പെരയിര

LM
V59

ശ്രീമാൻ ജോസഫ് തളിയത്തിന്റെ മുഖവുര

DHARMARAM COLLEGE LIBRARY
3849
BANGALORE
DEFINITORY T.O.C.D.
No.....
LIBRARY



ജെ. തളിയത്ത് ആൻഡ് സൺസ്
തിരുവനന്തപുരം

NIHIL OBSTAT

Fr. J. KOILPARAMPIL

CENSOR

5TH OCTOBER 1947.

IMPRIMATUR

† Fr. VINCENT V. DEREERE, O.C.D.

BISHOP OF TRIVANDRUM.

TRIVANDRUM,

14TH NOVEMBER 1947.



അ : തെയോഫിൻ വേനാർഡ്.
(ഒരു എണ്ണഛായാപടത്തിൽ നിന്ന്)

മുഖവുര

വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിത്രം വായിച്ചിട്ടുള്ളവക്കെല്ലാം അനുഗ്രഹീതനായ തെയോഫിൻ വേനാർഡിന്റെ നാമം സുപരിചിതമായിരിക്കണം. ചെറുപുഷ്പത്തിനു ഈ രക്തസാക്ഷിയുടെ നേർക്ക് വിശേഷവിധമായ ബഹുമാനവും ഭക്തിയും ഉണ്ടായിരുന്നു. അതിലേക്കുള്ള കാരണവും വിശുദ്ധതന്നെ ഒരവസരത്തിൽ സ്വസഹോദരികളോടു പറയുകയുണ്ടായി. ഈ സംഗതികളെപ്പറ്റി പുണ്യവതിയുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിട്ടുള്ള ഭാഗം ഇപ്രകാരമാണ്:

"സെപ്റ്റംബർ 6-ാംതീയതി (വിശുദ്ധ മരിച്ചതു സെപ്റ്റംബർ 30-ാംതീയതിയാണ്) ദിവ്യരക്ഷകനു രോഗിണിയോടുള്ള സ്നേഹത്തെ കാണിക്കുന്ന ഒരു സംഭവമുണ്ടായി. അതു അവളിൽ ഗാഢമായി പതിയുകയും ചെയ്തു. പുണ്യാത്മാവായ തന്റെ സ്നേഹിതൻ, തെയോഫിൻ വേനാർഡിന്റെ ഏതെങ്കിലും ഒരു തിരുശേഷിപ്പു കിട്ടുന്നതിനുള്ള ആഗ്രഹം പലപ്പോഴും സഹോദരി പ്രദർശിപ്പിച്ചെങ്കിലും അതിൽ നിന്നും യാതൊരു ഫലവും ഉണ്ടായില്ലെന്ന് കണ്ടതിനുശേഷം ആ വിഷയത്തെപ്പറ്റി സംസാരിച്ചിരുന്നില്ല. എന്നാൽ അന്ന് ദൈവഗത്യാ ഈ രക്തസാക്ഷിയുടെ ഒരു തിരുശേഷിപ്പു് ലഭിക്കുന്നതിന് സംഗതിയായി. അതു മഠാധിപ സഹോദരിക്ക് കൊണ്ടുകൊടുത്തപ്പോൾ പലതവണയും അതു ചുംബിക്കയും കൈയിൽത്തന്നെ വച്ചുകൊണ്ടിരിക്കയും ചെയ്തു. എന്തുകൊണ്ടാണ് ഈ യുവരക്തസാക്ഷിയുടെ നേർക്ക് സഹോദരിക്ക് ഇത്ര ഭക്തിയുണ്ടാവാൻ കാരണമെന്ന് പലർക്കും ജിജ്ഞാസയുണ്ടാവാം. സ്വസഹോദരികളുമായി സംസാരിച്ചുകൊണ്ടിരുന്ന ഒരവസരത്തിൽ അവർ കാരണം പറയുകയുണ്ടായി. "തെയോഫിൻ വേനാർഡ് ഒരു കൊച്ചു വിശുദ്ധനാണ്. അദ്ദേഹത്തിന്റെ ജീവിതം ഒരു സാധാ

രണ ജീവിതമായിരുന്നു. അമലോത്ഭവ മാതാവിന്റെ നേർക്ക് അദ്ദേഹത്തിന് തിവ്രമായ സ്നേഹമുണ്ടായിരുന്നു. അതുപോലെ തന്നെ വീട്ടുകാരുടെ നേരെയും അദ്ദേഹത്തിന് വലിയ സ്നേഹമായിരുന്നു. ഞാനും എന്റെ കുടുംബാംഗങ്ങളെ അതിയായി സ്നേഹിക്കുന്നു. തങ്ങൾക്കേറ്റം അടുത്തവരെ സ്നേഹിക്കാത്ത പുണ്യവാന്മാരെ എനിക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. അവസാനത്തെ സമ്മാനമായി നിങ്ങൾക്കു തരുന്നതിന് അദ്ദേഹം ഒടുവിൽ വീട്ടിലേക്ക് എഴുതിയ കുത്തുകളിൽ ഒന്നിൽ നിന്നും ഒരു ഭാഗം ഞാൻ പകർത്തി എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെയും എന്റെയും ആത്മാക്കൾ തമ്മിൽ സാമ്യമുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ ആശയങ്ങളുടെ പ്രതിധ്വനികളാണ്."

വിശുദ്ധ, തെരേസാഫിൻ വേനാർഡിന്റെ കത്തിൽനിന്നും. പകർത്തി എഴുതി സഹസഹോദരികളെ ഏല്പിച്ച ഭാഗവും ഇവിടെ ഉദ്ധരിക്കാം. പുണ്യവതിയുടെ ആശയങ്ങളോട് അവ എത്രയോ യോജിച്ചിരിക്കുന്നു!

"ഭൂമിയിൽ ഉള്ള ഒന്നിനും എന്നെ തൃപ്തിപ്പെടുത്താൻ സാധ്യമല്ല; എന്തെന്നാൽ എന്റെ അഭിലാഷങ്ങൾ അത്രമാത്രം വിശാലമാണ്. സൗഭാഗ്യം എന്ന് ലോകം നിനയ്ക്കുന്നതൊന്നും ആ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുകയില്ല. എന്നെ സംബന്ധിച്ചിടത്തോളം സമയം ഇതാ അവസാനിക്കാൻപോകുന്നു. എന്റെ ചിന്തകൾ നിത്യത്വത്തിന്മേൽ ഉറപ്പിച്ചിരിക്കുന്നു. ചലനമില്ലാത്ത തടാകത്തെപ്പോലെയോ, മേഘങ്ങളില്ലാത്ത ആകാശത്തെപ്പോലെയോ എന്റെ ഹൃദയം ശാന്തമായിരിക്കുന്നു. നിത്യജീവജലത്തിനായുള്ള ദാഹംനിമിത്തം ലോകം വിട്ടുപോകുന്നതിൽ ഞാൻ ദുഃഖിക്കുന്നില്ല. അല്പംകൂടി കഴിയുമ്പോൾ ഞാൻ ഇഹലോകവാസം വെടിയും, എന്റെ വിദേശവാസം അവസാനിക്കും, എന്റെ പോരാട്ടവും നിലയ്ക്കും. സ്വർഗ്ഗം കരസ്ഥമായി. കണ്ണുകൾ കണ്ടിട്ടില്ലാത്തവ ദർശിക്കുന്നതിനായും, കാതു

കഥ കേട്ടിട്ടില്ലാത്തവ ശ്രവിക്കുന്നതിനായും, മനുഷ്യഹൃദയത്തിൽ ഉദിക്കുകുടി ചെയ്യാത്തവ ആസ്വദിക്കുന്നതിനായും അനുഗൃഹീതരുടെ വാസസ്ഥലത്തു് ഞാൻ പ്രവേശിക്കാൻപോകുന്നു.

"നാമെല്ലാം അത്യധികമായി കാംക്ഷിച്ചിരുന്ന സമയത്തിൽ ഞാൻ ഇപ്പോഴും എത്തിച്ചേർന്നിരിക്കുന്നു. ലോകത്തിലെ മഹാന്മാരെ ആശ്ചര്യപ്പെടുത്തുന്നതിനു് ദൈവം കൊച്ചുപൈതങ്ങളെ തിരഞ്ഞെടുക്കുന്നു എന്നുള്ളതു് എത്രയോ വാസ്തവമാണു്. ഞാൻ സ്വശക്തിയിൽ ആശ്രയിക്കുന്നില്ല. കുരിശിൽ കിടന്നു കൊണ്ടു് നാകേശക്രിയെ തോല്പിച്ചവനിൽ ഞാൻ ആശ്രയിക്കുന്നു. തന്റെ സന്തോഷത്തിനായി ദിവ്യനാഥൻ പറിച്ചെടുക്കുന്ന ഒരു വസന്തകാലപുഷ്പമാണു ഞാൻ. ഭൂമിയിൽ നട്ടിട്ടുള്ള പുഷ്പങ്ങളാണു് നാമെല്ലാം; ദൈവം തക്ക സമയത്തു് അവയെ അടുത്തെടുക്കുന്നു.— ചിലതിനെ മുമ്പും മറ്റുള്ളവയെക്കുറെ കഴിഞ്ഞിട്ടും..... ഒരു ദിവസത്തേക്കു മാത്രം വിടർന്ന പുഷ്പമായ ഞാനാണു് ആദ്യമായി എടുക്കപ്പെടുന്നതു്! സ്വർഗ്ഗത്തിൽ നാം വീണ്ടും കണ്ടുമുട്ടും; അവിടെ നമുക്കു ശാശ്വതമായ സൗഭാഗ്യം അനുഭവിക്കയും ചെയ്യാം.

"എന്നു് ദൈവദൂതനു തുല്യനായ രക്തസാക്ഷി തെയോഫിൻ വേനാർഡിന്റെ വാക്കുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടു് ഉണ്ണി യൗരോയുടെ ത്രേസ്യസഹോദരി."

ഹാനോയിലെ കമ്മലീത്താ മഠക്കാർ കൊച്ചുത്രേസ്യാ സഹോദരിയെ തങ്ങളിൽ ചേർക്കുന്നതിനായി പരിശ്രമിക്കയുണ്ടായല്ലോ. അവർ അത്യധികമായി വിശുദ്ധയുടെ സാന്നിദ്ധ്യം അഭിലഷിച്ചിരുന്നതിനാൽ പുണ്യവതിക്കും അങ്ങോട്ടു പോകുന്നതിനു് താല്പര്യമുണ്ടായിരുന്നു. എന്നാൽ അന്നാളിൽ തനിക്കു് ക്ഷയരോഗത്തിന്റെ ആരംഭം കണ്ടിരുന്നതുകൊണ്ടു് സുഖപ്പെടുപിക്കുന്നതിനായി തെയോഫിൻ വേനാർഡിന്റെ മാധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ടു് വിശുദ്ധ ഒരു നവനാളം നടത്തിയതായും

പുണ്യവതിയുടെ ജീവചരിത്രത്തിൽ കാണാം. ഇതിനുപുറമെ തന്റെ പ്രിയപ്പെട്ട തെയോഫിനെപ്പറ്റി സാമാന്യം ദീർഘമായ ഒരു കവിതയും വിശുദ്ധ രചിച്ചിട്ടുണ്ട്. അതിന്റെ തർജ്ജമ മി. ജോസഫ് മീനാട്ടൂരിന്റെ അനുമതിയോടുകൂടി അദ്ദേഹത്തിന്റെ പ്രേമാലാപം എന്ന പുസ്തകത്തിൽനിന്നും എടുത്തു അന്യത്ര ചേർത്തിരിക്കുന്നു.

ഇങ്ങനെ പലപ്രകാരത്തിൽ വിശുദ്ധയുടെ കീർത്തിയുടെ അംശം പാത്രീഭൂതനായ അനുഗ്രഹീതൻ തെയോഫിൻ വേനാർഡിന്റെ ജീവചരിത്രം വായിക്കണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായിട്ട് വളരെ നാളുകളായി. അമേരിക്കയിൽ ഐക്യനാടുകളിലുള്ള പ്രസിദ്ധ വിദേശ മിഷ്യനറിസംഘമായ മേരിനോൾ സഭയുടെ സ്ഥാപകരിൽ ഒരാളായ വാഴ്ത്ത് മെത്രാൻ ഈ വിശുദ്ധ സാക്ഷിയുടെ ഒരു ചരിത്രം എഴുതിയിട്ടുള്ളതിനെപ്പറ്റി പല അവസരങ്ങളിലും വായിക്കാൻ ഇടവന്നിട്ടുള്ളപ്പോഴെല്ലാം ആ ജീവചരിത്രം പാരായണം ചെയ്യണമെന്നുള്ള ആഗ്രഹം എന്നിൽ വർദ്ധിച്ചുവന്നു. എന്നുവരികിലും ആ പുസ്തകം കിട്ടി വായിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചതു ഈയിട മാത്രമാണ്. വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വയംകൃതചരിതത്തിന്റെ ഒരു ഉണക്കമാതിരിയായി ഈ വിശുദ്ധ സാക്ഷിയുടെ ജീവചരിത്രത്തെ കരുതാവുന്നതാണ്. ഈ പുസ്തകത്തെക്കുറിച്ച് രണ്ടു വൈദികമേലദ്ധ്യക്ഷന്മാർ പറഞ്ഞിരിക്കുന്ന അഭിപ്രായം ശ്രദ്ധേയമാണ്. ന്യൂയോർക്കിലെ മെത്രാപ്പോലീത്തായായിരുന്ന കർദിനാൾ ഫാർലി പറയുന്നു: " I think it is the most fasinating book I have read in a long time. I can hardly put it out of my hands. I have instructed the President of our Cathedral College to place a copy in the hands of each of our *petits seminaristes*, and I feel convinced that no better book could be given them for their spiritual reading " (അനേകം നാളുകൾക്കുള്ളിൽ ഞാൻ വായിച്ചിട്ടുള്ളതിൽ ഏറ്റവും ആകർഷണീയമായ പുസ്തകം ഇതാണെന്ന് എനിക്ക് തോന്നുന്നു. ഈ പുസ്തകം കൈയിൽ

നിന്നും താഴെ വയ്ക്കാൻ മനസ്സു വരുന്നില്ല. പൊറിഞ്ചെമ്മിനായി യാചിച്ചു ഓരോരുത്തർക്കും യൂദാസിന്റെ ഓരോ പ്രതി കൊടുക്കുന്നതി നായിട്ടു നമ്മുടെ കത്തീഡ്രൽ കോളജിന്റെ പ്രസിഡൻറിനോടു ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ ജ്ഞാനവായനക്കായി ഇതിൽ കൂടുതൽ പ്രയോജനകരമായ പുസ്തകം കൊടുക്കാനില്ലെന്ന എനിക്കു ബോദ്ധ്യമായിരിക്കുന്നു.) ഇംഗ്ലണ്ടിൽ മാഞ്ചസ്റ്റിലെ മെത്രാനായിരുന്ന കസർട്ടലി എന്നു ദേഹം പറയുന്നതിപ്രകാര മാണു. "It is one of the few books that I have wept over in reading" (വായിക്കുമ്പോൾ ഞാൻ കണ്ണുനീർ പൊഴിക്കേണ്ടി വന്നിട്ടുള്ള ചുരുക്കം ചില പുസ്തകങ്ങളിൽ ഒന്നാണിതു). ഈ പുസ്തകപാരായണംമൂലം വൈദികനാകുന്നതിനും മിഷ്യനറിയാ കുന്നതിനും പ്രചോദനം ലഭിച്ചിട്ടുള്ളവർ കുറയ്ക്കില്ല. നമ്മുടെ കത്തോലിക്കാ ഹൈസ്കൂളുകളിലും കോളജുകളിലും ഉള്ള ഗ്രന്ഥ ശാലകളിൽ വാൽഷ് മെത്രാൻ എഴുതിയിട്ടുള്ള ജീവചരിത്രത്തി ന്റെ പ്രതികൾ ചുരുങ്ങിയതു അമ്പതെങ്കിലും ശേഖ രിച്ചു കത്തോലിക്കാ വിദ്യാർത്ഥികളായ എല്ലാവരെയും കൊണ്ടു ഈ പുസ്തകം ഒരാവർത്തിയെങ്കിലും വായിപ്പിക്കേണ്ടതാവശ്യമാണെന്നു തോന്നുന്നു. ഒരാവർത്തി വായിച്ചാൽ പലരും അതു വീണ്ടും വായി ക്കാതിരിക്കയില്ല.

ഈ പുസ്തകത്തിന്റെ മലയാള തർജ്ജമ പ്രസിദ്ധീകരിച്ചു കണ്ടാൽകൊള്ളാമെന്നുള്ള ആഗ്രഹത്തിനു ഞാനുവേണ്ട അനുവാ ദത്തിനായി ഞാൻ മേലധികാരികളോടു എഴുതിച്ചോദി ക്കുകയും അവർ സസന്തോഷം അനുമതി നൽകുകയും ചെയ്തു. എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ ഇംഗ്ലീഷ് പുസ്തകത്തിന്റെ ശരിയായ തർജ്ജമ പ്രസിദ്ധം ചെയ്യുകയാണെങ്കിൽ ഓരോ പ്രതിക്കും മൂന്നു രൂപയെങ്കിലും വില വെക്കേണ്ടതായിവരും. ഇത്ര വിലകൊടുത്തു പുസ്തകങ്ങൾ വാങ്ങുന്നവർ നമ്മുടെയിടയിൽ വളരെ കുറവായിരിക്കുമെന്നു കരുതി ആ ജീവചരിത്രം സംക്ഷേ പമായി വിവർത്തനം ചെയ്തു. പെരുമ്പിലാവിൽ അവർകളെക്കൊണ്ടു

എഴുതിച്ചു ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ ചെറു പുസ്തകംമൂലം കേരളീയരെ പുതിയ കെട്സാക്ഷിയുമായി ഒന്നു പരിചയപ്പെടുത്തണമെന്നേ ഉദ്ദേശമുള്ളൂ. ഇംഗ്ലീഷ് ഭാഷ നിശ്ചയമുള്ളവർ വായിക്കുവാൻ എഴുതിയ പുസ്തകംതന്നെ വായിക്കേണ്ടതാണ് കടലാസിന്റെ വില കൂറയുമ്പോൾ ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ ശരിയായ തർജ്ജമതന്നെ പ്രസിദ്ധപ്പെടുത്തണമെന്ന് ഈ ചെറുപുസ്തകത്തിന്റെ പ്രസാധകന്മാർക്കു ആഗ്രഹമുണ്ട്.

ഫ്രാൻസിലെ വിദേശമിഷ്യനറിസംഘത്തിലെ ഒരു അംഗമായിരുന്ന നമ്മുടെ കഥാനായകൻ. ആ സഭക്കാർ അയച്ചുതന്ന ചില ഫോട്ടോകളിൽ നിന്നുമാണ് ഇതിൽ കാണുന്ന ചിത്രങ്ങളുടെ ബ്ലോക്കുകൾ ഉണ്ടാക്കിയിട്ടുള്ളത്.

തിരുവനന്തപുരം
1947 ഒക്ടോബർ 3

ജോസഫ് തളിയത്ത്

ഒരു പുതിയ രഹസ്യസാക്ഷി

(അ: തെയോഫിൻ വേനാർഡ്)

ജനനവും ബാല്യകാലവും

ഫ്രാൻസ് രാജ്യത്തിന്റെ മദ്ധ്യത്തിൽനിന്നും ഏകദേശം എൺപതുമൈൽ പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന ഒരു പ്രധാന പട്ടണമാണ് പോയിറ്റിയേഴസ്. പോയറ്റിയേഴസ് രൂപതയിൽപ്പെട്ട സെൻറ് ലൂപ്പ് എന്ന ചെറിയ നഗരത്തിൽ 1829ാം മാണ്ടു നവമ്പർമാസം 21ാംതീയതി തെയോഫിൻ വേനാർഡ് ജനിച്ചു. തെയോഫിന്റെ പിതാവ് ജീൻ വേനാർഡും മാതാവ് മേരി ഗേബറേറും ആയിരുന്നു. ജീൻ വേനാർഡ് വളരെക്കാലം അദ്ധ്യാപകവൃത്തിയിൽ കഴിച്ചുകൂട്ടിയ ഒരു മാന്യനാണ്. ത്യാഗസന്നദ്ധതയും കൃത്യനിഷ്ഠയും പൊതുക്കാര്യതൽപരതയുംകൊണ്ടു പൊതുജന നേതാവായിത്തീർന്ന പിതാവിന്റെയും, സംസ്കാരസമ്പന്നയും ഗുണവതിയുമായിരുന്ന മാതാവിന്റെയും സംരക്ഷണയിൽ വളർന്ന ഒരു ശിശുവിന്റെ ഭാവി ശോഭനമായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. തെയോഫിനെക്കൂടാതെ ഹെൻട്രി, എവുസേബിയസ് എന്നീ മറ്റു രണ്ടു പുത്രന്മാരും, മെലാനി എന്നൊരു പുത്രിയും ആ മാതാപിതാക്കൾക്കു ശേഷിച്ചിരുന്നു.

സമീപത്തുള്ള കന്യകളിൽ ആട്ടിടയനായുള്ള ജോലിയിലാണ് ബാലനായ തെയോഫിൻ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ ഉപരിവിദ്യാഭ്യാസത്തിനു പുത്രൻ അതിലാഷം പ്രദർശിപ്പിച്ചതുകൊണ്ട് പിതാവ് അവനെ ഇടവകവികാരിയുടെ കീഴിൽ ഏതാനും കൊല്ലം ലത്തീൻഭാഷ അഭ്യസിപ്പിച്ചു. ലത്തീൻ പഠനത്തോടുകൂടി കൂട്ടിയുടെ ബുദ്ധിസാമർത്ഥ്യം പ്രത്യക്ഷപ്പെടുകയാൽ ജീൻ വേനാർഡ്

മകനെ അടുത്തുള്ള ഒരു സ്കൂളിലേക്കയച്ചു. സദാ പ്രസാദവാനായിരുന്ന തെയോഫിൻ എല്ലാവരുടേയും കണ്ണിലുണ്ണിയും സതീർത്ഥ്യർക്ക് ഉത്തമമാതൃകയുമായി അവിടെ ശോഭിച്ചു.

ബാല്യം മുതല്ക്കേ വേനാർഡ് മതകാര്യങ്ങളിൽ പ്രത്യേകം പ്രതിപത്തിയുള്ളവനായിരുന്നു. മിഷ്യനറിമാരുടെ ജീവചരിത്രം വായിക്കുന്നതിൽ കൊച്ചു വേനാർഡിനുണ്ടായിരുന്ന താൽപര്യം അസാമാന്യമെന്നേ പറയേണ്ടൂ. ജീവചരിത്രം വായിക്കുകമാത്രമല്ല അയാൾ ചെയ്തിരുന്നത്. ആ മിഷ്യനറിമാരുടെ ജീവിതരീതി അനുകരിക്കുവാൻ ശ്രമിക്കയും, അവരെ അനുഗമിക്കുവാൻ അത്യധികമായി ആഗ്രഹിക്കയുംകൂടി ചെയ്തു.

അക്കാലങ്ങളിൽത്തന്നെ, മേവിയെക്കുറിച്ചുള്ള അവ്യക്തമായ ഒരു ബോധം തെയോഫിന് ഉണ്ടായിത്തുടങ്ങിയിരുന്നു. ഒരിക്കൽ അവധിക്കു വീട്ടിലേക്കു പോയി താമസിച്ചിട്ടു തിരിയെ സ്കൂളിലേക്കു പോയ ബാലന്റെ മുഖം ഗ്ലാനമായികാണപ്പെട്ടു. തന്റെ പ്രിയ മാതാവ് താമസിയാതെ കാലധർമ്മം പ്രാപിക്കുമെന്നു മുൻകൂട്ടി മനസ്സിൽ നിഴലിച്ചതായിരുന്നു കാരണം. ഏതാണ്ടു മാസത്തിനകം അയ്യോ സംഭവിക്കുകയുംചെയ്തു.

അമ്മയുടെ മരണശേഷം തെയോഫിനും സഹോദരി മെലാനിയും തമ്മിലുള്ള നിർമ്മലസ്നേഹബന്ധത്തിനു മാറ്റുകൂടി. കളങ്കമറ്റ സഹോദരബന്ധത്തിന് ഇവരുടെ ജീവിതം ഉത്തമമാതൃകയായിത്തന്നെ പ്രശോഭിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ ഒടുവിൽ ചേർത്തിരിക്കുന്ന വേനാർഡിന്റെ കുത്തുകളിൽ ചിലതു വായിച്ചുനോക്കിയാൽ ഈ വസ്തുത വെളിപ്പെട്ടുകിട്ടുന്നതാണ്. തെയോഫിൻ വേനാർഡിന്റെ കുത്തുകളിൽ പലതും ഇന്നു ഭക്തിപൂർവം സൂക്ഷിക്കപ്പെട്ടുപോരുന്നുണ്ട്.

പതിനെട്ടു വയസ്സായപ്പോൾ ജീവിതചര്യാർത്ഥം തിരിഞ്ഞെടുക്കേണ്ട തൊഴിൽ തെയോഫിന് നേരിട്ടു. പിശാചു പലപ്രലോഭനങ്ങൾകൊണ്ടും വശംവദനാക്കാൻ ശ്രമിച്ചെങ്കിലും, പരിശുദ്ധകന്യകയുടെ അനുഗ്രഹവും മെലാനിയുടെ പ്രാർത്ഥനയുംമൂലം

അവയിൽ നിന്നെല്ലാം അയാളെ രക്ഷ നേടി. മെലാനിയും താൻ ആഗ്രഹിച്ചിരുന്ന കന്യകാപദപ്രാപ്തിക്ക് സഹോദരന്റെ ഉപദേശവും ആനുകൂല്യവും സമ്പാദിച്ചു.

വേനാർഡ് ആറുവർഷം ഡൂവേസ്സുളിൽ കഴിച്ചുകൂട്ടി. എല്ലാ ക്ലാസ്സുകളിലും ഒന്നാംസമ്മാനം നേടിയ ആ കുശാഗ്രബുദ്ധിയായ ഒരു ശോഭനമായ ഭാവി അക്കാലത്തുതന്നെ തെളിഞ്ഞിരുന്നു. ഒരു വൈദികനായാലും പോരാ മിഷ്യനറിയാകണമെന്നുള്ള ആശ ആ യുവ വിദ്യാർത്ഥിയിൽ കൂടെ കൂടിഞ്ഞൊഴുകി. പ്രാഥമികപഠനം പൂർത്തിയാക്കിയശേഷം, ആ ആഗ്രഹം സാധിക്കുന്നതിനുള്ള അഭിസ്ഥാനമായി 1847 ഒക്ടോബർ മാസത്തിൽ തെയോഫിൽ മോങ്ങ്മോറിലോൺ എന്ന പ്രാരംഭ സെമ്മിനാരിയിൽ ചേർന്നു.

സെമ്മിനാരി ജീവിതം

പ്രാരംഭപഠനം കഴിഞ്ഞ ശേഷം അധികാരികൾ വേനാർഡിനെ പോയിറിയേഴ്സിലുള്ള വലിയ സെമ്മിനാരിയിലേക്കയച്ചു. അവിടെയും ഒന്നാം സമ്മാനാർഹൻ മറ്റാരുമായിരുന്നില്ല. ഏകാന്തതയിലുള്ള അഭിനിവേശം അയാളിൽ അടിക്കടി വർദ്ധിച്ചുവന്നു. സംതോഷണം അമിതമായിപ്പോകാതിരിക്കാൻ അയാൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വന്തം കൃത്യം കണിശമായി നിർവഹിക്കുന്ന വിഷയത്തിൽ വേനാർഡിനെപ്പോലെ അധികംപേരുണ്ടായിരുന്നില്ല.

ആസ്ഥാപ്പാട്ടം പട്ടം സ്വീകരിക്കുന്നതിനുള്ള സമയം അടുത്തുവന്നപ്പോൾ തെയോഫനുണ്ടായ ആനന്ദം അപരിമിതമായിരുന്നു. വീട്ടിലേക്കയച്ച ഒരെഴുത്തിൽനിന്ന് അതിന്റെ ഏകദേശരൂപം നമുക്കു മനസ്സിലാക്കാം. പക്ഷേ, അയാളെ അല്ല

കാലത്തേക്കെങ്കിലും നിരാശപ്പെട്ടത്തണമെന്നാണ് ദൈവം നിശ്ചയിച്ചത്. പോയിറിറിയേഴ്സിലെ മെത്രാന്റെ പരമം മൂലം, വൈദികവിദ്യാർത്ഥികൾക്കു പട്ടം കൊടുക്കുന്ന തീയതി മാറ്റിവയ്ക്കേണ്ടി വന്നു.

അവധിസമയത്തു് വീട്ടിലെത്തിയാൽ അനുഷ്ഠിക്കേണ്ട ദിനചര്യകളെയെല്ലാം പട്ടികയായി എഴുതിത്തയാറാക്കി. ആ വൈദികവിദ്യാർത്ഥി അവയെല്ലാം മാതൃകാപരമായി പ്രയോഗത്തിൽ വരുത്തിയിരുന്നു. ആ പട്ടികയും അദ്ദേഹത്തിന്റെ കത്തുകളുടെ കൂട്ടത്തിൽ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

അഞ്ചാംപട്ടം സ്വീകരിച്ചശേഷം ആ ത്യാഗിവര്യൻ ഡയറക്ടർ അവർകളെ സമീപിച്ചു് മിഷ്യനറിയായി ജീവിതം നയിക്കുന്നതിനു് അനുവാദംവാങ്ങി കൊടുക്കണമെന്നാപേക്ഷിച്ചു. അതനുസരിച്ചു് ഡയറക്ടർ പാരിസിലെ വിദേശമിഷ്യൻ സെമ്മിനാരി റെക്ടർക്കു് എഴുതി അനുവാദം വാങ്ങിക്കുകയും ചെയ്തു.

പാരീസിൽ നിന്നും അനുവാദം ലഭിച്ചതിൽ തെയോഫാൻ അത്യധികം സന്തുഷ്ടനായിത്തീർന്നു. വിദൂരദേശങ്ങളിൽ പോയി അജ്ഞാനാന്ധകാരത്തിലാണ്ടുകിടക്കുന്നവർക്കു് ജ്ഞാനപ്രകാശം ചെയ്യുന്നതെങ്ങനെയെന്നു് സദാ ചിന്തിച്ചു് അതിലേക്കു് ഉത്സാഹം ചെയ്യാനാരംഭിച്ചു. വിവരം പിതാവിനെ അറിയിക്കുന്നതിനായി പിതൃഭക്തനായ പുത്രൻ എഴുതിഅയച്ചു. ആ എഴുത്തു് അതുടെയും ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നാണു്. വിവരമറിഞ്ഞു് പിതാവും മറ്റു കുടുംബാംഗങ്ങളും വളരെ സങ്കടപ്പെട്ടു എങ്കിലും പുത്രന്റെ അഭിലാഷത്തിനു് പിതാവു് അനുകൂലമായ മറുപടി അയയ്ക്കുകയാണുണ്ടായതു്.

പിതാവിന്റെ മറുപടികണ്ടു സന്തോഷത്തോടുകൂടി തെയോഫാൻ 1857 ഫെബ്രുവരി 15ാം തീയതി സ്വദേശത്തിലേക്കു പുറപ്പെട്ടു. സഹോദരന്മാരായ ഹെൻട്രി, എവുസേബിയസ് എന്നിവരോടുകൂടിയാണു് നമ്മുടെ കഥാനായകൻ വീട്ടിലെത്തി

യത്. വിദേശമിഷ്യൻ സെമ്മിനാരിയിൽ ചേരുന്നതിനുമുൻ ഏതാനുംദിവസം സ്വഗൃഹത്തിൽ കഴിച്ചുകൂട്ടി. തന്റെ കടുംബാംഗങ്ങളുടെ സങ്കടംതീർത്ത് അവരെ ആശ്വസിപ്പിക്കുന്നതിനായി, തന്റെ മനസ്സിലെ വൈഷമ്യം അടക്കിക്കൊണ്ട്, അയാൾ ആവുംവിധം പരിശ്രമിച്ചു അനന്തരം ഫെബ്രുവരി 26-ാം തീയതി എല്ലാവരോടും യാത്രപറഞ്ഞുകൊണ്ട് മിഷ്യൻ സെമ്മിനാരിയിൽ ചേരുന്നതിനായി തെയോഫിൻ പാരിസിലേക്കു പുറപ്പെട്ടു.

മൂന്നുദിവസം കഴിഞ്ഞപ്പോൾ അയാൾ സെമ്മിനാരിയിൽ ചെന്നുചേർന്നു. ആത്മാക്കളെ ഉദ്ധരിക്കുന്നതിനുള്ള അത്യധികമായ ആശാനിമിത്തം നമ്മുടെ കഥാനായകന്റെ മിഷ്യൻ സെമ്മിനാരി ജീവിതം മുമ്പിലത്തെക്കാൾ ഉത്സാഹപൂർണ്ണമായിരുന്നു. മറ്റു വൈദികവിദ്യാർത്ഥികളുടെ സ്നേഹത്തിനും പ്രശംസയ്ക്കും അദ്ദേഹം പാത്രമായി. പുണ്യസമ്പാദനത്തിലുള്ള തെയോഫിന്റെ അഭിവൃദ്ധിയും അസാധാരണമായിരുന്നു.

പാരിസിലെ പരിശുദ്ധാത്മാവും അവിടെ കുടിയേടിയിരുന്നവരിശുദ്ധാത്മാക്കളും അദ്ദേഹത്തിനു തീരെ തൃപ്തിയില്ല അദ്ദേഹം സ്വഗൃഹത്തിലേക്കയച്ച കത്തുകളിൽ ആ നിരാശം പ്രത്യേകം പ്രകടമാക്കിയിട്ടുണ്ട്.

തെയോഫിൻ പുരോഹിതപദവിയിലേക്കുയർത്തപ്പെടുവാനുള്ള സമയം ആസന്നമായതോടൊന്നിച്ച് അദ്ദേഹത്തിന്റെ ഭക്തിയും വർദ്ധിച്ചുവന്നു. പാരീസ് വിദേശമിഷ്യൻ ആശ്രമത്തിലെ പൂന്തോട്ടത്തിന്റെ ഒരു ഭാഗത്ത് ഒരു പ്രാർത്ഥനാലയം സ്ഥിതി ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾ ചില പ്രത്യേകാവസരങ്ങളിൽ അവിടെ സമ്മേളിച്ച് പരിശുദ്ധകന്യകയുടെ ബഹുമാനാർത്ഥം കീർത്തനങ്ങൾ പാടും അനന്തരം, "രക്തസാക്ഷികളുടെ ശാല" എന്നു വിളിക്കപ്പെടുന്ന വിശാലമായ ഒരു മുറിയിൽ പ്രവേശിക്കും. അവിടെയാണ് രക്തസാക്ഷികളുടെ തിരുശേഷിപ്പുകളും, അവരെ

ഉപദ്രവിക്കാനുപയോഗിച്ച ഉപകരണങ്ങളും, അവർ രക്തസാക്ഷിമുടിച്ചുന്നതിനെ സൂചിപ്പിക്കുന്ന ചിത്രങ്ങളും സ്ഥാപിച്ചിരിക്കുന്നു. എല്ലാവരും അവിടെ അല്പനേരം മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കയും, ഒടുവിൽ ബോറിയെ മെത്രാന്റെ രക്തംപുരണ്ട കുരിശിനെ ചുംബിക്കയും പതിവായിരുന്നു. തെയോഫിനാകട്ടെ സൗകര്യം കിട്ടുമ്പോഴെല്ലാം അവിടെപ്പോയി പ്രാർത്ഥിച്ചിരുന്നു.

ഗുരുപ്പട്ടസ്വീകരണം

ആ യുവാവിന്റെ ഗുണവിശേഷങ്ങളും മനസ്സിലാക്കിയിരുന്ന ശ്രേഷ്ഠന്മാർ, ഇരുപത്തിരണ്ടുവയസ്സുതികയാത്ത വേനാർഡിനു ഗുരുപട്ടം നല്കാൻതന്നെ തീർച്ചപ്പെടുത്തി. ജൂൺമാസം 5-ാം തീയതി അദ്ദേഹം ഗുരുപട്ടം സ്വീകരിക്കുകയും, പിറേദിവസം, ത്രിത്വത്തിന്റെ ഞായറാഴ്ച, നവപൂജ അർപ്പിക്കുകയും ചെയ്തു. വളരെക്കാലമായി ആ ത്യാഗിവര്യനിൽ കുടികൊണ്ടിരുന്ന ഒരു ആശ അങ്ങനെ സഫലമായി.

തെയോഫിൻ വൈദികനായ ശേഷം, സ്വകുടുംബാംഗങ്ങൾക്കുവേണ്ടി ദിവ്യപൂജയിൽ പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. മാത്രമല്ല, അവർക്ക് ഓരോരുത്തർക്കും വേണ്ടി ദിവ്യപൂജ അർപ്പിക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധ പ്രദർശിപ്പിച്ചുവന്നു. വിശുദ്ധ എവുസേബിയസിന്റെ തിരുനാൾ ദിവസമായ ആഗസ്റ്റ് 1-ാം തീയതി, തന്റെ സഹോദരനായ എവുസേബിയസിനുവേണ്ടി ദിവ്യപൂജ അർപ്പിക്കുന്നതാണെന്ന് ഫാദർ തെയോഫിൻ എഴുതിയയച്ചിരുന്നു. എങ്കിലും, ആഗസ്റ്റ് 2-ാം തീയതി മാത്രമേ ആ ഉദ്ദേശ്യം നിറവേറിയുള്ളൂ. അത് ഒരു ദിവ്യശക്തിയുടെ പ്രേരണമൂലമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കാരണം രണ്ടാംതീയതി അപ്രതീക്ഷിതമായി അകാലമരണത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നതിനു

എവുസേബിയസിനു ഭാഗ്യമുണ്ടായി. എവുസേബിയസ് പഠിച്ചിരുന്ന മോണ്ടമോറിലോൺ കോളേജിനു് ആഗസ്റ്റ് 2-ാം തീയതി ഇടി വെട്ടുകയും, എവുസേബിയസ് ബോധംകെട്ടു നിലംപതിക്കുകയും ചെയ്തു. ഇടിവെട്ടേറ്റു ആ ബാലൻ മരിച്ചുപോയിരിക്കുമെന്നു് എല്ലാവരും വിചാരിച്ചെങ്കിലും ദൈവഗത്യാ അല്പസമയം കഴിഞ്ഞു് കണ്ണിക്കു ബോധം വീഴുകയും വൈദ്യസഹായം കൂടാതെ സുഖം പ്രാപിക്കയുമാണുണ്ടായതു്. കൂടുതൽ ആപത്തൊന്നും സംഭവിക്കാതിരുന്നതു്, അന്നേദിവസം തന്റെ സഹോദരൻ തനിക്കുവേണ്ടി ദിവ്യബലി അർപ്പിച്ചതിനാലാണെന്നു് എവുസേബിയസ് കൂടെക്കൂടെ പറയാറുണ്ടായിരുന്നു.

ഫാദർ തെയോഫിന്റെ മറ്റൊരു അഭിവാഞ്ഛ, വേദപ്രചരണാർത്ഥം വിദേശങ്ങളിലേക്കു പോകണമെന്നുള്ള അഭിലാഷം, സാധിക്കുന്നതിനും കാലതാമസമുണ്ടായില്ല. ഗ്രൂപ്പുട്ട സ്ഥീകരണത്തിന്റെ മൂന്നാം ദിവസം തന്നെ, വിദേശയാത്രയ്ക്കുള്ള അനുമതിയും ലഭിച്ചു. എങ്കിലും മൂന്നുമാസം കഴിഞ്ഞാണു് പുറപ്പെടാൻ സാധിച്ചതു്

സെപ്റ്റംബർ 19-ാം തിയതിയായിരുന്നു യാത്രയ്ക്കു നിശ്ചയിച്ച ദിവസം. അന്നു തെയോഫിൻ തന്റെ ഗൃഹത്തിലുള്ളവർക്കു ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം കത്തുകളെഴുതി. അതിൽ പ്രധാനപ്പെട്ടതു പിതാവിനെഴുതിയ കത്താണു്.

യാത്രതിരിക്കുന്നതിനു മുമ്പായി, യാത്രാസന്ദർഭങ്ങളിലെ പതിവനുസരിച്ചു്, യുവമിഷ്യനറിമാരെല്ലാം സന്ധ്യാനമസ്കാരം കഴിഞ്ഞു കപ്പേളയിൽ സമ്മേളിച്ചു. യാത്രപറച്ചിൽ സംബന്ധിച്ച ചടങ്ങുകളും ഓരോന്നായി നിർവഹിക്കപ്പെട്ടു. അവിടെ കൂടിയിരുന്നവർ ഓരോരുത്തരായി വന്നു യുവമിഷ്യനറിമാരുടെ പാദങ്ങളും ചുംബിച്ചു യാത്രപറഞ്ഞുതുടങ്ങി. കൂട്ടത്തിൽ തെയോഫിന്റെ ബന്ധുക്കളും മാത്രം ഉണ്ടായിരുന്നില്ല. എന്നാൽ ഇതിനിടയിൽ അസാധാരണവും ഹൃദയസ്പർശകവുമായ ഒരു സംഭവമുണ്ടായി. ജനസമൂഹത്തിനിടയിൽ നിന്നു് ഒരു വൃദ്ധൻ അന്യ

രുടെ സഹായത്തോടുകൂടി മുമ്പോട്ടുവന്നു. മറവു മിഷ്യനറിമാരുടെ പാദങ്ങളും മുഖവിച്ചുശേഷം അഞ്ചാമത്തെയാളിന്റെ സമീപത്തെത്തി. പിതൃപുത്രനയനങ്ങളും തമ്മിലിടഞ്ഞു. കണ്ണിറുമ്മിക്കൊണ്ട് അപ്പൻ മകന്റെ പാദങ്ങളും മുഖവിച്ചു വികാരഭരിതനായിത്തീർന്നു വേനാർഡ് ഒരു വിധത്തിൽ അപ്പനെ പിടിച്ചെഴുന്നേല്പിച്ചു കാണികളും അമ്പരന്നുനിന്നു. മിഷ്യനറിമാർ യാത്രപറഞ്ഞു പിരിയുകയും ചെയ്തു.

വിദേശയാത്ര


ഫാദർ വേനാർഡും കൂട്ടരും ആന്റവെപ്പിൽനിന്നും കപ്പൽ കയറി. ചൈനയിലേക്കായിരുന്നു യാത്ര. ജന്മദേശത്തിന്റെ യാത്രാസംബന്ധമായ വിവരങ്ങളും യഥാകാലം അയച്ചു കൊണ്ടുകളിൽ നിന്നു വിശദമാകുന്നുണ്ട്.

ഫാദർ ഡാല്യറും ഫാദർ തെവുറലും ഫാദർ തെയേഫിനോടൊന്നിച്ച് പാരീസിലെ വിദേശമിഷ്യൻ സെമ്മിയാരിയിൽ പഠിച്ചിരുന്നവരായിരുന്നു. വേനാർഡിന്റെ സ്നേഹിതന്മാരിൽ പ്രധാനികളാണ് അവർ രണ്ടുപേരും. കൂടക്കൂടെ അവർ തമ്മിൽ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. ഫാദർ ഡാല്യറു ഇൻഡ്യയിലേക്കും, ഫാദർ തെവുറൽ ചൈനയിലേക്കുമാണ് പോയത്. അനന്തരകാലങ്ങളിൽ അക്രാന്തസിലെ മെത്രാനായിത്തീർന്ന ഫാദർ തെവുറലും, ഫാദർ തെയേഫിനും കൂട്ടരും ചൈനയിലുള്ള ഹോങ്കോങ്ങിലെത്തി. വേനാർഡ് പതിനഞ്ച് മാസത്തോളം അവിടെ താമസിക്കയും, ആ സമയംകൊണ്ട് ഏറ്റവും വിഷമമേറിയ ചീനരുടെ ഭാഷ വശമാക്കുന്നതിനായി പരിശ്രമിക്കയും ചെയ്തു.

ഫാദർ തെയോഫിനോടൊന്നിച്ച് ഏതാണ്ട് ആഴ്ചകളോളം താമസിച്ചശേഷം, ഫാദർ തെവുറൽ, ഫ്രഞ്ച് ഇൻഡോ-ചൈന



അ. തെയോഫിൻ വേനാർഡ്. (സാക്ഷാൽ ഫോട്ടോയിൽ നിന്നു)



ഫ്രഞ്ച് വിദേശമിഷ്യൻ സെമിനാരിയിലെ ചാപ്പൽ.

യിലെ ഒരു പ്രധാന പ്രവിശ്യയായ ടോങ്കിങ്ങിലേക്കു തിരിച്ചു. അവർ തമ്മിലുണ്ടായ വേർപാട് തെയോഫിനു അത്യധികം ദുസ്സഹമായിരുന്നു.

തെയോഫിന്റെ പൂർവ്വസ്നേഹിതന്മാരിൽ പലരും ഹോങ്കോങ്ങിൽ വന്നുചേർന്നു. അവരോടൊത്തിരുന്നു താമസിക്കുമ്പോൾ, വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാമത്തിൽ പുതുതായി ആരംഭിച്ച ഒരു കോളേജിൽ തത്വശാസ്ത്രം പഠിപ്പിക്കുന്നതിനായി കോളേജ് അധികൃതനായ ഫാദർ ജില്ലെമിൻ നമ്മുടെ യുവമിഷ്യനറിയെ ക്ഷണിച്ചു. അദ്ദേഹം ആ ക്ഷണം സസന്തോഷം സ്വീകരിച്ചു. പിന്നീടാലത്തു മെത്രാനായി വാഴിക്കപ്പെട്ട ഫാദർ ജില്ലെമിൻ, ചോയിറിയേഴ്സിലെ സെമിനാരി സന്ദർശിച്ച അവസരത്തിൽ, എവുസേബിയസിനോടു്, സ്വസഹോദരനെപ്പറ്റി പ്രസ്താവിച്ച സംഗതികളും പ്രത്യേകം ശ്രദ്ധാർഹമാണു്. തെയോഫിന്റെ ഭക്തിതീക്ഷ്ണത, നിർമ്മലവും നിഷ്കപടവുമായ പെരുമാറ്റം, അസാമാന്യമായ ബുദ്ധിശക്തി മുതലായവയെക്കുറിച്ചു് അദ്ദേഹം വിവരിച്ചു കേൾപ്പിച്ചു. തന്നെ കാൻറൺ മിഷ്യന്റെ സുപ്പീരിയറായി നിയമിച്ച അവസരത്തിൽ നടന്ന അനുമോദനസമ്മേളനത്തിൽ, ഭാവിയിൽ തനിക്കു ലഭിക്കുവാനിരുന്ന മെത്രാൻപദത്തെ സൂചിപ്പിക്കുമാറു്, തെയോഫിൻ നിർമ്മിച്ച ഒരു മൂവടിയും മുടിയും തനിക്കു സമ്മാനിച്ചതും മെത്രാൻ പ്രത്യേകം എടുത്തു പറയുകയുണ്ടായി.

ടോങ്കിങ്ങിലെ മിഷ്യനറി

1854 ഫെബ്രുവരി മാസത്തിൽ ടോങ്കിങ്ങിലേക്കു പോകുവാനുള്ള അനുമതി നമ്മുടെ കഥാനായകനു ലഭിച്ചു. താൻ വളരെ നാളുകളായി ആശിച്ചിരുന്നകാര്യം സഫലമായതിൽ അദ്ദേഹത്തിനുണ്ടായ കൃതാർത്ഥത പറഞ്ഞറിയിക്കാൻ പ്രയാസം.

ക്രിസ്തുസാക്ഷിയായി മരിക്കുന്നതിനു അദ്ദേഹത്തിൽ കത്തി ജ്വലിച്ചിരുന്ന ആഗ്രഹം അവർണ്ണനീയമായിരുന്നു. ടോങ്കിങ്ങിലേക്കു പുറപ്പെടുന്നതിനു മുമ്പായി തന്റെ കൂട്ടുബാംഗങ്ങൾക്കയച്ച കത്തു് വായിച്ചുനോക്കിയാൽ ആ ആഗ്രഹത്തിന്റെ ഏകദേശം ഗ്രഹിക്കുവുന്നതാണു്.

1854 മേയ് 26-ാംതിയതി ഹോങ്കോങ്ങിനടുത്തുള്ള പോർട്ടുഗീസ് ദ്വീപായ മെക്കാവോയിലിറങ്ങി ഒരാഴ്ചയോളം താമസിച്ചശേഷം വീണ്ടും ടോങ്കിങ്ങിലേക്കു യാത്ര തുടർന്നു. ജൂലായിമാസം 18-ാംതീയതി മിഷ്യൻ കേന്ദ്രത്തിൽ എത്തിച്ചേർന്നു. അവിടെവച്ചു് തന്റെ ഉറ്റമിത്രമായ ഫാദർ തെവുറലിനെ കാണുകയും ഒരു മാസത്തോളം ഒരുമിച്ചു താമസിക്കുകയുംചെയ്തു. ഫാദർ തെവുറൽ ഫാദർ ഡാല്ലറിന്റെ പേക്കിംഗിലെ ഒരു കത്തിയ, അതീക്ഷ്ണതയും അത്ഭുതകരവുമായ ഒരു ക്രൂശിക്കപ്പെട്ടയാണിതെന്നു് ഇതിനെ വർണ്ണിച്ചിരിക്കുന്നു.

റിട്ടാർഡ് മെത്രാന്റെ കീഴിലാണു് ഫാദർ തെയോഫിനും കൂട്ടരും പ്രവർത്തനം നടത്തേണ്ടിയിരുന്നതു്. ആ മെത്രാൻ, നാട്ടുകാരായ വൈദികവിദ്യാർത്ഥികൾക്കായി ഒരു സെമ്മിനാരി സ്ഥാപിച്ചു നടത്തിവരികയായിരുന്നു. വിൻടി എന്ന സ്ഥലത്തു ബിഷപ്പു് റിട്ടാർഡിന്റെകൂടെ കുറേനാൾ താമസിച്ചശേഷം കിഡോൺ ഗ്രാമത്തിലുള്ള ഒരു വിദ്യാലയത്തിൽ അനാമൈറ്റ് ഭാഷ പഠിക്കുന്നതിനായി തെയോഫിൻ യാത്രയായി. ടോങ്കിങ്ങിലെത്തുംമുമ്പേ തന്നെ, അദ്ദേഹത്തിനു് ശ്വാസകോശസംബന്ധമായ ചില രോഗങ്ങൾ കലശലായി ബാധിച്ചിരുന്നു. ഫ്രെഞ്ചിലെ ഡാക്ടറന്മാർ വളരെ പരിശ്രമിച്ചിട്ടും ഭേദമാകാതിരുന്ന ആ രോഗം തിരുഹൃദയനവനാൾവഴിയായി നിശ്ശേഷം വിട്ടുമാറുകയാണുണ്ടായതു്. ആ വിവരം 1858 മാർച്ചു മാസത്തിൽ അപ്പനു് അയച്ച എഴുത്തിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്.

പതിനെട്ടാം നൂറ്റാണ്ടിൽ ടോങ്കിങ്ങിൽ ആരംഭിച്ച മത മർദ്ദനം മുടങ്ങിയും, വീണ്ടും തുടങ്ങിയും 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യദശവരെ നീണ്ടുനിന്നു. എന്നാൽ രക്തസാക്ഷികളുടെ നിർമ്മലരക്തം കൊണ്ടു നനച്ച കത്തോലിക്കാ സഭാവൃക്ഷം തഴച്ചു പടർന്നുവരികയാണുണ്ടായത്. നമ്മുടെ കഥാപുരുഷൻ ടോങ്കിങ്ങിലെത്തിയത് ഒരു കൊടുങ്കാറ്റിനുശേഷമുണ്ടായ പ്രശാന്തതയുടെ ഘട്ടത്തിലായിരുന്നു.

മതപീഡനം

അധികം താമസിയാതെ അവിടത്തെ രാഷ്ട്രീയാന്തരീക്ഷം വീണ്ടും കലുഷമായിത്തീർന്നു. ടോങ്കിങ്ങിൽ ഒരു വിപ്ലവകക്ഷി രൂപീകരിക്കപ്പെട്ടു. കത്തോലിക്കാ മതത്തെ നിന്ദിച്ചുകൊണ്ട് രാജാവു കല്പന പുറപ്പെടുവിച്ചു. കത്തോലിക്കാമിഷ്യനറിമാരുടെ സങ്കേതസ്ഥാനങ്ങളും മതവിരോധികളായ പ്രഭുക്കന്മാർ വെളിപ്പെടുത്തിക്കൊടുത്തു. കിവിൻ എന്ന സ്ഥലത്തെ വിദ്യാലയം ഇടിച്ചു തകർക്കപ്പെട്ടു. ബിഷപ്പ് റിട്ടോർഡ് ചില മിഷ്യനറിമാരോടു കൂടി ഓടിയൊളിച്ചു. അദ്ദേഹത്തിന്റെ സഹമെത്രാനായിരുന്ന ബിഷപ്പ് ജിൻറാറവ് മലകളിൽ അഭയം പ്രാപിച്ചു. ഫാദർ തെയോഫിനും ചീനപ്രഭുക്കളുടെ കൈകളിൽ അകപ്പെടാതിരിക്കുന്നതിനായി പല രാത്രികളിലും ഒളിച്ചുനടക്കേണ്ടതായി വന്നിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിക്കയും, മുമ്പിലത്തെ രോഗം വീണ്ടും ബാധിക്കയുംചെയ്തു. എങ്കിലും, അതിൽ നിന്നു മോചനം പ്രാപിക്കാൻതന്നെ ദൈവം അനുഗ്രഹിച്ചു. ഈ വിവരങ്ങളും അദ്ദേഹത്തിന്റെ കത്തുകളിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്നതാണ്.

ഒരു ചീനപ്രഭുവിന്റെ സഹായത്താൽ ബിഷപ്പ് റിട്ടോർഡിനും ബിഷപ്പ് ജിൻറാറിനും തിരിച്ചെത്തുവാൻ സാധിച്ചു.

കാലതാമസമെന്നേ ഫാദർ തെറ്റുറലുമൊന്നിച്ച് വീണ്ടും താമസിക്കാനുള്ള ഭാഗ്യം ഫാദർ തെയോഫിനുണ്ടായി.

വീണ്ടും ടോങ്കിങ്ങിലുണ്ടായ മതപീഡനം അതിദാരുണമായിരുന്നു. ക്രിസ്ത്യാനികളെ കൈയ്യിൽ കിട്ടിയാൽ വിശ്വാസത്യാഗം ചെയ്യിക്കുന്നതിനായി ശത്രുക്കൾ പല തരത്തിൽ പീഡിപ്പിച്ചു. അതിലേക്ക് അവർ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്ന ഉപകരണം "കാങ്ഗ്" എന്ന ഒരു യന്ത്രമാണ്. ഒരു ഗോവണിയുടെ ആകൃതിയിലാണ് ഇത് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. ഇതിന് നാലോ അഞ്ചോ അടി നീളവും പത്തുമുതൽ നാല്പതു വരെ പാത്തൽ ഘനവും ഉണ്ടായിരിക്കും. ഏകദേശം ആറംഗുലം നീളമുള്ള ഇരുമ്പഴികൾ കൊണ്ടാണ് ഇതിന്റെ നീളത്തിലുള്ള ഭാഗങ്ങൾ തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നത്. ഒരു ക്രിസ്ത്യാനിയെ പീഡിപ്പിക്കണമെങ്കിൽ അയാളുടെ തല മേൽപറഞ്ഞ അഴികളിൽക്കൂടി കടത്തി, അതിന്റെ ഭാരമേറിയ നെടിയ ഭാഗങ്ങൾ അയാളുടെ ഇരുചുമലുകളിലും ഉറപ്പിക്കുന്നു. ഈ സ്ഥിതിയിൽ രാത്രിയും പകലും കഴിച്ചുകൂട്ടേണ്ടിവരുന്നതാണ് ദയനീയമായിട്ടുള്ളത്. കഴുത്തിലും തോളിലുമുള്ള മാംസം ഘ്രുസ്തയന്ത്രം കൊണ്ട് പിളർന്നു പോകുന്നു. അതിനുപുറമേ, ദുഷ്ടന്മാരായ ജയിൽസൂക്ഷിപ്പുകാർ അയാളെ അങ്ങോട്ടുമിങ്ങോട്ടും നിർദ്ദയമായി വലിക്കയും ചെയ്യും.

നരകതുല്യമായ ജെയിലിലെ മർദ്ദനങ്ങൾ അതിന്റെ ഭയങ്കരതയെ വർദ്ധിപ്പിക്കുന്നു. അവിടെ ഒരു തരം കഴുകുകളുണ്ട്. ക്രിസ്ത്യാനികളുടെ കാലുകൾ അതിനുള്ളിൽ കടത്തി കണങ്കാലിനു മുകളിൽവച്ച് ബന്ധിക്കുന്നു. അതു് ഇളക്കാൻ സാധിക്കാത്തവണ്ണം ഉറപ്പിച്ചിരിക്കുന്നതുകൊണ്ട് കാൽ അതിനുള്ളിലായാൽ അനങ്ങുവാൻപോലും നിവൃത്തിയില്ലാതെ രാപ്പകൽ ഒരേസ്ഥിതിയിൽ കഴിച്ചുകൂട്ടേണ്ടി വരും.

ഇതിനെക്കാൾ ക്രൂരമായി മറ്റൊരുതരം പീഡനമുണ്ട്. ജയിൽപ്പുള്ളികളെ അങ്ങോട്ടുമിങ്ങോട്ടും തലമാറിക്കിടത്തിയ

ശേഷം, ഒരാളിന്റെ കാലു് മറ്റേയാളിന്റെ കൈയോടുചേർത്തു ബന്ധിക്കുന്നു. ഇങ്ങനെ അനേകംപേരെ മാലപോലെ കൂട്ടിക്കെട്ടിയ ശേഷം അവയവങ്ങൾക്കു തകരാറു വരത്തക്കവണ്ണം അവരെ വലിച്ചുനീട്ടിയിട്ടു് ചമ്മട്ടികൊണ്ടടിക്കും. അടി കൊള്ളുന്നവർക്കും കൊള്ളാത്തവർക്കും ഒന്നുപോലെ വേദനയുണ്ടാകത്തക്ക വിധത്തിലാണു് അവരെ ബന്ധിച്ചിരിക്കുന്നതു്. ഇങ്ങനെ അൻപതോ അറുപതോ അടി അടിക്കുമ്പോഴത്തെ വേദന ഊഹിച്ചുകൊള്ളുകയേവേണ്ടു.

ഇതിനെത്തുടർന്നു് വളരെ തണുപ്പിച്ചതോ ചൂടുപഴുപ്പിച്ചതോ ആയ ഇരുമ്പുകൊടിൽ കൊണ്ടുള്ള പ്രയോഗമുണ്ടു്. നിലത്തോടു പറ്റിച്ചേർന്നു കിടക്കുന്നയാളിന്റെ ശരീരത്തിൽ നിന്നും ആ കൊടിൽകൊണ്ടു മാംസം പറിച്ചെടുക്കുന്നു. ഒരാളോടുതന്നെ പല പ്രാവശ്യം ഇപ്രകാരം പ്രവർത്തിക്കുന്നു. ഇതിനുപയോഗിക്കുന്ന ആയുധം തണുത്തതാണെങ്കിൽ വേദന കുറച്ചലായിരിക്കും. എങ്കിലും വ്രണം വേഗം സുഖപ്പെടും. ആയുധം ചൂടുപഴുപ്പിച്ചതാണെങ്കിൽ ഞരമ്പുകൾ വെന്തുപോകുന്നതുകൊണ്ടു് വേദന കുറയും. പക്ഷേ മുറിവു് അത്ര എളുപ്പത്തിൽ കരിയുകയില്ല.

ആണികളുടെ കൂർത്തഭാഗം മേല്പോട്ടാക്കി തറച്ചിട്ടുള്ള പലകയിൽ മുട്ടുകുത്തിക്കുകയാണു് അടുത്തപടി. കൂർത്ത ആണികൾ മാംസപേശികളിൽ തുളഞ്ഞുകേറുമ്പോളുണ്ടാകുന്ന വേദനകണ്ടു് ചീനപ്രഭുക്കൾ ദൈവദൂഷണം പറകയും കൈകൊട്ടിച്ചിരിക്കുകയും ചെയ്യും.

ഇപ്രകാരമുള്ള പീഡനങ്ങൾകൊണ്ടും ഒരുവനെ വിശ്വാസത്യാഗം ചെയ്യിക്കുവാൻ സാധിച്ചില്ലെങ്കിൽ കുരിശു നിലത്തിട്ടു്, അയാൾ കുരിശിന്റെ മുകളിൽക്കൂടെ അയാളെ വലിച്ചിഴച്ചുകൊണ്ടുപോകും. അയാളെ ദേഹോപദ്രവമേല്പിക്കുകയും ചെയ്യും. ദൈവസ്തുതിക്കായി അയാളുടെ ചുണ്ടുകൾ അനങ്ങുന്നതുകണ്ടാൽ മുഖത്തു് അടിക്കും. പിന്നീടു് ഭാരമേറിയ ചങ്ങലകൾകൊണ്ടു ബന്ധിച്ചു ജയിലിനുള്ളിലേക്കു

കൊണ്ടുപോകുന്നു. ചങ്ങലയ്ക്കു മുന്നു് അറ്റങ്ങളുണ്ടു്. ഒന്നു കഴുത്തിലും, മറ്റു രണ്ടെണ്ണം കണങ്കാലിലുമായിട്ടാണു് ബന്ധിക്കുന്നതു്. ചങ്ങല നിലം ക്ലടിയതാണെങ്കിൽ നടക്കുമ്പോൾ തട്ടി വീഴാതിരിക്കാൻ, കൈകൊണ്ടു പൊക്കിപിടിക്കണം. നിലം ക്ലറഞ്ഞതാണെങ്കിൽ സദാ കുനിഞ്ഞുനടക്കേണ്ടിവരും.

ഇമ്മാതിരിയുള്ള നിഷ്ഠുരമർദ്ദനങ്ങൾകൊണ്ടും വഴി തെറ്റിക്കാൻ സാധിക്കാത്തവരെ വധിക്കുകയാണു് ചെയ്യുന്നതു്. അനേകായിരം ക്രിസ്ത്യാനികളും ഈവിധം ശിക്ഷകൾക്കു വിധേയരായി രക്തസാക്ഷി മകുടം വരിച്ചു. ബിഷപ്പ് റീട്ടോർഡും അനുചരന്മാരും വിശപ്പും ദാഹവുംകൊണ്ടു വലഞ്ഞും, കല്ലും മുള്ളുംകൊണ്ടു കാലുകൾ മുറിഞ്ഞും, വൻകാടുകളിൽ അലഞ്ഞുതിരിഞ്ഞു ആ നിർമ്മലാത്മാവു് കാട്ടിൽക്കിടന്നു കഷ്ടപ്പെട്ടു മരണംപ്രാപിക്കയാണുണ്ടായതു്.

1859 ആഗസ്റ്റ് 26-ാം തീയതി, തെയോഫിന്റെ പിതാവു ദിവംഗതനായി. ആ വിവരം തെയോഫിനു് എഴുതിയയച്ചുവെങ്കിലും, ഇൻഡോ ചൈനയിലെ വിപ്ലവം നിമിത്തം എഴുത്തു വഴിക്കു തടയപ്പെടുകയാണുണ്ടായതു്. അതിനാൽ പിതാവിന്റെ വിയോഗവാർത്ത ഈ ലോകത്തിൽ വച്ചറിയുവാൻ കഥാനായകനു സാധിച്ചില്ല.

ബിഷപ്പ് റിട്ടോർഡിന്റെ കാലശേഷം. ജിൻടെൻറ് മെത്രാൻ ശുപാർശചെയ്തതനുസരിച്ചു് അദ്ദേഹം സഹമെത്രാനായി ഫാദർ തെവുലിനെ നിയമിച്ചു. മതമർദ്ദനം ഏറ്റവും ഉഗ്രതരമായിത്തീർന്ന ഒരു കാലഘട്ടമായിരുന്നു അതു്. അക്കാലങ്ങളിൽ മതവിദ്വേഷികളെ ഭയപ്പെട്ടു് ഇരുട്ടറകളിലും ഗുഹകളിലുമാണു് ഫാദർ തെയോഫിനും കൂട്ടരും കഴിഞ്ഞുകൂടിയിരുന്നതു്. അവിടത്തെ അനുഭവങ്ങളും അദ്ദേഹം തന്റെ കത്തുകളിൽ വിവരിക്കുന്നുണ്ടു്.

ബന്ധിതനായി

ഫാദർ വേനാർഡ് ഒരു അക്രൈസ്തവഗ്രാമത്തിൽ മതപ്രചരണം നടത്തിയശേഷം, അവിടെ നിന്നും ഒരു ക്രൈസ്തവ ഗ്രാമമായ കിബോയായിലേക്കു പോയി. അവിടെയുള്ള ക്രിസ്ത്യാനികളെ വിശ്വാസത്തിൽ സ്ഥിരചിത്തരാക്കിത്തീർത്തിട്ട് ബട്സൺ എന്ന മിഷ്യൻ രംഗത്തിലെത്തി. അവിടെ ഒരു നാട്ടുവൈദികനെ നിയമിച്ചു് അതിതീക്ഷ്ണതയോടെ വേദപ്രചരണം നടത്തിവന്നു. ജിൻെറർ മെത്രാനും അപ്പോൾ അവിടെ വന്നുചേർന്നു. ആ വന്ദ്യതിരുമേനിയെ ഒരു സുരക്ഷിതസങ്കേതത്തിലാക്കിയശേഷം നമ്മുടെ കഥാപുരുഷൻ കിബോയായിലേക്കു മടങ്ങി.

ആ ആണ്ടു നവംബർ 10-ാം തീയതി സമീപഗ്രാമത്തിലെ അധിപനും ഏതാനും പടയാളികളും കൂടി ഫാദർ തെയോഫിൻ താമസിച്ചിരുന്ന ഗൃഹത്തിലെത്തി. ഇതു കണ്ടു് അദ്ദേഹം രണ്ടു മതിലുകൾക്കിടയിലുണ്ടായിരുന്ന ഇടങ്ങഴിയ്ക്കു് ദ്വാരത്തിൽകടന്നൊളിച്ചു. വെളിയിൽനിന്നു കണ്ടാൽ ഒറ്റ മതിലാണെന്നേ തോന്നുകയുള്ളൂ.

അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന ഉപദേശിയെ അവർ ബന്ധിച്ചു. അനന്തരം പ്രമാണി മുമ്പോട്ടുവന്നു് ആ മതിൽ ചവുട്ടിപ്പൊളിച്ചു. ഫാദർ തെയോഫിനെ പിടിച്ചുകെട്ടി വലിച്ചിഴച്ചു് വള്ളത്തിലേക്കു കൊണ്ടുപോയി. ആ മഹാത്യാഗിയെ അത്യധികം സ്നേഹിച്ചിരുന്ന ഗ്രാമവാസികൾ വിവരമറിഞ്ഞു് ഓടിക്കൂടിയപ്പോൾ ശത്രുക്കൾ അദ്ദേഹത്തെയുംകൊണ്ടു് മറഞ്ഞുകഴിഞ്ഞിരുന്നു.

ദുഷ്ടന്മാർ ഫാദർ വേനാർഡിനെ ഒരു മുളക്കൂട്ടിലാക്കുകയും ഉപദേശിയുടെ കഴുത്തിൽ മുമ്പു പ്രസ്താവിച്ച "കാങ്ഗ്" യന്ത്രം ഘടിപ്പിക്കുകയും ചെയ്തു. അതേനിലയിൽ അവരെ ന്യായാധിപൻെറ സന്നിധിയിലേക്കു നയിച്ചു. ആ ഘട്ടത്തിൽ അദ്ദേഹം


വീട്ടിലേക്കയച്ച എഴുത്തിൽനിന്നും അപ്പോഴത്തെ സ്ഥിതിഗതികളും അനുഭവങ്ങളും വിശദമാക്കുന്നുണ്ട്. ന്യായാധിപന്റെ ക്രാസ്സു വിസ്താരങ്ങളും അനന്തരസംഭവങ്ങളും വർണ്ണിക്കുന്ന ആ കത്തു് തെവുറൽ മെത്രാൻ വഴിയാണ് വീട്ടിലെത്തിയതു്. അതിനെ തുടർന്നുള്ള വിശദവിവരങ്ങളും തെവുറൽ തിരുമേനിതന്നെ എഴുതിയ കത്തുകളിൽനിന്നുമാണ് താഴെ സംഗ്രഹിക്കുന്നതു്. ആ തിരുമേനി, തെയോഫിൽ കിടന്നിരുന്ന 'കൊച്ചോ' കാരാഗൃഹത്തിനുസമീപമായിരുന്നു താമസം. അവർ രണ്ടുപേരും പരസ്പരം കത്തുകളും അയച്ചുകൊണ്ടിരുന്നു. നാട്ടുകാരനായ ഒരു ക്രിസ്ത്യാനിയായിരുന്ന ദുതൻ, പല മിഷ്യനറിമാർക്കും, ബിഷപ്പ് തെവുറലിനുതന്നെയും, ആ ക്രിസ്ത്യാനിയുടെ ഭവനമാണ് പീഡനകാലങ്ങളിൽ അഭയസങ്കേതമായിരുന്നതു്.

ബന്ധനത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ ആഹാരക്രമങ്ങളും ഉപചാരവിധങ്ങളും അല്പം ഭേദപ്പെട്ട നിലയിലായിരുന്നു. എന്നാൽ ക്രമേണ അതെല്ലാം നിലച്ചു. അത്യാഗ്രഹംപോലുമില്ലാതായി. മാറിമാറിവന്നുകൊണ്ടിരുന്ന ന്യായാധിപന്മാരും മറ്റും ആ മഹാപുരുഷനെ പ്രലോഭനങ്ങളാൽ വശത്താക്കുവാൻ നിഷ്ഫലമായി പരിശ്രമിച്ചു.

കൊച്ചോയിലെ കാരാഗൃഹത്തിൽവച്ചു് തെവുറൽ മെത്രാൻ, ഫ്രാമോയി എന്ന സേനാനിയുടെ, സഹായത്തോടുകൂടി, കൊച്ചോയിലെ വികാരിയായ ഫാദർ "ടിന്നിനെ" അയച്ചു് കൗശലത്തിൽ നമ്മുടെ യുവമിഷ്യനറിക്കു് പാപസങ്കീർത്തനം നടക്കി. "നീയെൻ" എന്ന വിധവവഴിയായി ഫാദർ ടിൻ അത്യാഗ്രം എത്തിച്ചുകൊടുത്ത സമയം ദിവ്യകാരുണ്യവും അയച്ചുകൊടുത്തു. പാതിരാവരെ ഭക്തിപൂർവ്വം പ്രാർത്ഥന നടത്തിയശേഷം ഫാദർ വേനാർഡ് ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തു.



ഫ്രഞ്ച് വിദേശമിഷ്യൻ സെമിനാരിയിലെ ചാപ്പലിൽവച്ച്
മിഷ്യനറിമാരോട് യാത്രപറയുന്ന രംഗം



അ: തെയോഫിൻ വേനാർഡിനെ വധിച്ചസ്ഥലത്തു് നിർമ്മിച്ച സ്മാരകം
(ഇപ്പോൾ നിലവിലില്ല)

വധശിക്ഷ

ഫെബ്രുവരിമാസം 2-ാം തീയതി, നമ്മുടെ യുവമിഷ്യനറി ആഗ്രഹിച്ചിരുന്ന വിധിത്തീർപ്പു നടന്നു. അദ്ദേഹം ആ വിവരം ആദ്യം അറിഞ്ഞതേയില്ല. രാവിലെ എട്ടു മണിക്ക് പതിവുപോലെ ആഹാരം കഴിച്ചശേഷം അദ്ദേഹം തോട്ടത്തിലേക്കിറങ്ങി. അപ്പോൾ വിധവയായ "നീയെ"നാണ് ഗദ്ഗദത്തോടുകൂടി ഈ വിവരം അദ്ദേഹത്തെ അറിയിച്ചതു്. ഉടനെ അദ്ദേഹം തിരിയെ വന്ന് തന്റെ സാമാനങ്ങളെല്ലാം സ്നേഹിതന്മാർക്കു വിതരണം ചെയ്തു. അപ്പോഴേക്കും സേനാനായകനും അകമ്പടിക്കാരും വധശിക്ഷ നടത്താൻ എത്തിക്കഴിഞ്ഞിരുന്നു. ഫാദർടിൻ കൊടുത്തയച്ചിരുന്ന ദിവ്യകാരുണ്യമടങ്ങിയ അരുളിക്കായുമായി "നീയെൻ" എന്ന വൃദ്ധയും അവിടെയെത്തി. ജനക്കൂട്ടത്തിനിടയിൽ കൂടി അരുളിക്കാ ഭക്തിപൂർവ്വം ഫാദർ വേനാർഡിന്റെ കൈകളിൽ ഏൽപ്പിച്ചു എങ്കിലും സമീപസ്ഥരായ യമകിങ്കരന്മാർ ചാടിവീണ് അതു തട്ടിപ്പറിച്ച് സേനാനായകനെ ഏല്പിക്കയാണുണ്ടായത്. അവർ വിശുദ്ധ കുർബാനയെ നിന്ദിക്കുമെന്നു ഭയന്ന് നമ്മുടെ സിദ്ധൻ നിലവിളിച്ചു. ധൈര്യവതിയായ 'നീയെൻ' തൽക്ഷണം സേനാധിപന്റെ മുമ്പിൽ പാഞ്ഞെത്തി. അതു തൊടുന്നപക്ഷം, അവനും അവന്റെ കുടുംബാംഗങ്ങളും ഒന്നടങ്കം നശിച്ചുപോകുമെന്നുപറഞ്ഞ് അവൾ അവരെ ഭയപ്പെടുത്തി. സേനാനായകൻ ഭയവിഹ്വലനായി അരുളിക്കാ 'നീയെ'ന്റെ കൈയിൽ കൊടുത്തു.

സേനാധിപൻ ഫാദർ വേനാർഡിനെ വിധിവാചകം ഉച്ചത്തിൽ വായിച്ചു കേൾപ്പിച്ചു. ആ മഹാപുരുഷൻ, മനസ്സിലേശം ചഞ്ചിക്കാതെ, താൻ പുത്തനായി തയാർ ചെയ്തിരുന്ന വെള്ളവസ്ത്രവും ധരിച്ച് ആ മഹോത്സവത്തിന് ഒരുങ്ങിനിന്നു.

ഫാദർ തെയോഫിനെ അവർ വധസ്ഥലത്തേക്കു നയിച്ചു. ഏകദേശം 200 ഭടന്മാരും ഒരു വമ്പിച്ച പുരുഷാരവും അദ്ദേഹത്തെ അനുഗമിച്ചു. ചിലർ അദ്ദേഹത്തെ പരിഹസിക്കയാണു ചെയ്തത്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും, ഒരു നിരപരാധിയെ അന്യായമായി വിധിക്കുന്നതോർത്തു് സഹതപിക്കുന്നവരായിരുന്നു. നമ്മുടെ കഥാപുരുഷനാകട്ടെ ആസന്നമായ ഭാഗ്യമോർത്തു് ആനന്ദം കൊണ്ടുമതിമറന്നു് കീർത്തനങ്ങൾ പാടിക്കൊണ്ടു് മന്ദംമന്ദം നടന്നു. ധീരയായ 'നീയെൻ' അവസാനനിമിഷംവരെ അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു.

ഫാദർ തെയോഫിൻ തന്റെ ചെരിപ്പുകൾ അഴിച്ചു് ആക്കോ കൊടുത്തശേഷം ഒരു പായിലിരുന്നു. പട്ടാളക്കാർ, അദ്ദേഹത്തെ ബന്ധിച്ചിരുന്ന ചങ്ങല മുറിക്കുകൊണ്ടു് അടിച്ചുപൊട്ടിച്ചു. അപ്പോൾ ആരാച്ചാർ അദ്ദേഹത്തെ സമീപിച്ചു; ആ മിഷ്യനറിയുടെ നല്ലവസ്ത്രം കൈക്കലാക്കണമെന്നുള്ള മോഹത്താൽ, അതു് അഴിച്ചു മാറുവാൻ അവൻ അദ്ദേഹത്തോടപേക്ഷിച്ചു. തന്റെ നാഥനായ ക്രിസ്തുവിന്റെ അന്ത്യനിമിഷത്തോടു തുല്യമാകണമെന്നുള്ള വിചാരത്താലോ എന്തോ, അദ്ദേഹം മേൽവസ്ത്രമെല്ലാം അഴിച്ചുവച്ചു. അനന്തരം ആരാച്ചാർ അദ്ദേഹത്തിന്റെ കൈകളും പിന്നിൽക്കെട്ടുകയും, ഒരു തുണി നേമൽ അദ്ദേഹത്തെ ബന്ധിക്കുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ സേനാധിപൻ അടയാളംകൊടുത്തു. ആരാച്ചാർ വാളെടുത്തു് ആഞ്ഞു പതുക്കെ ഒന്നു വെട്ടി, മുറിഞ്ഞില്ല. പിന്നിട്ടു് കുടതൽ ഊക്കോടുകൂടി ഒൻപതുകൂടി വെട്ടി. കഴുത്തു പകുതി മുറിഞ്ഞു് ആ സിദ്ധാൻ തുടഞ്ഞോടുകൂടെ നിലത്തു വീണു. വാളിന്റെ വായ്ത്തല മടങ്ങിപ്പോകയാൽ ആരാച്ചാർ മറെറാരു വാളെടുത്തു മൂന്നാമതും വെട്ടി, ശിരസ്സു ശരീരത്തിൽനിന്നും വേർപെട്ടുപോയി. അങ്ങനെ നമ്മുടെ കഥാനായകൻ, താൻ ജീവിതകാലം മുഴുവൻ പ്രതീക്ഷിച്ച രക്തസാക്ഷിമകുടം അണിഞ്ഞു. അദ്ദേഹത്തിന്റെ ആത്മാവു് നിത്യസമ്മാനം കൈവരിക്കുന്നതിനായി പറന്നുപോകയും ചെയ്തു.

ഫാദർ തെയോഫിന്റെ ശിരസ്സ് ഈരേച്ചേർ സേനാധിപന്റെ മുമ്പിൽ സമർപ്പിച്ചു. മൂന്നുദിവസത്തേക്ക് ആ ശിരസ്സ് എല്ലാവരും കാണത്തക്കവിധത്തിൽ പ്രതിഷ്ഠിക്കണമെന്ന് ആജ്ഞാപിച്ചശേഷം സേനാധിപനും കൂട്ടരും സ്ഥലംവിട്ടു. അദ്ദേഹത്തിന്റെ മൃതശരീരം സൂക്ഷിക്കാനുണ്ടായിരുന്നവരിൽ പ്രധാനികം "ഹുവോങ്ടാ" എന്നൊരു ക്രൈസ്തവനും, "നിയെൻ വിധവയും, "ലൈവങ്ങ്" എന്ന പൂർവ്വക്രിസ്ത്യാനിയുമായിരുന്നു. അവരുടെ ശ്രമത്താൽ മൃതശരീരം താഴെയെടുക്കത്തക്കവിധത്തിൽ സംസ്കരിക്കപ്പെട്ടു. ശിരസ്സ് പുഴയിൽ എറിയപ്പെട്ടുവെങ്കിലും അതു അത്ഭുതകരമാംവണ്ണം ലൈവങ്ങിന്റെ സ്നേഹിതന്മാരുടെ കൈയിൽ കിട്ടുകയും, ഫാദർ ടിൻ മുഖാന്തിരം തെവുറൽമെത്രാന്റെ സന്നിധിയിലെത്തുകയും ചെയ്തു.

1865 മാർച്ചുമാസം 1-ാംതീയതി, ഫാദർ തെയോഫിന്റെ ശിരസ്സൊഴിച്ചുള്ള സർവ്വാംഗങ്ങളും ഹോങ്കോങ്ങിൽ കൊണ്ടുവരികയും സെന്റ് വിൻസന്റ് ഡി. പാൾ എന്ന പേർകൊടുത്തിരുന്ന കപ്പലിൽ ഫ്രാൻസിലേക്കയക്കപ്പെടുകയും ചെയ്തു.

1909 മേയ് 2-ാംതിയതി തെയോഫിൽ വേനാർഡ് "അനുഗ്രഹീതൻ" എന്ന നാമകരണം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരനായ ഫാദർ എവുസേബിയസാണ് ഇതിലേക്കു വേണ്ട തെളിവുകൾ ശേഖരിച്ചത്.

അധികം താമസിയാതെ, ഏറ്റവും ഉന്നതപദവിയായ "വിശുദ്ധൻ" എന്ന സ്ഥാനവും തിരുസഭയിൽനിന്ന് അദ്ദേഹത്തിന് ലഭിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം.

തെയോഫിൻ വേനാർഡിന്റെ

കത്തുകൾ

കഥാപുരുഷന്റെ ജീവചരിത്രത്തിലെ മർമ്മഭാഗങ്ങളെ സ്പർശിക്കുന്ന കത്തുകളിൽ പ്രധാനപ്പെട്ടവയെ സംഗ്രഹിച്ചു താഴെ ഉദ്ധരിക്കുന്നു. ലേഖനകർത്താവിന്റെ സഹോദരസ്നേഹം പിതൃഭക്തി, മതതീഷ്ണത, വേദപ്രചരണാസക്തി, സർവ്വോപരി ദൈവഭക്തി, ആദിയായ സൽഗുണങ്ങളെ ഉൾക്കൊള്ളുന്ന പ്രസ്തുത കത്തുകൾ വായനക്കാർക്ക് രസാവഹവും, ഉത്തമമായ കാപരവുമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. തന്റെ ആദ്യ കുർബാന കൈക്കൊള്ളപ്പോട്ട സംബന്ധിച്ചു മാതാപിതാക്കൾക്കു എഴുതുന്നതു:—

1

"ഞാൻ വളരെക്കാലമായി കാത്തിരുന്ന ആ സുദിനം—എന്റെ ജീവിതത്തിലെ ഏറ്റവും മാഹാത്മ്യമേറിയതും മനോഹരവുമായ ആ മുഹൂർത്തം—ഇതാ വന്നുചേർന്നിരിക്കുന്നു. ദിവ്യകാരുണ്യനാഥനെ യോഗ്യതയോടുകൂടി സ്വീകരിക്കുവാൻ ഞാൻ തികച്ചും അശക്തനാണു്. അതിനാൽ എനിക്കു വേണ്ട ദൈവപ്രസാദവരം ലഭിക്കുന്നതിനു നിങ്ങളെല്ലാവരും പരിശുദ്ധ കന്യകയോടു പ്രത്യേകം പ്രാർത്ഥിക്കണം. പ്രിയ പിതാവേ, ഞാൻ അങ്ങയോടു് എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ എന്നോടു ക്ഷമിക്കണമെന്നും എന്നെ അനുഗ്രഹിക്കണമെന്നും വിനയപൂർവം അപേക്ഷിച്ചുകൊള്ളുന്നു."

2

അമ്മയുടെ മരണവൃത്താന്തമറിഞ്ഞുകൊണ്ടു് അപ്പനേയും സഹോദരങ്ങളേയും ആശ്വസിപ്പിക്കുന്നതിനായി വീട്ടിലേയ്ക്കെഴുതുന്നതു്:—

"എന്റെ ഏറ്റവും പ്രിയപ്പെട്ട പിതാവേ, അമ്മയ്ക്കു് സുഖക്കേടാണെന്നു എന്നറിഞ്ഞതുമുതൽ ഞാൻ ദൈവത്തോടുപ്രത്യേകം

പ്രാത്ഥിക്കാൻ തുടങ്ങി. സുഖം കിട്ടുമെന്നു തന്നെ വിചാരിക്കയും ചെയ്തു. എന്നാൽ അമ്മ മരിച്ചുപോയി എന്നു് ഇപ്പോൾ അറിവു കിട്ടിയിരിക്കുന്നു. ദൈവഹിതം നിറവേറട്ടെ. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണു് മതവിശ്വാസം നമുക്കു് ആശ്വാസം നൽകുന്നതു്. ദൈവാഭിഷ്ടത്തോടുള്ള അനുസരണവും അവിടുത്തോടുള്ള നിസ്വാർത്ഥ സ്നേഹവും പരീക്ഷിച്ചു നോക്കുന്ന ഒരവസരം മാത്രമാണു് ഇതു്. ഇതെല്ലാം വാസ്തവമെങ്കിലും, അമ്മയുടെ മരണം എനിക്കു മർമ്മഭേദകമായിത്തന്നെ തോന്നുന്നു. ഞാൻ വളരെയധികം കരഞ്ഞു. അമ്മയുടെ ആത്മശാന്തിക്കായി തീഷ്ണതയോടുകൂടി പ്രാത്ഥിക്കയും ചെയ്തു. ഇനിമേൽ പ്രാത്ഥിക്കുകയും ചെയ്യും. ഇപ്പോൾ അമ്മ സ്വർഗ്ഗത്തിൽ നിത്യാനന്ദം അനുഭവിക്കുന്നു എന്നാണു് എന്റെ വിശ്വാസം. അവിടെ അമ്മ നമുക്കുവേണ്ടി പ്രാത്ഥിക്കയും ചെയ്യുന്നുണ്ടാവും."

3

അമ്മയുടെ മരണം സംബന്ധിച്ചുണ്ടായ ദുഃഖത്തിനു് ആശ്വാസം ലഭിച്ചതിനെക്കുറിച്ചു് എഴുതുന്നു:—

"നമ്മുടെ പ്രിയപ്പെട്ട അമ്മ ഇപ്പോൾ സ്വർഗ്ഗത്തിലാണെന്നുള്ളതു് തീച്ചയാണു്. ഒരിക്കൽ ഞാൻ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മാലാഖാ വന്നു് പ്രകാശം നിറഞ്ഞ ഒരു സ്ഥലത്തേയ്ക്കു് എന്നെ കൂട്ടിക്കൊണ്ടു പോയി. നമ്മുടെ അമ്മയെ, വിശേഷ പ്രസാദവരത്താൽ അലങ്കരിക്കപ്പെട്ട മറ്റു പലരുടേയും മദ്ധ്യേ ഞാൻ അവിടെ കണ്ടു. എന്നാൽ ഈ സംഭവം മറ്റാരും അറിയേണ്ട ആവശ്യമില്ലല്ലോ എന്ന കരുതിയാണു് ഞാൻ ഇതുവരെ മൗനമവലംബിച്ചതു്.

4

സഹോദരി മെലാനിക്കെഴുതുന്ന സഹോദരസ്നേഹം തുളുമ്പുന്ന ഒരു കത്തു:—

"പതിവുപോലെ ജപമാല എത്തിക്കുന്നതിനായി ഞാൻ ഇന്നലെ കപ്പേളയിൽ പോയി. അപ്പോൾ സാധാരണമല്ലാത്ത

ഒരു മനക്ലേശം എനിക്കനുഭവപ്പെട്ടു. കുറേനേരം ഞാൻ അവിടത്തന്നെ ഇരുന്നുകരഞ്ഞു. അതിന്റെ കാരണം ഇപ്പോഴും അജ്ഞാതമായിട്ടാണിരിക്കുന്നത്. അല്പസമയം കഴിഞ്ഞപ്പോൾ മനസ്സുമാധാനം ലഭിക്കയും ചെയ്തു. ഞാൻ ഏതു ജോലിയിൽ ഏർപ്പെട്ടിരുന്നാലും, എന്റെ വിചാരം പലപ്പോഴും നിന്റെ പക്കലേക്കു പാഞ്ഞുവരുന്നു ....സ്നേഹബന്ധത്താൽ ഒന്നായിത്തീർന്നിരിക്കുന്ന ഹൃദയങ്ങൾക്ക് പരസ്പരം പ്രാർത്ഥിക്കുവാനുള്ള സൗകര്യം എത്രയധികം. ഞാൻ പള്ളിയിലായിരിക്കുമ്പോഴെല്ലാം നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. നീയും അപ്രകാരം എനിക്കുവേണ്ടി പ്രാർത്ഥിക്കുമെന്നു വിശ്വസിക്കുന്നു. നാം വളരെ വിദൂരസ്ഥലങ്ങളിലാണല്ലോ എന്നോർക്കുമ്പോൾ എനിക്കു സഹിക്കാൻ പാടില്ലാത്ത സങ്കടമുണ്ടാകുന്നു. കാരണം, ആത്മാവിലും ശരീരത്തിലും നിന്നോടൊന്നിച്ചിരിക്കുവാൻ ഞാൻ അത്രമാത്രം ആഗ്രഹിക്കുന്നു. പക്ഷേ, ഇനി എന്നാണ് അതു സാധിക്കുക! ഹാ, ദൈവമേ! ഒരേ ഉദരത്തിൽ ജനിച്ചു ഒന്നിച്ചു വളരുവാനിടയാക്കിയ അങ്ങു് സ്വർഗ്ഗത്തിലേക്കും ഞങ്ങളെ ഒന്നിച്ചു സ്വീകരിക്കേണമേ."

5

തനിക്കുണ്ടായ പ്രലോഭനങ്ങളെപ്പറ്റി സഹോദരിക്കെഴുതുന്നു.

"പ്രിയ സഹോദരീ, ഇപ്പോൾ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളിൽ എന്റെ മനസ്സു് ഏർപ്പെട്ടിരിക്കയാണ്. ഈ സ്കൂളിലെ എന്റെ പഠനം അവസാനിക്കാറായി; എങ്കിലും മേലാൽ വേണ്ട കാര്യങ്ങൾക്കു് ഒരു പരിപാടി രൂപീകരിക്കുന്നതിനു് എനിക്കിതുവരെ സാധിച്ചില്ല. അതു് എന്നെ വളരെയധികം വിഷമിപ്പിക്കുന്നുണ്ട്. എനിക്കു വൈദികനാകുന്നതിനുള്ള ദൈവവിളിയുണ്ടെന്നാണ് ഇത്രയും നാളായി ഞാൻ കരുതിയിരുന്നതു്. ഒരു വൈദികനാകുന്നതിനേക്കാൾ ശ്രേഷ്ഠവും ശ്രേയസ്സുകരവുമായി മറ്റൊരു യാതൊന്നുമില്ലെന്നു് എനിക്കു പലപ്പോഴും തോന്നാറുണ്ട്. ദിവ്യപൂജ അർപ്പിക്കുന്ന അവസര

ങ്ങളിൽ നമ്മുടെ രക്ഷകനായ ഈശോമിശിഹായെ കൈയിലെടുക്കുന്ന വൈദികന്റെ മഹാഭാഗ്യത്തെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ ഹൃദയം ആനന്ദപാരവശ്യത്തിൽ മുഴുകുന്നു. എന്നാൽ അതേസമയംതന്നെ ഒരു വൈദികനാവേണ്ട അറിവോ, വിശുദ്ധതയോ സമ്പാദിച്ചിട്ടില്ലാത്ത എന്റെ ഹീനമായ അവസ്ഥയെപ്പറ്റി ചിന്തിക്കുമ്പോൾ, ഞാൻ ആ മഹത്തായ വൈദികസ്ഥാനത്തിനു തികച്ചും അയോഗ്യനാണെന്നുള്ള ബോധവും എനിക്കുണ്ടാകുന്നു. അതിനാൽ ഇനി എന്താണു ചെയ്യേണ്ടതെന്നറിയാതെ ഞാൻ വിഷണ്ണനായിരിക്കയാണ്. ഏതായാലും ഈ വിഷമഘട്ടത്തിൽ ശരിയായ വെളിച്ചമുണ്ടാകുന്നതിന് നമുക്കുണ്ണുപേക്ഷം രക്ഷകനായ മിശിഹായോടും അവിടുത്തെ പരിശുദ്ധമാതാവിനോടും കേണപേക്ഷിക്കാം. അടുത്തുവരുന്ന അമ്പതുനോമ്പിന്റെ ആദ്യ ഞായറാഴ്ച നിദ്രയ്കാരുണ്യം സ്പീകരിച്ച് ഈ ഉദ്ദേശസാദ്ധ്യത്തിനായി കാഴ്ചവയ്ക്കണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു."

6

തെയോഫിൻ തന്റെ മാനസിക വൈഷമ്യങ്ങളിൽ പരിശുദ്ധമറിയത്തെ അഭയംപ്രാപിച്ച് ആശ്വാസംതേടുന്നു. (മറ്റൊരു കത്തിലെ ഒരു ഭാഗം)

"മറിയം!—ഈ നാമം ഞാൻ എത്രമാത്രം ഇഷ്ടപ്പെടുന്നു! വ്യാകുലന്മാരുടെ ആശ്വാസമായ മറിയം! ആരെങ്കിലും ഉപദ്രവിക്കാൻ വരുമ്പോൾ കൊച്ചുകുട്ടികൾ അമ്മയുടെ അടുക്കൽ ഓടിയെത്തുന്നതുപോലെ, ആ സ്നേഹംനിറഞ്ഞ മാതാവിന്റെ പക്കൽ നാം എത്രപ്രാവശ്യം അഭയംതേടിയിട്ടുണ്ട്! ഞാൻ പരിശുദ്ധ കന്യകയെ സ്നേഹിക്കുന്നു. എന്നാൽ, പ്രിയസഹോദരീ, ആ അമ്മയെ നീ കൂടുതൽ സ്നേഹിക്കുന്നു എന്നു ഞാൻ കരുതുന്നു."

7

സഹോദരി മെലാനിയുടെ കത്തിന് മറുപടിയായി തെയോഫിൻ എഴുതുന്നു:

"അത്യധികമായ മനസ്സുഖമുണ്ടാകുന്നതിനു കാരണമായ നിന്റെ കൃത്തിനു് എത്രമാത്രം നന്ദി പ്രകടിപ്പിച്ചാലും മതിയാകുന്നില്ല. ഇത്തവണ ദേവമാതാവിനെക്കുറിച്ചു അല്പം എഴുതാമെന്നു് വിചാരിക്കുന്നു. കാരണം, ഇക്കൊല്ലം ആ പരിശുദ്ധ മാതാവിനെക്കുറിച്ചു് നാം തമ്മിൽ അധികമൊന്നും എഴുതിയിട്ടില്ലെന്നു് തോന്നുന്നു. എന്റെ മനസ്ഥിതിക്കു് വല്ല വ്യത്യാസവും വന്നതായിരിക്കുമോ ഇങ്ങനെ സംഭവിക്കാൻ കാരണമെന്നു് നി സംശയിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ, ഒരിക്കലും അങ്ങനെ ഒരു വ്യത്യാസവും വന്നിട്ടില്ലെന്നു് നീ വിശ്വസിക്കുക. മാതാവിനോടു പ്രത്യേകമായുള്ള അനുദിന ജപങ്ങളെ കൂടാതെ, അവിടുത്തെ സ്തുതിക്കായി ചില നിസ്സാരത്യാഗങ്ങളും പ്രായശ്ചിത്തങ്ങളും ഞാൻ ചെയ്തു കാഴ്ചവയ്ക്കുന്നുണ്ടു്. ദിവസവും അതിരാവിലെ തോട്ടത്തിൽ പോയി, പൂത്തുനിൽക്കുന്ന ചെടികളിൽനിന്നു് സുഗന്ധമുള്ള പുഷ്പങ്ങളും ശേഖരിച്ചു് മാതാവിന്റെ പീഠമലങ്കരിക്കുന്നതു് എനിക്കു വളരെ ആനന്ദകരമായ ഒരു ജോലിയാണു്. എന്നാൽ പുഷ്പങ്ങളും സമർപ്പിക്കുന്നതിനു് എന്റെ കൈകളും ഹൃദയവും ഒരുപോലെ അയോഗ്യമാണെന്നു് എനിക്കറിയാം. പരിശുദ്ധ കന്യകാമറിയത്തെ "വ്യാകുലന്മാരുടെ ആശ്വാസ"മെന്നും, "പാപികളുടെ സങ്കേത"മെന്നും വിളിക്കുന്നതു് എത്രയോ യുക്തമായിരിക്കുന്നു.

"ഞാൻ ഇടവകക്കാരുടെ ആത്മീയാഭിവൃദ്ധിയെപ്പറ്റി ശ്രദ്ധിക്കുമ്പോൾ, ദേവാലയത്തിലെ പീഠങ്ങളും അലങ്കരിക്കുന്നതിലായിരിക്കും നീ പ്രത്യേകം താല്പര്യം കാണിക്കുന്നതു്".

"ഇങ്ങനെ മനോരാജ്യത്തിൽ സന്തോഷിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, വൈദികവൃത്തിയുടെ ഗൗരവത്തെക്കുറിച്ചു് ചിന്തിച്ചു് ഞാൻ വല്ലാതെ അസ്വസ്ഥനാകുന്നു. വൈദികത്വം തന്നെ എന്താണു്? ലൗകിക കാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറുകയും, പ്രപഞ്ചസംബന്ധമായ താല്പര്യങ്ങളെ മുഴുവനായി വെടിക്കുകയും ചെയ്യുന്നതു് ഒരു വൈദികന്നു് ആവശ്യമല്ലയോ?

ദൈവികനാകണമെങ്കിൽ ഒരു വിശുദ്ധനായിരിക്കണം. അന്യരെ നയിക്കണമെങ്കിൽ, തന്നെത്തന്നെ നയിക്കുവാൻ അറിഞ്ഞിരിക്കണം. അതിനാൽ ഒരു ദൈവികന്റെ ജീവിതം, ഇടവിടാതെയുള്ള ത്യാഗത്തിന്റെയും ആത്മ നിഗ്രഹത്തിന്റെയും മാതൃകയായിരിക്കേണ്ടതല്ലയോ? പുണ്യത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും വഴിയിൽക്കൂടി അല്പംമാത്രം മുമ്പോട്ട പോയിട്ടുള്ള ഞാൻ ഇത്ര ഗൗരവമേറിയ ജീവിതചര്യതി തിരഞ്ഞെടുക്കുന്നതിനും എങ്ങനെ ധൈര്യപ്പെട്ടു. പ്രിയമെലാനി! ഇവയാണ് എന്റെ വിചാരഗതികൾ—"

8

സ്കൂളിലെ കപ്പേളയിൽ നടന്ന ദിവ്യകാരുണ്യത്തിനാമാരോഹണത്തെപ്പറ്റി സഹോദരിക്കെഴുതുന്നു:—

"ഈ ഭൂമിയിൽ മരുകർമ്മാനുഷ്ഠാനങ്ങളും ഇത്ര ആനന്ദകരമാണെങ്കിൽ സ്വർഗ്ഗത്തിലെസ്ഥിതി എന്തായിരിക്കും? നിത്യത്വം! ഈ പദത്തെപ്പറ്റി നീ എപ്പോഴെങ്കിലും ഗാഢമായി ചിന്തിച്ചിട്ടുണ്ടോ? അതിനെപ്പറ്റി വിചാരിക്കുമ്പോൾ എന്റെ ബോധം മയങ്ങിപ്പോകയാണ പതിവ്. മനുഷ്യാത്മാവിന്റെ നാശമില്ലായ്മയെപ്പറ്റി ഒരു പുതിയ സിദ്ധാന്തം കണ്ടുപിടിക്കാനുള്ള എന്റെ ശ്രമങ്ങളെല്ലാം വിഫലങ്ങളായിത്തീരുകയത്രേ ചെയ്തിട്ടുള്ളത്."

9

തന്റെ കൊച്ചനുജനായ എവുസേബിയസ് സ്കൂൾ ജീവിതം ആരംഭിച്ചപ്പോൾ തെയോഫിൽ എഴുതുകയാണ്:—

"പ്രിയസഹോദരാ, സ്കൂൾജീവിതത്തെപ്പറ്റി നിനക്ക് എന്തുതോന്നുന്നു? പാഠ്യവിഷയങ്ങൾ പ്രയാസമുള്ളവയാണോ? ഏതായാലും ധൈര്യപ്പെടുക. ക്ലേശങ്ങൾ സഹിക്കുവാൻ നീ ആരംഭിച്ചിട്ടേയുള്ളൂ. എല്ലാം ദൈവത്തെ മുൻനിറുത്തി ക്ഷമയോടുകൂടി സഹിക്കുക. എല്ലാവരോടും സ്നേഹത്തോടുകൂടി പെരുമാറണം. അപ്പോൾ അവർക്കു നിന്നോടും സന്തോഷമുണ്ടാകും.

"സമസ്തവും ദൈവത്തെപ്രതി" എന്നായിരിക്കട്ടെ നിന്റെ മുദ്രാവാക്യം. പ്രാർത്ഥന മുതലായ ഭക്ത്യനുഷ്ഠാനങ്ങളിൽ ഒരിക്കലും ഉദാസീനത കാണിക്കരുത്. അധികാരികളോട് എപ്പോഴും അനുസരണമുള്ളവനായിരിക്കണം. എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിന്റെ പ്രതിനിധികളാണ്. ഇങ്ങനെയെല്ലാം ചെയ്യുമെങ്കിൽ നിന്റെ സ്വർഗ്ഗം ജീവിതം ആനന്ദകരമായിരിക്കും."

10

ഏകാന്തതയുടെ മാധുര്യത്തെക്കുറിച്ച് സുഹാദരിയെ അറിയിക്കുന്നു:—

എന്റെ മുറിയിലേക്കു പോകുവാൻ ഞാൻ എപ്പോഴും ആഗ്രഹിക്കുന്നു. തന്റെ അമ്മയുടെ അടുക്കലേക്കു പോകുവാൻ ആഗ്രഹിക്കുന്ന ശിശുവിനെപ്പോലെയാണ് അത്. മുറിയിലെ ശാന്തത ഭക്തിയെ വർദ്ധിപ്പിക്കുന്നു. വാതിലിനു വലത്തുവശത്തായി വിശുദ്ധജലം വച്ചിട്ടുണ്ട്. 'നിന്റെ മുറി ഒരു വിശുദ്ധാലയമാണ്; അശുദ്ധമായ യാതൊന്നും അവിടെ പ്രവേശിക്കുവാൻ നീ അനുവദിക്കരുത്' എന്ന് ആ ജലം എന്നെ ഓർമ്മിപ്പിക്കുന്നു. അതിനാൽ, മുറിയിൽ പ്രവേശിച്ച് ഹസ്തവും മുഖവും തൊട്ടനന്തരം സകല ലൗകികകാര്യങ്ങളും മറന്നിട്ടാണ് ഞാൻ അകത്തേക്കു പോകുന്നത്. മുറിയിലെ ജനാലിൽക്കൂടി വെളിയിലേക്കു നോക്കുമ്പോൾ, സർവ്വവ്യാപിയായ സർവ്വേശ്വരന്റെ അളവറ്റ ശക്തിയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ആകാശമണ്ഡലം ഞാൻ കാണുകയും, അതിന്റെ മഹത്ഭാഗത്തായി എനിക്ക് ഒരു സ്ഥലം പ്രത്യേകം തയ്യാർചെയ്തിട്ടുണ്ടെന്ന് ഞാൻ വിചാരിക്കയും ചെയ്യാറുണ്ട്. അവിടെ പ്രവേശിക്കാൻ വേണ്ട യോഗ്യത നൽകണമേന്ന്, ഉടൻതന്നെ, ഞാൻ ദൈവത്തോടു പ്രാർത്ഥിക്കും. എന്റെ മുറിയിൽ ഞാൻ വളരെ താല്പര്യത്തോടുകൂടി സൂക്ഷിച്ചുവച്ചിരുന്ന ഒരു നിക്ഷേപമുണ്ട്. എന്റെ സകലവിധമായ ഐശ്വര്യങ്ങൾക്കും കാരണമായ ക്രൂശിതരൂപമാണ്.

അല്ല. അമ്മയോടുള്ള സ്നേഹവാത്സല്യങ്ങൾ ഇവിടെ സ്ഥാപിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. പ്രിയ സഹോദരി, ഇപ്പോഴത്തെ എന്റെ ജീവിതാവസ്ഥയിൽ എനിക്കു് ഏതോ അസുഖം തോന്നുന്നുണ്ടെന്നു് നീ വിചാരിക്കുന്നു്. ഈ സ്ഥലം ഒരു ഭ്രാന്താലയമാണു്. ഞങ്ങളെല്ലാവരും വാനമ്പാടിപക്ഷികളെക്കാൾ ആഹ്ലാദത്തോടെയാണു് ഇവിടെ കഴിഞ്ഞുകൂടുന്നതു്."

11

മിഷ്യനറിയാകണമെന്നുള്ള തന്റെ അഭിലാഷം തെയോഫിൽ അറിഞ്ഞോ അറിയാതെയോ ഒരു കത്തിൽ സൂചിപ്പിച്ചുപോയതിൽ ദുഃഖിതരായിത്തീർന്ന സ്വകുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്ന ഒരു എഴുത്തു്:—

"കഴിഞ്ഞ തവണ ഞാൻ എഴുതിയ കത്തു് നിങ്ങളെ എല്ലാവരെയും സങ്കടപ്പെടുത്തിയെന്നറിയുന്നതിൽ ആശ്ചര്യം തോന്നുന്നു. എന്താണു് നിങ്ങളുടെ സങ്കടത്തിനു കാരണമെന്നു് എനിക്കു മനസ്സിലാകുന്നില്ല. നമ്മുടെ കുടുംബത്തിൽപ്പെട്ട ഒരാൾ ഈശോസഭയിൽ ചേരുന്നു എന്നോ, ദിവ്യരക്ഷകന്റെ ആജ്ഞയും വഹിച്ചുകൊണ്ടു്, മിഷ്യനറിയായി ആത്മാക്കളെ വീണ്ടെടുക്കാൻ മുഹമ്മദീയരുടെയിടയിലേക്കോ ജപ്പാനിലേക്കോ പോകുന്നു എന്നോ കേട്ടാൽ വീട്ടിലുള്ളവരെല്ലാം ഒന്നോർക്കുകയില്ലാതെ സങ്കടപ്പെടാൻ എന്തുണ്ടു കാരണം. നിങ്ങളെല്ലാവരും ദൈവത്തിനു നന്ദി പറയുകയാണു വേണ്ടതു്. എന്തുകൊണ്ടെന്നാൽ, ഇതു മറ്റുള്ളവർക്കു ലഭിക്കാത്ത ഒരു ഭാഗ്യമല്ലയോ? എന്റെ കത്തു് നിങ്ങളെ വേദനിപ്പിച്ചു എന്നു മെല്ലാനി എനിക്കെഴുതിയപ്പോൾ ഞാൻ പൊട്ടിച്ചിരിക്കയാണു ചെയ്തതു്. ഇനി മേലാലെങ്കിലും, അകാരണമായ ഇത്തരത്തിലുള്ള കണ്ണീരിനു് ഇടം കൊടുത്തു മനസ്സിനെ വിഷമിപ്പിക്കരുതെന്നാണു് എന്റെ അപേക്ഷ."

12

ആസ്ഥപ്പാട്ട പട്ടം സ്വീകരിക്കുന്നതിനുമുമ്പായി സഹോദരി ചെയ്തതുണ്ടായത്:—

"പ്രിയമെലാനി, ഞങ്ങൾക്ക് ആസ്ഥപ്പാട്ടപട്ടം കിട്ടുന്നതു നാളെയാണ്. നാളെമുതൽ ഞാൻ ലോകത്തിൻറെതല്ല. നേരമേറിച്ചു നമ്മുടെ കർത്താവിൻറെതായിരിക്കും. പട്ടം കിട്ടുന്ന സമയം ഞാൻ ദൈവത്തോടു പറയും:—എൻറെ ദൈവമേ, എൻറെ ജ്ഞാനകാശമായി ഞങ്ങളെയയാണ് എനിക്ക് ലഭിച്ചിരിക്കുന്നതു. സ്വർഗ്ഗരാജ്യത്തിൽ എനിക്കായി ഒരു സ്ഥലം നീക്കിവച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ദിവ്യകന്യകയോടു 'വൈദികന്മാരുടെ രാജ്ഞി! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ' എന്നു പ്രാർത്ഥിക്കും. പുണ്യവാന്മാർക്കുള്ള കിരീടം എൻറെ തലയിൽ വഹിക്കുമ്പോൾ ഞാൻ എത്രയോ ഭാഗ്യവാനായിരിക്കും. ഈ കിരീടം ലഭിക്കുന്നതിനുവേണ്ടി ഒരാളുടെ ജീവിതകാലംമുഴുവൻ ചെലവഴിച്ചാലും അതു ഒരിക്കലും അധികമായിപ്പോകുന്നതല്ല."

13

1849 ജൂലായ് 1.

ആവധിക്കാലത്തേയ്ക്കുള്ള ചില കാര്യപരിപാടികൾ

ഞാൻ സെമ്മിനാരിയിൽ പ്രവേശിച്ചിട്ട് ഇപ്പോൾ ഒരു കൊല്ലം കഴിഞ്ഞു. ദൈവമേ, അങ്ങേയ്ക്കു സ്തുതിയുണ്ടായിരിക്കട്ടെ. അവിടുന്ന് എനിക്കു നൽകിയ അനുഗ്രഹങ്ങൾ ഞാൻ നന്ദിയോടുകൂടി ഓർക്കുന്നു. അങ്ങേ തിരുമുമ്പിൽ മാലാഖാമാർപോലും പരിശുദ്ധരായി കാണപ്പെടുന്നില്ല. അങ്ങനെയിരിക്കുമ്പോൾ, ഈയുള്ളവൻറെ സ്ഥിതിയെന്ത്? ദിവ്യരക്ഷകനായ കർത്താവേ, അടിയനെ അനുഗ്രഹിക്കേണമേ. ഞാൻ അവധിക്കാലത്തേക്കു തയാറാക്കിയിരിക്കുന്ന ഈ കാര്യപരിപാടി മുഴുവൻ, അങ്ങേ ദിവ്യഹിതം നിറവേറ്റുന്നതിനു കാരണമായിത്തീരട്ടെ. പാപി

കളുടെ സങ്കേതമായ അമ്മേ, ഈ ദാസന്റെ ഉദ്യമം സഫലമാകാൻ കനിയേണമേ.

1. ഞാൻ ഉണർന്നാലുടൻ എഴുന്നേറ്റ് മിശിഹായ്ക്കും പരിശുദ്ധകന്യകാമാതാവിനും എന്നെ സമർപ്പിക്കും. ഒരിക്കലും പ്രാർത്ഥനയിൽ 6 മണി കഴിഞ്ഞ് ഉറങ്ങുകയില്ല. ആരാധനക്കുള്ള ദിവ്യപൂജയിലാണ് ഞാൻ സംബന്ധിക്കുന്നതെങ്കിൽ, അതുകഴിഞ്ഞാൽ എന്റെ പ്രത്യേകപ്രാർത്ഥനകളും നടത്തും. കൂടാതെ, ബൈബിളിലെ ഒരു നിശ്ചിതഭാഗം ഞാൻ ദിവസംതോറും വായിച്ചു തീർക്കും.

2. ഉച്ചക്ഷണത്തിനുമുമ്പ് ഞാൻ ആത്മശോധന നടത്തും. അതോടുകൂടിത്തന്നെ കുറച്ചുസമയം ധ്യാനവും കഴിക്കും. പ്രധാനമായി വിശ്വാസം, ശരണം, സ്നേഹം മുതലായവയെക്കുറിച്ചായിരിക്കും ആ ധ്യാനം. അവ പ്രയോഗത്തിൽ വരുത്താനുള്ള വഴികളും കണ്ടുപിടിക്കുന്നതിനും ഞാൻ ശ്രമിക്കുന്നതാണ്. മാസാവസാനത്തിൽ പൊതുവായ ആത്മശോധന നടത്തും. അത് അലസതയിൽനിന്നും മന്ദതയിൽനിന്നും എന്നെ അകറ്റുന്നതിനു സഹായിക്കും.

3. സായാഹ്നത്തിൽ ദിവ്യകാരുണ്യസന്ദർശനം നടത്തുന്നതാണ്. അപ്പോൾ വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ പുസ്തകമോ, ക്രിസ്തുനാരകമോ ഞാൻ ഉപയോഗിക്കും.

4. രാവിലെയുള്ള ഭക്ഷണംകഴിഞ്ഞ്, അവധിക്കാലത്തെ പാഠങ്ങൾ പഠിക്കുന്നതിനായിട്ടോ, വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കുന്നതിനായിട്ടോ സമയം ചെലവാക്കും. രാത്രിയിലും കുറേനേരം പുസ്തകം വായിക്കാൻ ഉപയോഗിക്കും.

5. മറ്റുള്ളവരുമായി ഇടപെടുന്ന സന്ദർഭങ്ങളിലെല്ലാം സംഭാഷണത്തിൽ ഞാൻ വളരെ കരുതലുള്ളവനായിരിക്കും. മറ്റുള്ള എല്ലാവരോടും, എന്റെ കുടുംബാംഗങ്ങളോട് പ്രത്യേകിച്ചും, വളരെ സൗമ്യമായി പെരുമാറുകയും, അനുകമ്പയോടു

ക്രൂടെ വർത്തിക്കയും ചെയ്യും. സന്ദർശം ലഭിക്കുമ്പോഴെല്ലാം ദൈവത്തെ സംബന്ധിച്ച് രണ്ടു വാക്കെങ്കിലും കൂട്ടികൊണ്ടു താൻ പറഞ്ഞുകൊടുക്കും. എന്നാൽ വാക്കുകളേക്കാൾ പ്രവൃത്തിക്കാണു കൂടുതൽ ഫലമുള്ളതെന്നു വസ്തുത ഞാൻ മറന്നുകളകയില്ല.

6. തിരുനാൾ ദിവസങ്ങളിൽ കുർബാനയ്ക്കും വേസ്പരയ്ക്കും മദ്ധ്യേ കിട്ടുന്ന സമയംമുഴുവൻ ഞാൻ സഹോദരന്മാരെ അവരുടെ ജോലിയിൽ സഹായിക്കും. കൂടാതെ പ്രസ്തുത ദിവസങ്ങളും ആദ്ധ്യാത്മിക ചിന്തകളിൽ ചെലവഴിക്കുകയും ചെയ്യും.

7. മേൽപറഞ്ഞ നിശ്ചയങ്ങളിൽ പ്രാർത്ഥന, വിസീത്ത ജ്ഞാനവായന തുടങ്ങിയ ഭക്തകൃത്യങ്ങളും വളരെ കണിശമായി ഞാൻ നിറവേറ്റും. മറ്റുള്ളവയ്ക്ക് അത്രതന്നെ പ്രാധാന്യം കൊടുക്കുകയില്ല. സഹോദരി സഹോദരന്മാരുടേയോ, ബന്ധുമിത്രാദികളുടെയോ കൂടെ നടക്കുവാനോ കളിക്കുവാനോ നിർബന്ധിക്കപ്പെടുന്നപക്ഷം അവ ഞാൻ ഉപേക്ഷിച്ചെന്നും വന്നേക്കും. എങ്കിലും പതിവിൽകവിഞ്ഞു മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കത്തവിധത്തിലോ, അവക്കെന്തെങ്കിലും രസക്കേടു തോന്നാത്തക്കവണ്ണമോ യാതൊന്നും ചെയ്യാതിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. യഥാർത്ഥഭക്തി ഒച്ചപ്പാടില്ലാത്തതാകുന്നു. അതു പുറമേ കാണപ്പെടുന്നതിനു ആഗ്രഹിക്കുന്നില്ല. ഇങ്ങനെ ചെയ്യുന്നതിനു സാധിച്ചിരുന്നെങ്കിൽ, സന്മാതൃകയുടെകുറവു് എനിക്കുണ്ടാകയില്ലെന്നു തീച്ചയാണ്. ദൈവം എന്നെ സഹായിക്കാതിരിക്കയില്ല. നമ്മുടെ രക്ഷകനായ അവിടുന്നു് എനിക്കു വേണ്ട ശക്തിതരുമെന്നു വിശ്വസിക്കുന്നു.

എന്നു്, തെയേഫിൻ വേനാർഡ്.

14

അടുത്തുവരുന്ന വ്രതവാദാനത്തെപ്പറ്റി പിതാവിനെഴുതുന്നു:—

"ഏറ്റവും പ്രിയപ്പെട്ട അപ്പാ,

ഏതു ജീവിത പദ്ധതിയാണു ഞാൻ തിരഞ്ഞെടുക്കേണ്ടതെന്ന് തിരുമാനിക്കാനുള്ള സമയമായിരിക്കുന്നു. ഞാൻ തന്നെ എന്റെ വഴിതിരിഞ്ഞെടുത്തിരിക്കയാണ്. ലോകത്തുനിന്നും ഒരു സഖിയെ ഞാൻ സ്വീകരിക്കയില്ല. ഞാൻ തികച്ചും യോഗ്യതയില്ലാത്തവനാണെങ്കിലും, കരുണാനിധിയായ ദൈവം എന്നോടു ദയാപൂർവം വിളിച്ചിരിക്കുന്നു. അവിടുന്ന് എന്റെ ആത്മാവും ശരീരവും, ഹൃദയംമുഴുവനും ചോദിക്കുമ്പോൾ, അവിടുത്തെ ദാനമായ ഇവ തിരിച്ചുകൊടുക്കയില്ലെന്നു എങ്ങനെ പറയും? വാത്സല്യനിധിയായ പിതാവേ, ദൈവം കഴിഞ്ഞാൽ എന്റെ അസ്തിത്വത്തിന് ഞാൻ അങ്ങയോടാണല്ലോ കടപ്പെട്ടിരിക്കുന്നത്? എന്നോ മുഴുവനും സർവ്വശക്തനു സമർപ്പിക്കുന്നതിൽ അങ്ങേയ്ക്കു വല്ല വിരോധവുമുണ്ടോ? ലോകത്തിനോ മറ്റുള്ളവർക്കോ തുല്യമായതൊന്നും സൃഷ്ടിച്ചു വയ്ക്കാതെ, അങ്ങു മനുഷ്യഹൃത്തിനെ നിഃശ്ലേഷം ദൈവത്തിനു സമർപ്പിക്കുന്നതിനു പരിപൂർണ്ണസമ്മതം തന്നോ അല്ലയോ? അവിടുന്ന് തീച്ചയായും തടസ്സം പറകയില്ലെന്ന് എനിക്കു നിശ്ചയമുണ്ട്. എന്തുകൊണ്ടെന്നാൽ, അവിടുത്തെക്കു പിതാവിനടുത്ത ഒരു ഹൃദയമുണ്ടെങ്കിൽ, അതിലും ഉപരിയായ മതതീക്ഷ്ണതയുള്ള ഒരു കത്തോലിക്കന്റെ ഹൃദയവുമുണ്ട്.

അപ്പൻ എന്റെ വിവാഹത്തിന്—മനുഷ്യശക്തിക്കതീതമായ വിധത്തിൽ മനുഷ്യാത്മാവിനെ സ്രഷ്ടാവിനോടു കൂട്ടിയിണക്കുന്നതിന്—വന്നുചേരുമെന്നു വിശ്വസിക്കുന്നു."

15

മിഷ്യനറിയാകാനുള്ള അനുവാദം പിതാവിൽനിന്നും ലഭിച്ചപ്പോൾ, തന്മൂലം അതിയായ സന്തോഷവും, എന്നാൽ, കുടുംബാംഗങ്ങളെ വേർപിരിയേണ്ടി വരുന്നതിൽ സങ്കടവും കലർന്നതെരേസിന്റെ കത്തുകൾ:—

"സ്നേഹംനിറഞ്ഞ സഹോദരീ, എന്റെ സകല സന്തോഷങ്ങളുടെയും കാരണം നമ്മുടെ ഭവനമായിരുന്നു. നിർമ്മലമായ സ്നേഹശുശ്രൂഷയിലെ കണ്ണികളായിരുന്നു നാം. ഞാൻ നിങ്ങളിൽ നിന്നു വേർപെടണമെന്ന് ദൈവ തിരുവുള്ളമുണ്ടായി. എനിക്കു എന്നോടുതന്നെ ഇക്കാര്യത്തിൽ എത്രമായും പടവെട്ടേണ്ടിവന്നു എന്നുള്ള വാസ്തവം ഒരുപക്ഷേ നിങ്ങൾക്ക് അറിയുവാൻ പ്രയാസമായിരിക്കും. എന്നെ വിളിച്ച ദൈവം എനിക്കു വേണ്ട ശക്തിയും തന്നു. എന്റെ പോരാട്ടത്തിൽ ഞാൻ ജയിക്കുകതന്നെ ചെയ്തു. "ദൈവത്തിനു മഹത്വമുണ്ടായിരിക്കട്ടെ".

16

ഉപദേശങ്ങൾക്കായി ആവശ്യപ്പെട്ട എവുസേബിയസിനു' ജ്യേഷ്ഠസഹോദരനായ തെയോഫിൻ എഴുതുന്നു:—

"പ്രിയ എവുസേബിയസേ, ഓരോ ജീവിതരീതിയുടെയും ഗുണദോഷങ്ങളും തിരിച്ചറിയുന്നതിനുള്ള കഴിവ് ഇപ്പോൾ നിനക്കുണ്ടല്ലൊ. നിന്റെ പ്രകൃതിക്കു യോജിച്ചതു തിരിഞ്ഞെടുക്കുക. എന്നാൽ മാത്രമേ നിന്റെ ഭാവി ശോഭനമായിരിക്കയുള്ളു. ഭാവിജീവിതത്തിനു വേണ്ട ചില നിശ്ചയങ്ങൾ ചെയ്യേണ്ട പ്രായമാണ് ഇത്.

"യൂറോപ്പിലെ സാമുദായികജീവിതം ആകെപ്പാടെ വഷളായിത്തീർന്നിരിക്കയാണ്. മൻകാലങ്ങളിൽ ചില സാമുദായികനിയമങ്ങളും നിബന്ധനകളും ഉണ്ടായിരുന്നു. ചില ദുഷ്പ്രമാണങ്ങളെയെങ്കിലും അവയെ ലംഘിച്ചിരുന്നില്ല. സാമൂഹ്യജീവിതം മതത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടപ്പെട്ടിരിക്കുന്നത്. വ്യക്തികൾക്കും സമുദായങ്ങൾക്കും അസ്തിത്വവും അഭിവൃദ്ധിയും നൽകുന്നതു ദൈവമാണെന്നുള്ള കാര്യം മറന്നു പ്രവർത്തിക്കുന്നവർ വഞ്ചിച്ചുവരികയാണ്.

"നിന്റെ ഭാവി ജീവിതരീതിയെപ്പറ്റിയാണെങ്കിൽ ആദ്യമായി ദൈവഹിതമറിയുവാൻ തീഷ്ണതയോടുകൂടി പ്രാർത്ഥിക്കുക. അപ്പോൾ നിന്റെ വഴി തെളിഞ്ഞു കാണാം. നിനക്കുണ്ടാവ

പ്പെടുന്ന ദൈവികപ്രേരണയനുസരിച്ചു പ്രവർത്തിക്കാൻ സന്നദ്ധനായിരിക്കുക.

"എളിമ, പ്രാർത്ഥന, ദൈവകല്പനകളുടെയും സഭാനിയമങ്ങളുടേയും അനുസരണം, ദൈവപരിപാലനത്തിൽ പൂർണ്ണമായി ആശ്രയിക്കുക എന്നിവയാണ് ദൈവം നിന്നോടാവശ്യപ്പെടുന്നത്. ദൈവം തന്നിരിക്കുന്ന അനുകൂലസാഹചര്യങ്ങളെവേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുക. ദൈവത്തെ തൃപ്തിപ്പെടുത്തുന്നതിനായിട്ടല്ലാതെ, ലോകത്തിലെ യാതൊരു കീർത്തിയും ബഹുമതിയും ലഭിക്കുന്നതിനായി നീ പ്രയത്നിക്കരുത്. ദൈവത്തിനായി വേല ചെയ്യാത്തവൻ പിശാചിനും ലോകത്തിനും വേണ്ടിയാണ് പ്രയത്നിക്കുന്നത്. പരിശുദ്ധമായ കത്തോലിക്കസഭയെ സ്ഥാപിച്ചതു ദൈവമാകുന്നു. അതു ദൈവത്തിന്റെ നഗരമാണ്. നാം ആ നഗരത്തിലെ പൗരന്മാരുമത്രേ. നമ്മുടെ നായകൻ ക്രിസ്തുവാണ്. എന്നാൽ ലോകാവസാനത്തിലല്ലാതെ ഇവയൊന്നും വ്യക്തമാകയില്ല. ക്രിസ്തു തന്റെ പ്രതിപുരുഷന്മാരായി മാർപ്പാപ്പായേയും മെത്രാന്മാരേയും നിയമിച്ചു. അവർക്ക് തെറ്റുവരാത്ത അധികാരവും നൽകി. നാം അവരുടെ അധികാരത്തെ അനുസരിക്കണം. അവരോട് സഹകരിച്ചു പ്രവർത്തിക്കയും ചെയ്യണം."

17

പാരീസിനെപ്പറ്റിയുള്ള ഒരു വിവരണം അറിയുന്നതിനായി ആവശ്യപ്പെട്ട എവുസേബിയസിനു് എഴുതിയ കത്തിന്റെ സംഗ്രഹം:—

"ചോയിറിയേഴ്സിൽ നിന്നും തീവണ്ടികയറി മാർലിയൻസ് സ്റ്റേഷനിൽ ഞാൻ വന്നിറങ്ങി. 'ഇവെറ്റ്' നദിയുടെ ഇരുകരകളിലും വിശാലമായി പരന്നു കിടക്കുന്ന പുൽത്തകിടികളും വൻകാടുകളും ആദ്യമായി കാണാം. അവിടവിടെ തടാകങ്ങളും പൊയ്കകളും കൊണ്ടു മനോഹരമായിരിക്കുന്ന പ്രസ്തുത സ്ഥലം കടന്നു മുമ്പോട്ടു ചെല്ലുമ്പോൾ കാണാനായ് 'ട്രയിലേറിസ്'

എന്ന പേരുള്ള പുത്തൻതോട്ടമാണ്. അവിടെ കള്ളദേവന്മാരുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. കുറേ ദൂരംകൂടെ ചെല്ലുമ്പോൾ പാരീസിന്റെ കേന്ദ്രസ്ഥാനത്തു് എത്തുന്നു. അവിടെ മനോഹരമായ മാളികകളും ധാരാളമായി കാണാം. വിശേഷവസ്ത്രങ്ങളണിഞ്ഞ സ്ത്രീപുരുഷന്മാർ നാടകശാലകളിലേക്കോ കാഴ്ചബംഗ്ലാവിലേക്കോ തിക്കിത്തിരക്കുന്നതു കാണുന്നതു് ഒരു കാഴ്ചതന്നെയാണ്. രാത്രി മുഴുവൻ പട്ടണം ദീപങ്ങൾകൊണ്ടു പ്രശോഭിക്കുന്നു. രാത്രിയുടെ അധികഭാഗവും നാടകശാലയിൽ കഴിച്ചുകൂട്ടുന്നവർ വെളുപ്പാൻകാലത്തുമാത്രമേ ഉറങ്ങാൻ പോകയുള്ളു. ഈ ജീവിതം ഒരു ക്രിസ്ത്യാനിക്കോ, എന്നല്ല, സുബുദ്ധിയുള്ള ഒരു മനുഷ്യനുതന്നെയോ, യോജിച്ചതാണോ? ഇതാണ് പാരീസിലെ ജീവിതരീതി.

"ഇവിടത്തെ സ്ത്രീകൾ പരിഷ്കാരത്തിൽ വലിയ ശ്രേമമുള്ളവരാണ്. എവിടെയും അങ്ങനെതന്നെയാണല്ലോ. കണ്ടുപിടിത്തങ്ങളുടെയെല്ലാം മഹത്വം ദൈവത്തിനു നൽകിയിരുന്നെങ്കിൽ ലോകത്തിനു് എത്രമാത്രം അനുഗ്രഹം ലഭിക്കുമായിരുന്നു!

"എന്നാൽ അവർക്കു ദൈവത്തെപ്പറ്റി ചിന്തിക്കുന്നതിനേപോലും സമയമില്ല. ഒരാൾ തത്വശാസ്ത്രജ്ഞന്റെ വേഷം കെട്ടുന്നു. മറ്റൊരാൾ കവിയാണെന്നു സ്വയം അഭിമാനിക്കുന്നു. മൂന്നാമതൊരാൾക്കു സംഗീതത്തിൽ വാസന. മറ്റൊരാൾക്കു ചിത്രരചനയിൽ. എല്ലാവർക്കുമുള്ള സർവ്വസാധാരണമായ സംഭാഷണവിഷയം രാഷ്ട്രീയകാര്യങ്ങളാണ്. നിരീശ്വരത്വമനഃസ്ഥിതി എവിടെയും കാണപ്പെടുന്നു. ലോകവും അതിന്റെ ആഡംബരങ്ങളും നഗ്നരായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. സുഖഭോഗം ഒന്നുമാത്രം ഈ നഗരവാസികളുടെ ലക്ഷ്യം. ഈ ദുരവസ്ഥയിൽനിന്നും ദൈവം ഫ്രാൻസിനെ രക്ഷിക്കട്ടെ.

18

സഹോദരി രോഗബാധിതയായിരിക്കുന്നതറിഞ്ഞു് എഴുതുന്നു:—

"ഏറ്റവും പ്രിയപ്പെട്ട മെലാനി, നീ രോഗബാധിതയായിരിക്കുന്നതറിഞ്ഞു ഞാൻ സന്തോഷിച്ചു. ഇപ്പോൾ സുഖമായിരി

ക്കുന്നു എന്നറിഞ്ഞു കൂടുതൽ സന്തോഷിക്കുന്നു. ആദ്യം ഞാൻ പറഞ്ഞതിൽ നീ അതൃപ്തപ്പെട്ടേക്കാം. പക്ഷേ, അങ്ങനെ പറഞ്ഞതിനു കാരണമുണ്ട്. സുഖക്കേടായി കിടക്കയിലായിരുന്നപ്പോൾ, ഭവ്യരക്ഷകനെ പ്രതി അല്പമെങ്കിലും സഹിക്കുന്നതിനുള്ള അവസരം നിനക്കു ലഭിച്ചല്ലോ എന്നോർത്താണ് ഞാൻ സന്തോഷിച്ചതു്. സ്വർഗ്ഗം വിലയ്ക്കുവാങ്ങുവാനുള്ള നാണയങ്ങളാണു് പീഡകളും. ധാരാളം സഹിക്കാനുണ്ടായിരുന്നതുകൊണ്ട് നിന്റെ പ്പോലും വളരെ സമ്പന്നയായിത്തീർന്നിരിക്കുന്നു. ഞാനാകട്ടെ, വളരെ ദരിദ്രനാണ്. എന്റെ കൈവശം ഒരു മുപോലുമില്ല."

19

ഇൻഡോ ചൈനയിലേക്കുള്ള യാത്രയുടെ ആരംഭമായി അപ്പൻ എഴുതുകയാണ്:—

ഏറ്റം വാത്സല്യമുള്ള പിതാവേ, ഇന്നു ഞാൻ ഫ്രാൻസു വിട്ടുപോകുന്നതാണു്. ആകയാൽ അങ്ങയോടു അവസാനമായി യാത്രപറഞ്ഞുകൊള്ളട്ടെ. എന്റെ വേർപാടു് അങ്ങയ്ക്കു വളരെ വേദനയുണ്ടാക്കുമെന്നു് എനിക്കറിയാം. എന്നാൽ അങ്ങു് ധൈര്യമവലംബിക്കണം. ഈ ലോകജീവിതം ക്ഷണത്തിൽ കഴിയുകയും മരണം നമ്മെ വീണ്ടും യോജിപ്പിക്കുകയുംചെയ്യും. മരണം ഒരു ക്രിസ്ത്യാനിക്കു് ജീവിതാരംഭമാണല്ലോ. അതിഗാഢമായി അങ്ങയെ ആലിംഗനംചെയ്തുകൊണ്ടു് ഒരിക്കൽക്കൂടി യാത്രപറയുന്നു."

20

കപ്പൽ ഉറമുഖംവിട്ട അവസരത്തിൽ വീട്ടിലേക്കെഴുതിയതു്:

"ഓൺ വെർപ്പിൽനിന്നും ഞങ്ങൾ യാത്രതിരിച്ചിരിക്കുന്നു. എന്റെ ഹൃദയം വികാരംകൊണ്ടു് വിവശമായിപ്പോയി. ദൈവത്തിന്റെ പ്രത്യേകസഹായമില്ലായിരുന്നെങ്കിൽ ഞാൻ ബോധംകെട്ടുപോകുമായിരുന്നു. നിങ്ങളെയെല്ലാം ഞാൻ പ്രാണനെപ്പോലെ കരുതിയിരിക്കുന്നതിനാൽ നമ്മുടെ വേർപാടു് എനിക്കു് സഹിക്കാൻ പാടില്ലാതായിത്തീർന്നു. നിങ്ങളെല്ലാവരും എന്റെ ഓർമ്മയിൽത്തന്നെ സ്ഥിതിചെയ്യുന്നു.

"സകല സുഖസൗകര്യങ്ങളും കപ്പലിലുണ്ട്. കപ്പിത്താൻ ഒരു പിതാവിനെപ്പോലെയാണ് ഞങ്ങളോട് പെരുമാറുന്നത്. ക്രമേണ നോട്ടത്തിൽ നിന്നും മറയുന്ന ഓരോ ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും വന്ദനം പറഞ്ഞുകൊണ്ടാണ് ഞാൻ യാത്ര തുടർന്നത്. ഇപ്പോൾ ആകാശവും സമുദ്രവുമല്ലാതെ മറ്റു യാതൊന്നും ഞങ്ങൾ കാണുന്നില്ല. ഇനി വളരെ നാളുകൾ കഴിഞ്ഞല്ലാതെ നിങ്ങളുടെ പേക്ക് എഴുതാൻ സാധിക്കയില്ല. ആകയാൽ വീണ്ടും വന്ദനം!"

21

യാത്രയെ വിവരിച്ചുകൊണ്ടു സിംഗപ്പൂരിൽ നിന്നും എഴുതിയ കത്തിലെ ചില ഭാഗങ്ങൾ:—

"ഇന്നു ഞങ്ങൾ സിംഗപ്പൂർ തുറമുഖത്തെത്തിയിരിക്കുന്നു. ഒക്ടോബർ 10-ാംതീയതി ഞായറാഴ്ച ഞങ്ങൾ പ്ലിമത്തിൽ നിന്നും പുറപ്പെട്ടു. ഒന്നരമാസത്തേക്കു മാത്രമേ ദിവസേന ദിവൃഞ്ജലി അയപ്പിക്കുന്നതിനു സാധിച്ചുള്ളൂ. അപ്പോഴേക്കും ഞങ്ങളുടെ പക്കലുണ്ടായിരുന്ന 'മാസ്റ്റി' ചീത്തയായിപ്പോയി. ഞാൻ എവിടെയായിരുന്നാലും ദൈവം എന്നെ സഹായിച്ചുകൊണ്ടിരിക്കും. സ്വർണ്ണമാണോ സിംഗപ്പൂർവാസികളുടെ ദൈവമെന്നു തോന്നിപ്പോകാറുണ്ട്. പുതിയപുതിയ ഖനികൾ ഇവർ ദിവസംതോറും കണ്ടുപിടിക്കുന്നു. ഇത്രകൊണ്ടൊന്നും ഇക്കൂട്ടർക്കു സമാധാനമോ സംതൃപ്തിയോ ലഭിക്കുന്നതെന്നു എനിക്കു തോന്നുന്നില്ല. അഗ്നിയിൽ ശോധനം ചെയ്യപ്പെടുത്ത സാക്ഷാൽ സ്വർണ്ണം ഉപവിമാതൃമാകുന്നു."

22

ഹൊങ്കോങ്ങിൽ താമസിക്കുമ്പോൾ, ഉറ്റമിത്രമായിരുന്ന ഫാദർ ഡാല്ലറിനെഴുതുന്നു:—

"ചൈനയുടെ ഇപ്പോഴത്തെനില വൈഷമ്യത്തിലാണ്. പ്രോട്ടസ്റ്റൻറുമതം ഇവിടെ പ്രചരിപ്പിക്കാമെന്നുദ്ദേശിച്ചു യൂറോപ്യന്മാർ വിപുലകക്ഷികളെ പ്രോത്സാഹിപ്പിച്ചുവരുന്നു. ചൈനാക്കാർക്കു വിദേശികളോടുള്ള വിദ്വേഷം അടിക്കടി വർദ്ധിച്ചുവരി

കയാണ്. വിപ്ലവകാരികളെ അടിച്ചമർത്തിയിട്ട് യൂറോപ്യ ന്മാരുടെ നേരെ, വിശിഷ്യ മിഷ്യനറിമാരുടെ നേരെ ചക്രവർത്തി തിരിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ വിപ്ലവംമൂലം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങളും നിസ്സാരമായിരിക്കും. ക്രിസ്തുമതത്തിനു ശോഭനമായ ഒരു ഭാവിയുണ്ടെന്നു പത്രക്കാർ പറയുന്നുണ്ടെങ്കിലും, അതു കേവലം സങ്കല്പംമാത്രമാണ്. ദൈവത്തിൽ ഞങ്ങളും ശരണപ്പെടുന്നു. അവിടുന്നാണ് ഞങ്ങളുടെ രക്ഷകൻ. അജ്ഞാനികളുടെ മാനസാന്തരത്തിനായി നമുക്കു തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കാം."

23

ടോങ്കിങ്ങിലേക്കു പുറപ്പെടുന്നതിനുമുമ്പായി, കുടുംബാംഗങ്ങളെഴുതുന്ന ഒരു കത്തിൽ, രക്തസാക്ഷിയായി മരിക്കാനുള്ള അതിയായ ആഗ്രഹം വെളിപ്പെടുത്തുന്നു:—

"ഞാൻ ഈയിടെതന്നെ ടോങ്കിങ്ങിലേക്കു യാത്രതിരിക്കും. അവിടെ വച്ചാണ് 'ചാൾസ് കോർണോ' രക്തസാക്ഷിയായി മരിച്ചത്. അതേഭാഗ്യംതന്നെ എനിക്കും ലഭിക്കുമെന്നു ഞാൻ പറയുന്നില്ല. എന്നാൽ, നിങ്ങളെല്ലാവരും ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്ന പക്ഷം ദൈവം എനിക്കും അതിനുള്ള അവസരം നല്കിയേക്കാം. ടോങ്കിങ്ങും കൊച്ചിൻചൈനയും ഉൾപ്പെട്ടുന്ന 'ഓനാമൈറ്റ്' രാജ്യത്താണ് ഇപ്പോൾ ഘോരമായ മതമർദ്ദനം നടക്കുന്നത്. മിഷ്യനറിമാരെ കണ്ടാലുടനെ കഥകഴിക്കണമെന്ന് ആ നാട്ടുകാർ ഒരു വ്രതം സ്വീകരിച്ചിരിക്കുന്നതുപോലെ തോന്നുന്നു. രക്തസാക്ഷിമകുടം ചൂടാനുള്ളഭാഗ്യം എല്ലാവർക്കും ലഭിക്കുന്നില്ല. തന്റെ മിഷ്യനറിമാരെ നല്ലവണ്ണം അറിയാവുന്ന മിശിഹാ ചിലരെ സ്വീകരിക്കുകയും മറ്റു ചിലരെ ഉപേക്ഷിക്കുകയുമാണ് ചെയ്യുന്നത്. അവിടുത്തെ തിരുമനസ്സുനിറവേറട്ടെ. മതമർദ്ദനം എത്ര ഘോരമായിരുന്നിട്ടും, ഓനാമൈറ്റ് ദേശത്തു മാനസാന്തരപ്പെട്ടവരുടെ സംഖ്യയും

കുറവല്ല, രക്തസാക്ഷികളുടെ രക്തമാണല്ലോ ക്രിസ്തുമതത്തിന്റെ ബീജം. ഹാ! രക്തസാക്ഷിമകുടം ചൂടാനുള്ളഭാഗ്യം ദൈവം എനിക്കു നല്കിയിരുന്നെങ്കിൽ!

24

മക്കാവോയിൽനിന്നു ടോങ്കിങ്ങിലേക്കുള്ള യാത്രയെ വിവരിച്ചുകൊണ്ടു് സഹോദരന്മാക്കെഴുതുന്നു:—

"ഇവിടെ വന്നതിൽപിന്നെ ആദ്യമായി ഞാൻ എഴുതുന്നതു നിങ്ങൾക്കാണ്. ജൂൺ 2-ാം തീയതി ഞാനും ഫാദർലഗ്രാൻഡും കൂടെ മക്കാവോയിൽനിന്നും കപ്പൽകയറി. ഉടൻതന്നെയാത്രയാകാൻ സാധിച്ചില്ല ചൈനാക്കപ്പലുകളെല്ലാം ഒരുമിച്ചാണ് യാത്രതിരിക്കുക പതിവു്. എന്നാൽ ഞങ്ങൾക്കു പരസ്പരം വിശ്വാസമില്ലാത്തതിനാൽ ഓരോകപ്പലും നന്നായി പരിശോധിച്ചുശേഷമേ യാത്ര പുറപ്പെടുകയുള്ളൂ. പരിശോധനകഴിഞ്ഞു് എഴുപതുകപ്പലുകൾ ഒരുമിച്ചു പുറപ്പെട്ടു. യൂറോപ്യന്മാരെ വെറുക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ചൈനാക്കാരുടെ കൂട്ടത്തിൽ യൂറോപ്യന്മാരായി ഞങ്ങൾ രണ്ടുപേരും ഉണ്ടായിരുന്നുള്ളൂ. വൃത്തികെട്ടതും ശ്വാസംവായു ലഭിക്കാത്തതുമായ ഒരു ഇടുങ്ങിയ മുറിയാണ് ഞങ്ങൾക്കു കിട്ടിയതു്. താപ്പുകൾ ഞങ്ങൾ ആ മുറിയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. എന്തുകൊണ്ടെന്നാൽ, പുറത്തിറങ്ങുന്ന പക്ഷം അവർ ഞങ്ങളെ പരിഹസിക്കയും വസ്ത്രങ്ങളുമറവും പരിശോധിച്ചു് അസഹ്യപ്പെടുത്തുകയും ചെയ്തിരുന്നു. യാത്രയ്ക്കുവല്ല കഷ്ടപ്പാടും നേരിട്ടുകയാ, കൊള്ളക്കാരുടെ ആക്രമങ്ങളുണ്ടാകയോ ചെയ്യുമ്പോളെല്ലാം അവർ ഞങ്ങളെയാണ് കാരാപ്പെട്ടിയിരുന്നതു്. ദയയേറ്റം സ്നേഹത്തോടുംകൂടി അവരോടു പെരുമാറാൻ ഞങ്ങൾ ശ്രമിച്ചിരുന്നു. എന്നാൽ അപ്പോഴും അവർ ഞങ്ങളെ പരിഹസിക്കയത്രേ ചെയ്തിരുന്നതു്. ഈ മാതിരി വിഷമഘട്ടങ്ങളിൽ ഒരു മിഷ്യനറിയുടെ ഏകാശ്വാസം ക്രിസ്തുമാത്രമാകുന്നു.

ഗ്രിൻപാക്ക് എന്ന സ്ഥലത്തുവച്ച് കൊള്ളക്കാരുടെ വക ഏതാണ്ടം കപ്പലുകളും ഞങ്ങൾക്കെതിരെവന്നു. പക്ഷേ ഞങ്ങളുടെ വെടിയുണ്ടകളെ ഭയന്ന് അവ കടന്നുകളയുകയാണുണ്ടായത്.

ടോകിങ്ങിലുള്ള ക്രവാക്കാം എന്ന സ്ഥലത്താണ് ഞങ്ങൾ കായ്ക്കിറങ്ങിയത്. ഞങ്ങൾ ക്രിസ്ത്യാനികളുടെ വക ഒരു വള്ളത്തിൽ ഡൊമിനിക്കൻ സന്ന്യാസിമാരുടെ ആശ്രമത്തിലേക്കു തിരിച്ചു. അവിടത്തെ മെത്രാൻ ഞങ്ങളെ അരമനയിൽ സ്വീകരിച്ചു സല്ക്കരിച്ചു. ഇവിടങ്ങളിൽ മെത്രാന്റെ അരമന ഒരു ചെറുവനമോ മറിയോ മാത്രമായിരിക്കുമെന്നുള്ളതും പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. ഞാൻ അദ്ദേഹത്തിന്റെ നിർബ്ബന്ധമനുസരിച്ച് ഇവിടെത്തന്നെ താമസിച്ചു വരികയാണ്."

25

ഫാദർ തെയോഫിൻ, തനിക്കു പിടിപെട്ട സുഖക്കേടിനെയതിനെപ്പറ്റി സംക്ഷിപ്തമായി വിവരിച്ചുകൊണ്ട് 1853 മാർച്ച് മാസത്തിൽ പിതാവിനെഴുതുന്നു:—

"പ്രിയപ്പെട്ട അപ്പാ,

അനാമൈറ്റ് ഭാഷ പഠിക്കുന്നതിനായി കിഡോൺ ഗ്രാമത്തിലുള്ള ഒരു വിദ്യാലയത്തിലേക്ക് റിട്ടോർഡ് മെത്രാൻ എന്നെ അയച്ചു. കിനോൺ എന്ന സ്ഥലത്തു താമസിച്ചിരുന്ന ബിഷപ്പ് റിട്ടോർഡിന്റെ സഹമെത്രാൻ ജീൻറിന്റെ അതിഥികളായി ഞാനും എന്റെകൂടെ പുറപ്പെട്ട രണ്ടു ഉപദേശികളും കഴിച്ചുകൂട്ടി. അവിടെനിന്നും ഞങ്ങൾ ലാങ്ങ്ഡോണിലെ വിദ്യാലയത്തിലേക്കു തിരിച്ചു. അനാമൈറ്റ് ഭാഷ പഠിക്കാൻ ഞങ്ങൾ ഒരു മാസം ചിലവഴിച്ചു. ഒക്ടോബർ മാസത്തിലെ രണ്ടാം തീയതി അവിടത്തെ ഒരു ചെറിയ പള്ളിയിൽ അനാമൈറ്റ് ഭാഷയിൽ ഒരു പ്രസംഗം ചെയ്യാൻ ഞാൻ ചുമതലപ്പെട്ടു.

ഏതാണ്ടം ദിവസം കഴിഞ്ഞപ്പോൾ ഞങ്ങളുടെ വിദ്യാലയത്തിൽ പട്ടണ പിടിച്ച മഹാമാരി എന്നെയും ബാധിച്ചു. എന്റെ

ക്കുടെയുണ്ടായിരുന്ന ഉപദേശികനും എന്നെ വളരെ ശ്രദ്ധയോടുകൂടി ശുശ്രൂഷിച്ചു. ബിഷപ്പ് ജിൻഡേറ, വികാരി ജനറാലും ഫാ. കാസ്സസ് എന്നിവരുടെ ഔദാര്യവും സൗഹാർദ്ദവും കൊണ്ട് എനിക്ക് ഭാഗ്യവശാൽ സുഖംലഭിച്ചു. അന്നാം ദേശക്കാർ എനിക്ക് ഹാർദ്ദമായ സ്വീകരണംതന്നു ബഹുമാനിച്ചു. എന്നാൽ ചീനപ്രഭുക്കന്മാരെ യെന്ന് മരു രാത്രിയിൽ എനിക്ക് അടുത്ത ഗ്രാമത്തിലേക്ക് ഓടിപ്പോകേണ്ടിവന്നു. അവിടെ മരു ക്രിസ്ത്യാനിയുടെ ഭവനത്തിലാണ് ഞാൻ എട്ടുദിവസത്തോളം കഴിച്ചുകൂട്ടിയത്. ഫാ. കാസ്സസിന്റെ വിദ്യാലയത്തിൽപോയി താമസിക്കുവാ, അദ്ദേഹം ഉപരിസന്ദർശനത്തിനായി മെത്രാനോടൊന്നിച്ച് യാത്രയായി. ഞാൻ അവിടെ വിദ്യാർത്ഥികളുടെയും ഗ്രാമവാസികളുടെയും പാപസങ്കീർത്തനം കേൾക്കാൻ തുടങ്ങി. അല്ല് എന്റെ മുമ്പിലുള്ള ശ്വാസകോശവിക്കത്തെ ഇളക്കി. ഒരു ഡാക്ടറുടെ ചികിത്സയിൽ താല്ക്കാലത്തേക്ക് അല്പസുഖം ലഭിച്ചുതേയുള്ളു. ദിവ്യബലി അർപ്പിക്കുവാനോ, കാനോനാ നമസ്കാരം ചൊല്ലുവാനോ ഫാദർ കാസ്സസ് എന്നെ അനുവദിച്ചിരുന്നില്ല. സംസാരിക്കുന്നതിനുപോലും വളരെ ദുർബ്ബലമായിട്ടേ അനുവാദം ലഭിച്ചിരുന്നുള്ളു. ഒടുവിൽ, ആരോഗ്യം ലഭിക്കുന്നതിനുവേണ്ടി തിരുഹൃദയത്തിന്റെ നവനാൾ കഴിക്കാമെന്ന് നിശ്ചയിച്ചു. നവനാൾ തുടങ്ങിയ ദിവസംമുതൽ രോഗശമനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ക്രമേണ പൂർണ്ണസുഖമാവുകയുംചെയ്തു. ഈശോയുടെ പരിശുദ്ധ ഹൃദയം സദാകാലം സ്തുതിക്കപ്പെടട്ടെ."

26

ടോങ്കിങ്ങിലെ ജനങ്ങളോടുള്ള തന്റെ ബന്ധത്തെപ്പറ്റി അദ്ദേഹം സഹോദരി മെലാനിക്കെഴുതുന്നു:—

"പ്രിയസഹോദരീ, ഞാൻ എന്റെ മരണത്തിൽപ്പെട്ട ജനങ്ങളുമായി എങ്ങനെ കഴിഞ്ഞുകൂടുന്നു എന്ന് ഇവിടെ പറഞ്ഞറിക്കാണാവാൻ മരു പക്ഷിയായിത്തീർന്നെങ്കിലോ എന്ന് ആഗ്രഹിക്കുന്നുവെന്നാണല്ലോ നീ ഏഴുതിയിരിക്കുന്നു. പിതാവു

പുത്രരോടെന്നപോലെയാണ് ഞാൻ അവരോട് പെരുമാറുന്നത്. സുശീലരായ ഇന്നാട്ടുകാർക്ക് മിഷ്യനറിമാരോട് വളരെ ബഹുമാനമുണ്ട്. ഗ്രാമങ്ങളിലെ പൗരപ്രമാണികൾ പലപ്പോഴും എന്നെ സന്ദർശിക്കുകയും ചില സമ്മാനങ്ങൾ തരികയുംചെയ്യാറുണ്ട്. നാട്ടുഭാഷയിലുള്ള എന്റെ പാണ്ഡിത്യക്കുറവ് പല വിഷമതകളും ഉണ്ടാക്കുന്നു. അവരോട് അവ്യക്തമായ ചില വാക്കുകൾ ഉച്ചരിക്കാനേ എനിക്കു സാധിക്കുന്നുള്ളൂ. എന്നെ വേദനപ്പെടുത്തുന്നതിൽ വിഷമം തോന്നിയിട്ടാണ് അവർ എന്റെ വാക്കുകൾ കേട്ടു പൊട്ടിച്ചിരിക്കാത്തത്. മേലധികാരികളെ സന്ദർശിക്കുന്ന അവസരത്തിൽ എന്തെങ്കിലും കാഴ്ച നൽകണമെന്നുള്ള ഒരു ഏർപ്പാട് അന്യാമെറിക്കരുടെ ഇടയിലുണ്ട്. അവർ അത്തരം കാഴ്ചകളോടുകൂടിയാണ് എന്നെ സന്ദർശിക്കാറുള്ളത്. വിശേഷിച്ചും, മിഷ്യനറിമാർക്ക് നല്ല നല്ല കാഴ്ചകൾ കൊണ്ടുവരുന്ന കൊടുക്കാൻ അവർക്ക് പ്രത്യേകം താല്പര്യമുണ്ട്. പ്രിയപ്പെട്ട മെലാനി, ഞാൻ ഇവരെ എത്രയും കൃതജ്ഞതയായി സ്നേഹിക്കുന്നു. ഇവരുടെ ശുശ്രൂഷയ്ക്കായി എന്നെ സമർപ്പിച്ച ദൈവത്തിനു ഞാൻ എന്നും നന്ദിപറയുന്നു. പക്ഷേ, പനിനീർ പുഷ്പങ്ങൾക്കിടയിൽ മുള്ളുകളുമുണ്ടെന്നുള്ള കാര്യം മറന്നുകളയരുത്."

27

(1858 ഡിസംബർ)

സഹോദരൻ എവുസേബിയസിന് എഴുതുന്നു: —

"ഏറ്റവും പ്രിയപ്പെട്ട എവുസേബിയസേ, നിന്റെയും മറ്റു കുടുംബാംഗങ്ങളുടെയും 1857-ലും 58-ലും അയച്ച കത്തുകളെല്ലാം കഴിഞ്ഞ ഒക്ടോബർ മാസത്തിൽ എനിക്കു കിട്ടി. ഹാ! ആ കത്തുകൾ എന്നെ എത്രമാത്രം ആനന്ദിപ്പിച്ചു. ആ മാതിരി സന്തോഷകരമായ കത്തുകളയക്കാൻ എനിക്കും സാധിച്ചിരുന്നെങ്കിൽ! എന്നാൽ, കഷ്ടം! ഇക്കഴിഞ്ഞ ഒൻപതു മാസങ്ങളായി ഈ രംഗങ്ങളിൽ ക്ലേശങ്ങളല്ലാതെ മറ്റൊന്നുമില്ല.

ജൂൺ 10-ാംതീയതി അർദ്ധരാത്രി, പട്ടാളക്കാർ ഞങ്ങളുടെ താമസസ്ഥലം വളഞ്ഞു. ഞങ്ങളെ ബന്ധിക്കുവാനടുത്തു വരുന്നു വിവരം ഒരാൾ ഓടിവന്നു പറഞ്ഞു. ഞങ്ങൾ സകല സാമാനങ്ങളും അങ്ങുമിങ്ങുമായി ഒളിച്ചുവച്ചു. ഏതാനും നാഴികയ്ക്കുള്ളിൽ പട്ടാളക്കാർ അവിടമെല്ലാം വളഞ്ഞു. താമസക്കാരെല്ലാരേയും നാലു വഴിക്കും ഓട്ടംപിടിച്ചു. വിദ്യാർത്ഥികളെ നേരത്തേകൂട്ടി അകലെയുള്ള ഒരു ഗ്രാമത്തിലെത്തിച്ചു. പുറപ്പെട്ടുവാൻ താമസിച്ചുപോയ രണ്ടുപേർ ശത്രുക്കളുടെ കൈയിൽ അകപ്പെട്ടുപോയി. വിദ്യാർത്ഥികൾ അഭയംപ്രാപിച്ചിരുന്ന ഗ്രാമത്തിലും പട്ടാളക്കാർ ചെന്നെത്തി. എന്നാൽ വിദ്യാർത്ഥികളിൽ മിക്കവരും ഓടി രക്ഷപ്പെട്ടു."

28

1860 മേയ് 10-ാംതിയതി ഫാദർ തെയോഫിൻ തന്റെ ഒരു പഴയ സ്നേഹിതനു് എഴുതുന്ന കത്തു്:—

പ്രിയസ്നേഹിതാ, ഇപ്പോൾ ഞാൻ ഇതെഴുതുന്നതു് ടോങ്കിങ്ങിലെ ഒരു ചെറിയ ഇരുട്ടറയിൽ നിന്നാണു്. അല്പം ദൂരത്തു വച്ചിട്ടുള്ള ജന്നലിൽക്കൂടി അകത്തു കടക്കുന്ന വെളിച്ചത്തിന്റെ സഹായംകൊണ്ടാണു് ഈ വാചകങ്ങൾ ഞാൻ കുറിക്കുന്നതു്. എന്നാൽ, ആരുടെയെങ്കിലും കാൽപ്പെരുമാറ്റമോ, മറ്റുവല്ല ശബ്ദമോ കേൾക്കുന്നമാത്രയിൽ കതകുകൾ ബന്ധിച്ചു് ഗുഹയിൽ ഒളിക്കാൻ തയാറായിരുന്നുകൊണ്ടാണു് ഇതെഴുതുന്നതു്. ഈ വിധത്തിൽ ഞാൻ മൂന്നുമാസം കഴിച്ചുകൂട്ടി. ചിലപ്പോഴെല്ലാം തെവുറൽ മെത്രാനും എന്റെ കൂടെയുണ്ടായിരുന്നു. മുമ്പു ഞങ്ങൾക്കു സങ്കേതസ്ഥാനമായിരുന്ന കന്യകാമഠത്തിൽ ഞങ്ങൾ താമസിക്കുമ്പോൾ, ഒരുദിവസം യാദൃച്ഛികമായി ശത്രുക്കൾവന്നു് അവിടം വളഞ്ഞു. ഞങ്ങൾ അവിടെയുണ്ടെന്നറിഞ്ഞാണു് അവർ അവിടെയെത്തിയതു്. എന്നാൽ ഞങ്ങൾ അവരുടെ ദൃഷ്ടിയിൽപ്പെടാതെ രണ്ടു മതിലുകൾക്കിടയിലുണ്ടായിരുന്ന ഒരു ഇടുങ്ങിയ സ്ഥലത്തു് ചെന്നൊളിച്ചു. കന്യാസ്ത്രീകൾ

ഓടിക്കളഞ്ഞു. ചില വൃദ്ധസ്ത്രീകളും പിന്നിലായിപ്പോയി. അവരെ ആ ദുഷ്ടന്മാർ നിർദ്ദയം പ്രഹരിച്ചു. അവിടെയുണ്ടായിരുന്ന സകല സാമാനങ്ങളും അപഹരിക്കുകയും ചെയ്തു. അടുത്ത ദിവസം സൂര്യോദയത്തിനുമുമ്പു മാത്രമേ ഞങ്ങൾക്ക് അവിടെ നിന്നു രക്ഷപ്പെട്ട് ഒരു ക്രിസ്ത്യാനിവിധവയുടെ കുടിലിൽ ചെന്നു പറ്റാൻ കഴിഞ്ഞുള്ളൂ. അവിടെയും കളിച്ചും മറഞ്ഞും വളരെ വിഷമിച്ചാണ് ഞങ്ങൾ കഴിച്ചുകൂട്ടിയതു്".

29

ജയിലിൽനിന്ന് പിതാവിനെഴുതുന്ന കത്തു്:—

"ഏറ്റവും പ്രിയപ്പെട്ട പിതാവേ, വർഷാരംഭത്തിൽ എഴുതുന്ന ഈ ലേഖനം ഒരുപക്ഷേ അവസാനത്തേതായിരിക്കും. എന്റെ ബന്ധനവൃത്താന്തം അറിയിച്ചുകൊണ്ട് ഞാൻ എഴുതിയിരുന്ന കുറിപ്പ് കിട്ടിയിരിക്കുമെന്ന് വിശ്വസിക്കുന്നു. ദ്രോഹിയായ ഒരുവൻമൂലം ഞാൻ ശത്രുക്കളുടെ കൈയിൽ അകപ്പെട്ടുവാൻ ഇടവരുത്തിയതുമുതൽ എനിക്കു യാതൊരു വിശ്രാന്തിയുമില്ല. ചങ്ങലകളാൽ ഞാൻ ബന്ധിക്കപ്പെട്ടപ്പോൾ ഈശോമിശിഹായോടും, അവിടുത്തെ ദിവ്യമാതാവിനോടും ബന്ധപ്പെട്ടതുപോലെ എനിക്കു തോന്നപ്പെട്ടു. അതിനാൽ ആ ചങ്ങല ഞാൻ സന്തോഷത്തോടുകൂടി ചുംബിച്ചു. അതിന്റെ തുക്കത്തോളം സ്വർണ്ണം കിട്ടിയാൽത്തന്നെയും ആ ചങ്ങല ഞാൻ ഉപേക്ഷിക്കുന്നതല്ല. നഗരാധിപന്റെ സൂക്ഷത്തിലിരുന്ന സമയത്തു് അദ്ദേഹം എന്നോടു് അതിന്റെ കനം നായാണ് കാണിച്ചതു്. അദ്ദേഹം എനിക്കായി ഒരു ഘനം കുറഞ്ഞ ചങ്ങലയുണ്ടാക്കിത്തരികപോലും ചെയ്തു.

എന്നെ അടച്ചിരുന്ന കൂട്ടിൽ എട്ടു പടയാളികളാണ് വഹിച്ചുകൊണ്ടു പോയതു്. അനേകംപേർ എന്നെക്കാണുവാൻ കൂടി. രണ്ടുദിവസത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ ടോങ്കിങ്ങിന്റെ പഴയ തലസ്ഥാനമായിരുന്ന കിക്കോയിലെത്തി. പടയാളികളും എന്നെ

ന്യായാധിപന്റെ മുമ്പാകെ ഹാജരാക്കി. 'കാൻഡ്ഗ്' ധരിച്ചു കൊണ്ട് ഉപദേശിയും എന്നെ അനുഗമിക്കുന്നുണ്ടായിരുന്നു. തങ്ങളെ ഡൈവ്വപ്പെടുത്തുവാൻ പരിശുദ്ധാത്മാവിന്റേയും സത്യസാക്ഷികളുടെ രാജ്ഞിയായ പരിശുദ്ധാ കന്യകയേയും ഞാൻ സദാ പ്രാർത്ഥിച്ചിരുന്നു.

ന്യായാധിപൻ എന്നെ ക്രോസ് ചെയ്പാൻ തുടങ്ങി. അതിന്റെ ചുരുക്കം ഏതാണ്ടിപ്രകാരമാണ്:—

ന്യായാ:—സ്വദേശം എവിടെയാണ്?

ഞാൻ:—ഫ്രാൻസ് രാജ്യമാണ് എന്റെ സ്വദേശം.

ന്യായാ:—എന്തിനാണ് ഇവിടെ വന്നതു്.

ഞാൻ:—സത്യമതം പ്രസംഗിക്കാൻ.

ന്യായാ:—നിങ്ങൾക്കെത്ര പ്രായമുണ്ട്?

ഞാൻ:—മുപ്പത്തൊന്നു വയസ്സ്. ഉടനെ 'വളരെ പെരുപ്പമാണല്ലോ' എന്നു് അനുകമ്പയോടുകൂടി പറഞ്ഞിട്ട് വിസ്താരം തുടങ്ങി. ആരാണ് നിങ്ങളെ ഇങ്ങോട്ടയച്ചതു?'

ഞാൻ:—ഫ്രാൻസിലെ രാജാവോ പ്രഭുക്കന്മാരോ ആരുമല്ല എന്നെ ഇങ്ങോട്ടയച്ചതു്. അജ്ഞാനികളോടു സുവിശേഷം പ്രസംഗിക്കുവാനായി സ്വമനസ്സാലെ ഞാൻ പോന്നതാണ്. എന്റെ പ്രവർത്തിരംഗമായി സദാമേലധികൃതർ 'അന്നാം' ദേശം നിശ്ചയിച്ചു.

ന്യായാ:—ബിഷപ്പ് റട്ടോർഡിനെ നിങ്ങൾ അറിയുമോ?

ഞാൻ:—അറിയും.

ന്യായാ:—വിപ്ലവകാരികൾക്ക് തങ്ങളുടെ പക്ഷത്തിൽ ക്രിസ്ത്യാനികളെ ചേർക്കുവാൻ അദ്ദേഹം അനുവാദം കൊടുത്തതെന്തിനാണ്.

ഞാൻ:—ഈ വിവരം അങ്ങേയ്ക്ക് ലഭിച്ചതെങ്ങനെയെന്ന് അറിവാൻ എനിക്കാഗ്രഹമുണ്ട്.

ന്യായാ:—നാംഡിങ്ങിലെ ഉദ്യോഗസ്ഥൻ അപ്രകാരമെഴുതിയിരുന്നു.

ഞാൻ:—എന്നാൽ അതു വെറും കള്ളമാണെന്ന് ഡൈത്സ്മേതം പറവാൻ എനിക്കു കഴിയും. വിപ്ലവകക്ഷിയിൽ ചേരരുതെന്ന് ആജ്ഞാപിച്ചുകൊണ്ട് തന്റെ കീഴിലുള്ള വൈദികർക്ക് അദ്ദേഹം അയച്ചിരുന്ന സർക്കുലർ ഞാൻ കാണുകയുണ്ടായി.

ന്യായാ:—ടോർണനും സെയിഗോണും കൈവശപ്പെടുത്തിയ വെള്ളക്കാരുടെ സൈന്യത്തെപ്പറ്റി നിങ്ങൾ എന്തു പറയുന്നു? ആരാണ് അവരെ ഇങ്ങോട്ടയച്ചത്? ഈ യുദ്ധത്തിന് പ്രേരണ നല്കിയതാരാണ്?

ഞാൻ:—യുദ്ധവൃത്തമാനം ഞാനും കേട്ടു. പക്ഷേ, അവരുമായി എനിക്കു യാതൊരു ബന്ധവുമില്ലാത്തതിനാൽ ഉത്തരം നല്കാൻ പ്രയാസമാണ്. ആ അവസരത്തിൽ അവിടെ വന്ന പ്രധാന ഉദ്യോഗസ്ഥൻ കോപാക്രാന്തനായി ഇങ്ങനെ അലറി. 'നിങ്ങൾ മഹാ ജാലക്കാരനാണ്. യൂറോപ്യന്മാർക്ക് ഇവിടെ പ്രവേശിക്കാൻ പാടില്ലെന്ന് നിരോധിച്ചിരുന്നിട്ടും നിങ്ങൾ ഇവിടെ വന്നതു മതിക്കാൻ വേണ്ടിയല്ലേ? ഞങ്ങളോടു യുദ്ധംചെയ്യാൻ വെള്ളക്കാരെ പ്രേരിപ്പിച്ചതും നിങ്ങളല്ലേ? സത്യം പറഞ്ഞോളൂ.'

ഞാൻ:—സത്യമതം പ്രസംഗിക്കാൻ ദൈവത്താൽ നിയമിക്കപ്പെട്ട ഒരു ദൂതനാണ് ഞാൻ. അമേരിക്കക്കാരുമായി യുദ്ധം ചെയ്യാൻ, യൂറോപ്യന്മാരെ ഞാൻ യാതൊരു തരത്തിലും പ്രേരിപ്പിച്ചിട്ടില്ല.

ന്യായാ:—എന്നാൽ, അവരോടു തിരിച്ചുപോകുവാൻ നിങ്ങൾക്കു പറയാമോ? എന്നാൽ നിങ്ങളെ വിട്ടയയ്ക്കാം.

ഞാൻ:—എനിക്ക് അതിനു യാതൊരധികാരവുമില്ല. എങ്കിലും എന്നെ അനുവദിക്കുന്നപക്ഷം ഞാൻ ചെന്ന് അമേരിക്കക്കാരുമായുള്ള യുദ്ധം അവസാനിപ്പിക്കണമെന്ന് അവരോടു

അപേക്ഷിക്കാം. അവർ അതിനു വഴിപ്പെട്ടില്ലെങ്കിൽ തിരിയെ ഇവിടെ വന്നു മരണം വരിക്കുകയും ചെയ്യാം.

ന്യായം:—അപ്പോൾ നിങ്ങൾക്കു മരണത്തിൽ ഭയമില്ല, അല്ലേ?

ഞാൻ:—പ്രഭോ, മരണത്തെ ഞാൻ ഭയപ്പെടുന്നില്ല. സത്യമതം പ്രസംഗിക്കുവാൻവന്ന ഞാൻ മരണശിക്ഷ അർഹിക്കുന്നയാതൊരു കുറ്റവും ചെയ്തിട്ടില്ല. ഞാനൊരുകാലം എന്നെ വധിക്കുകയാണെങ്കിൽ, അവക്കുവേണ്ടി സന്തോഷത്തോടെ കൂടി എന്റെ രക്തം ഞാൻ ചൊരിയും.

ന്യായം:—നിങ്ങളെ ഒറ്റിക്കൊടുത്തയാളിനേറയോ, ബന്ധിച്ചയാളിനേറയോ നേക്ക് നിങ്ങൾക്കു വല്ല വിരോധവുമുണ്ടോ?

ഞാൻ:—യാതൊരു വിരോധവുമില്ല. മാത്രമല്ല, ആരെയും ദ്വേഷിക്കരുതെന്നും, ശത്രുക്കളെ സ്നേഹിക്കണമെന്നുമാണ് ക്രിസ്തുമതം പഠിപ്പിക്കുന്നതു്.

ന്യായം:—മരണത്തെ അത്ര കാംക്ഷിക്കുന്നതായ നിങ്ങളെ, ഞങ്ങളുടെ കൈയിൽ അകപ്പെടാതിരിക്കാൻ ഇത്ര ബദ്ധപ്പെട്ടതെന്തിന്?

ഞാൻ:—സ്വന്തം ശക്തിയിൽ ക്രമത്തിലധികമായി ആശ്രയിച്ചു് ശത്രുക്കളുടെ കൈയിൽ അകപ്പെടരുതെന്നു് ഞങ്ങളുടെ മതം ആജ്ഞാപിക്കുന്നു. എന്നാൽ ഇപ്പോൾ ഞാൻ ബന്ധനസ്ഥനായിത്തിന്നുകൊണ്ടു് സകല പീഡനങ്ങളും സഹിക്കുന്നതിനുള്ള ശക്തി ദൈവം എനിക്കു നൽകുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

അനന്തരം കുട്ടിലടയ്ക്കപ്പെട്ട എന്നെ പടയാളികളുടെ കാവലിലാക്കി. എന്റെ രക്തം ദൈവത്തിനു സമർപ്പിക്കേണ്ട സമയം കാത്തു് ഞാൻ ദിവസങ്ങളും കഴിക്കുകയാണു്. ലോകജീവിതം വെടിയുന്നതിൽ എനിക്കു യാതൊരു സങ്കടവുമില്ല. എന്റെ പാദങ്ങളും സ്വർഗ്ഗത്തെ സ്പർശിക്കുന്നതുപോലെതോന്നുന്നു. താമസം കൂടാതെ ഞാൻ സ്വർഗ്ഗത്തിലേക്കു പറക്കും. പ്രിയ

പിതാവേ, സഹോദരിസഹോദരന്മാരേ, നിങ്ങൾക്കു വന്ദനം. എന്നെക്കുറിച്ചു നിങ്ങൾ വിഷമിക്കരുതേ!

30

കൊച്ചോ കാരാഗൃഹം,
1861 ജനുവരി 20.

പ്രിയപ്പെട്ട അപ്പാ,

എന്റെ മരണവിധി ഇനിയും പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ സ്വല്പം ക്ഷമ എഴുതിക്കൊള്ളട്ടെ. ഈ കത്തു് പക്ഷേ അവസാനത്തേതായിരിക്കാം. ദൈവഹിതം ആർക്കറിയാം? ഈ അവസാനദിവസങ്ങളും മിക്കവാറും ശാന്തമായിത്തന്നെ കഴിഞ്ഞുകൂടുന്നു. രാജ്യനിയമം എന്നെ മരണത്തിനു വിധിക്കുന്നുവല്ലോ എന്നോർത്തു് പ്രധാന സേനാധിപൻ മുതൽ സാധാരണ ഭടൻ വരെ സകലരും സങ്കടപ്പെടുകയാണു്. മറവുള്ളവരെപ്പോലെ എന്നെ പിടിപ്പിക്കുന്നില്ല.

ഘാതകൻ എന്റെ ശിരസ്സു ഛേദിക്കും. ദൈവം തന്റെ ഹിതാനുസരണം ചിലതു കാലേക്കൂട്ടിയും, മറേ ചിലതു താമസിച്ചും സ്വീകരിക്കുമെന്നോയുള്ളൂ. പ്രിയപിതാവേ, അങ്ങേയ്ക്കു ദീർഘവും സുഖം കലർന്നതുമായ ഒരു ജീവിതം ദൈവം നൽകട്ടെ നമുക്കു് നിത്യപരദീസായിൽ വച്ചു വീണ്ടും കാണാം. ഞാൻ ആദ്യം പോകട്ടെ. വന്ദനം.

അങ്ങേവാത്സല്യമുള്ള പുത്രൻ
തെയോഫിൽ വേനംർഡ്."

31

അന്നേദിവസം തന്നെ മെലാനിക്കയച്ച കത്തു്:—

"എന്റെ എത്തയും പ്രിയപ്പെട്ട സഹോദരീ,

എന്റെ അവസാന നാഴിക അടുത്തിരിക്കുന്നതിനാൽ, നിന്റെ പേക്കു് സ്വല്പം എഴുതുന്നതു് അസ്ഥാനത്താകയില്ലല്ലോ. എന്തുകൊണ്ടെന്നാൽ, ചെറുപ്പം മുതല്ക്കേ നാം ഒരേ ഹൃദയമായി

ജീവിച്ചു. എന്നിൽ നിന്നു മറച്ചുവച്ചിട്ടുള്ള യാതൊരു രഹസ്യവും നിനക്കില്ലായിരുന്നു. ഞാനും നിന്നിൽ നിന്നും യാതൊന്നും മറച്ചുവച്ചിട്ടില്ല. അല്ലയോ കൊച്ചുമെലാനീ, ഞാൻ സ്കൂളിൽ പോകുമ്പോൾ, എന്റെ പെട്ടിയും സാമാനങ്ങളും തയാറാക്കുകയും, വേർപാടിന്റെ വിഷമത്തെ ആശ്വാസവാക്കുകൾകൊണ്ടു ശമിപ്പിക്കയും ചെയ്തിരുന്നതു നീയാണല്ലോ പ്രിയസഹോദരീ, നാം ഈ ലോകത്തിൽ വച്ചു്, അവസാനമായി യാത്രപറഞ്ഞു പിരിഞ്ഞ 1851 ഫെബ്രുവരി 26-ാം തീയതി മാത്രം നിന്റെ ഓർമ്മയിൽ നിന്നും മാഞ്ഞുപോയിരിക്കയില്ലല്ലോ. നമ്മുടെ അന്നത്തെ വേർപാടു് വിശുദ്ധ ബനഡിക്തോസും വിശുദ്ധ സ്കൊളാസ്റ്റിക്കായും തമ്മിൽ യാത്രപറഞ്ഞു പിരിഞ്ഞതിനെ ഓർമ്മിപ്പിക്കുന്നു. ഞാൻ സമുദ്രങ്ങളും കടന്നു് ഈ അനാമെറ ദേശത്തു് എന്റെ വിയർപ്പും രക്തവും പൊഴിയുവാനായി പോന്നപ്പോൾ നിന്റെ കണ്ണുകളും എനിക്കു് അത്യധികമായ ശക്തിയും ആനന്ദവും നൽകുവാൻ പര്യാപ്തമായിരുന്ന ഈ അവസാനനിമിഷത്തിൽ ഞാൻ നിന്നെ ഓർമ്മിക്കുകയും സ്നേഹം കവിഞ്ഞൊഴുകുന്ന ഒരു കത്തെഴുതി നന്ദി പ്രകടിപ്പിക്കയും ചെയ്തുകൊള്ളട്ടെ.

ഇപ്പോൾ നല്ല പാതിരാത്രിയാണു്. എന്റെ കാരാഗൃഹത്തിന്റെ ചുവരും ഇരുമ്പഴികളും ക്രൂരകുന്തങ്ങളും മാത്രമേ കാണാവുള്ളൂ. എന്റെ മുറിയിൽ നിന്നും ഉദ്ദേശം രണ്ടടി അകലെ മങ്ങിക്കത്തുന്ന ഒരു വിളക്കിന്റെ നേരിയ പ്രകാശമാണു് ഈ കത്തെഴുതുന്നതിനു് എന്നെ സഹായിക്കുന്നതു്.

ദിവസം പ്രതി ഞാൻ എന്റെ വിധിവാചകം കാത്തുകൊണ്ടു കഴിച്ചുകൂട്ടുകയാണു്. പക്ഷേ, നാളെ എന്നെ വധസ്ഥലത്തേക്കു കൊണ്ടുപോയേക്കും. മിക്കവാറും അധികം താമസിയാതെ എന്റെ വധം നടക്കും. അതിനുള്ള പ്രതിഫലം സ്വർഗ്ഗവുമായിരിക്കും. ഇതു കേൾക്കുമ്പോൾ വാത്സല്യസഹോദരീ, നീ കണ്ണുനീർ പൊഴിക്കുമല്ലോ. അതു് ആനന്ദത്തിന്റെ കണ്ണുനീരായിരിക്കട്ടെ. നിന്നോ ഞാൻ ലോകമാകുന്ന യുദ്ധരംഗത്തു വിട്ടും

വച്ചു പോകുന്നു. നീയും ഭാഗ്യമായ മരണത്തിനുവേണ്ടി പ്രാർത്ഥിക്കുക. അപ്പോൾ നമുക്കൊരുമിച്ചു സ്വർഗ്ഗസുഖം അനുഭവിക്കാം. പ്രിയമെലാനീ, നിനക്കും മംഗളം ഭവിക്കട്ടെ."

32

കൊച്ചോകാരാഗൃഹത്തിൽ നിന്നും അതേ തീയതിയിൽ സഹോദരൻ ഹെൻട്രിക്ക് കഥാനായകൻ എഴുതുന്നു:—

"പ്രിയപ്പെട്ട ഹെൻട്രി, ഈ അവസരത്തിൽ നിന്റെ പേക്കും അല്പം എഴുതിക്കൊള്ളട്ടെ. സഹോദരസ്നേഹത്താൽ എന്റെ ഹൃദയം തുടിക്കുന്നു. പക്ഷേ, എന്തു ചെയ്യാം നിന്നോടും എന്നെന്നേക്കുമായി യാത്രപറയാതെ നിവൃത്തിയില്ല. അവിടെ നിന്നും ഞാൻ പുറപ്പെട്ടപ്പോൾ നീ വളരെ ചെറുപ്പമായിരുന്നു. മായം നിറഞ്ഞ ലോകം നിനക്കു പരിചയപ്പെട്ടിരുന്നില്ല. പ്രിയ സഹോദരാ, നിനക്കിപ്പോൾ 29 വയസ്സായല്ലോ. പുരുഷത്തോടെ നിന്റെ കൃത്യങ്ങളിൽ ഏർപ്പെടുക. ലോകത്തിലെ സുഖസന്തോഷങ്ങളും തിരഞ്ഞു ജീവിതം പാഴാക്കരുത്.

ഏതാനും മണിക്കൂറുകൾക്കുള്ളിൽ, മിശിഹായിലുള്ള എന്റെ വിശ്വാസം നിമിത്തം, ഞാൻ വധിക്കപ്പെടും. പ്രിയസഹോദരാ, ബാല്യകാലത്തിലെപ്പോലെ നീ ഇപ്പോഴും ദൈവസ്നേഹത്തിൽ താല്പര്യമുള്ളവനാണെന്നുള്ള വിശ്വാസത്തോടെ എന്റെ ജീവനെ ഞാൻ ബലിയർപ്പിക്കട്ടെ. നിന്റെ വിശ്വസ്നേഹിതനും എളിയ സഹോദരനുമായ തേയോഫിനാണ് ഇതെഴുതുന്നത് എന്നോടൊപ്പവും പിതാവിനെയും സഹോദരിയെയും നിന്നെ ഞാൻ ഏല്പിക്കുന്നു. നീ അവർക്ക് ഒരു നല്ല പുത്രനും, ഒരു സഹോദരനും ആയിരിക്കണം. മാതൃകാപരമായ ഒരു ജീവിതം നയിക്കുന്നതിനു ദൈവം നിന്നെ സഹായിക്കും. പ്രിയ സഹോദരാ, ഞാനിതാ പോകുന്നു. നീയും എന്നെ അനുഗമിക്കുക. സ്വർഗ്ഗത്തിൽ വച്ചു നമുക്കു വീണ്ടും കാണാം."

൪൪

അവിടെനിന്നും അന്നേദിവസം തന്നെ എവുസേബിയസിനെഴുതുന്നു:—

"പ്രിയ എവുസേബിയസേ,

ഈ അവസരത്തിൽ നിന്നെ ഞാൻ മറന്നുകളയുന്നതു ശരിയല്ലല്ലോ, കുഞ്ഞേ, നീ ഇപ്പോൾ ഒരു വൈദികനോ മിഷ്യനറിയോ ആയിത്തീർന്നിരിക്കാം. അല്ല എങ്ങനെയായാലും, ഈ കത്തു കിട്ടുമ്പോൾ, പാപം കൊണ്ടു ദുഷിച്ച ഈ ലോകത്തിൽ ഞാൻ ഉണ്ടായിരിക്കയില്ല. ആനന്ദം നിറഞ്ഞ മറെറാരു ലോകത്തിൽ ഞാൻ ചെന്നെത്തും നിയും അവിടെയെത്താൻ തയാറായിരിക്കുക എന്റെ രക്തത്തിന്റെ അവസാനത്തുള്ളിക്കുടെയും ദൈവത്തിനു വേണ്ടി ഞാൻ ചിന്തും. ഞാൻ ഒരു രക്തസാക്ഷിയായി മരിക്കും. ഒൻപതു വയസ്സുള്ള ഒരു കുട്ടിയായിരിക്കുമ്പോൾ, ആട്ടുകളെ മേയ്ക്കാൻ മലയിലേക്കു പോയ ഞാൻ ചാൾസ് കൊർണേയുടെ ജീവചരിത്രം വായിക്കുക പതിവായിരുന്നു. അപ്പോളൊക്കെയും, ഞാനും ടോങ്കിങ്ങിൽ പോകും. രക്തസാക്ഷിയായി മരിക്കുംഎന്ന് അറിയാതെ വിളിച്ചുപറഞ്ഞിട്ടുണ്ട്. ഞാൻ ആശിച്ചതുപോലെ ടോങ്കിങ്ങിൽ ഒരു രക്തസാക്ഷിയായി മരിക്കാൻപോകുന്നു.

പ്രിയ കുഞ്ഞേ, നീ ഇപ്പോഴും വളരെ ചെറുപ്പമാണ് ഞാൻ പോയാലും നീ വളരെ നാളം ജീവിക്കും. ഏതൊരു കായ്ത്തിലും തട്ടസ്സങ്ങൾകൊണ്ടോ തോൽവികൾകൊണ്ടോ നിരാശനാകാതെ മുമ്പോട്ടുപോകുക. ദൈവത്തെമാത്രം ആശ്രയിക്കുക. നോഹിന്റെ പെട്ടകംപോലെ എപ്പോഴും ഓളത്തിനുമീതെ പൊങ്ങിക്കിടക്കുക. എന്റെ ബിളക്ക് ഇതാ അണയുന്നു. സ്വർഗ്ഗത്തിൽ വച്ചു നാം വിണ്ടും കണ്ടുമുട്ടുന്നതുവരെ, പ്രിയ എവുസേബിയസേ, നിനക്കു വന്ദനം.

എന്ന്, നിന്റെ ഏറ്റം പ്രിയപ്പെട്ട സഹോദരൻ
തെയോഫിൻ വേനാർഡ്".

വാഴ്ത്തപ്പെട്ട
തെയോഫിൻ വെനാർഡിനോട്ട്.

(വി. കൊച്ചുത്രേസ്യാ എഴുതിയ കവിതയുടെ തർജ്ജമ)

ഓ തെയോഫിൻ, അനുഗൃഹീതനായ, അതിപാവനനായ രക്തസാക്ഷി, സ്വർഗ്ഗവാസികളെല്ലാം അവിടുത്തെ സ്തുതിഗീതങ്ങൾ പാടുവാൻ ആഗ്രഹിക്കുന്നു. നോക്കുക, അങ്ങേയ്ക്കു അഭിവാദ്യമരുളുവാൻ അവിടെ നിൽക്കുന്നുണ്ട്, ദിവ്യസ്നേഹം കത്തിത്തിളങ്ങുന്ന സെറാഫിയൻ ദേവദൂതന്മാർ. ഇന്നും ഈ ഇരുളടഞ്ഞ ഭൂമിയിൽ ഒരു പാവപ്പെട്ട രാജ്യഭ്രഷ്ടയായിക്കഴിയുന്ന എനിക്കു എന്റെ ആനന്ദഗാനം അവരുടെ കീർത്തനങ്ങളോടു ചേർത്തു പാടാൻ കഴികയില്ലതന്നെ. എങ്കിലും എന്റെ വീണയെടുത്തു അവിടുത്തെ മഹത്വങ്ങൾ ഞാൻ വാഴ്ത്തിപ്പാടും; എന്നോടു ഉറ്റബന്ധമുള്ള ഒരാത്മാവായി അവിടുത്തെ ഞാൻ അവകാശപ്പെട്ടും.

സകല ഹൃദയങ്ങൾക്കും ഉത്തേജനം അരുളാൻ കഴിവുള്ള സ്വർഗ്ഗസംഗീതം ഇണങ്ങിയ ഒരു കീർത്തനംപോലെയായിരുന്നു അവിടുത്തെ ഹ്രസ്വവും ഭാസുരവുമായ ഇഹലോകവാസം. ജീവിതകാലം മുഴുവൻ പ്രേഷ്ഠതമനായ രക്ഷകനെ സ്തുതിച്ചു പാടിയിരുന്ന അവിടുത്തെ ഈശോയോടുള്ള സ്നേഹം താപഹരതൈലംപോലെയുള്ള നറുകസുമങ്ങളെ ഉല്പാദിപ്പിച്ചു. അവിടുന്നു മന്നിൽ മരുവിയ അവസാനയാമിനിയിൽ കുറിച്ചുവച്ച അന്ത്യയാന വചസ്സുകളും ഒരു വസന്തകാല പ്രേമഗീതമായിരുന്നു; "ഒരു പൊരുന്നാററയായ ഞാൻ പ്രിയപ്പെട്ട എല്ലാവരേയും പിരിഞ്ഞു അവക്കെല്ലാം മൻപു, ഉയരെയുള്ള വീട്ടിലേയ്ക്കു പറന്നുപോകുന്നു."

സൗഭാഗ്യവാനായ വേദസാക്ഷി, സഹനത്തിന്റെ ആഴമേറിയ സമ്മോദം മരണവേളയിൽ അവിടുന്നു ആസ്വദിച്ചു. അന്തി

മനിശ്വാസത്തിൽപോലും അവിടുന്നു അരുളിചെയ്തു, നാഥനു വേണ്ടി പീഡകളും സഹിക്കുന്നതു എത്ര മധുരതരമാണെന്നു്. അകം കടുത്ത ഘാതകൻ അവിടുത്തെ പീഡകളും കുറയ്ക്കുമെന്നു പറഞ്ഞപ്പോൾ, അവിടുന്നു അതിവേഗം ഉത്തരമരുളി, "എന്റെ യജമാനന്റെ പാനപാത്രത്തിൽ പങ്കുകൊള്ളുവാൻ കഴിയുന്നതു ഞാൻ ഭാഗ്യവാനത്രെ. നാഥനായ ക്രിസ്തുവിന്റെ പീഡകളും പോലെ എന്റെ പീഡകളും വളരെനേരം നിലനിന്നു കൊള്ളട്ടെ."

അതീവപവിത്രമായ ലില്ലിപുഷ്പമേ, ജീവിതം മൊട്ടിട്ടതേയുള്ളൂ, അവിടുത്തെ സ്നേഹഹൃദയത്തിന്റെ അഭിലാഷങ്ങളും യേശു ശ്രവിച്ചപ്പോൾ. ജീവിതം കഴിഞ്ഞു കൊഴിഞ്ഞു വീഴാറായ ഒരു നവംപൂവുപോലെ അവിടുത്തെ ഞാൻ ദർശിക്കുന്നു; എന്നാൽ ഈശ്വരഹസ്തം അതു ഇവിടെത്തട്ടത്തു, അതിനെ കൂടുതൽ ഉയർത്തുവാൻ. ഇനി വിദേശവാസം അവിടുത്തേയ്ക്കു അജ്ഞാതമാണ്; അവിടുത്തെ ഹർഷോന്മാദം കാണുന്നതു ധന്യാത്മാക്കൾക്കു ഒരു ഉത്സവമത്രെ. മൂടൽമഞ്ഞുപോലെ വെണ്മനിറഞ്ഞ ആ കന്യക, സ്നേഹത്തിന്റെ ആ പനിനീർപ്പൂ, അവിടുത്തെ സ്വർഗ്ഗീയപരിശുദ്ധികണ്ടു മുദിതയാകുന്നു.

ക്രിസ്തുവിന്റെ യോദ്ധാവേ, അവിടുത്തെ പടച്ചട്ട എനിക്കു കടം തരിക. പാപികളുടെ ആത്മാക്കൾക്കുവേണ്ടി എന്റെ ജീവൻ നഷ്ടപ്പെടുവാൻ, അവിടുത്തെപ്പോലെ അവർക്കുവേണ്ടി എന്റെ ആത്മാക്കളും രക്തവും അരുളുവാൻ, ഞാൻ ആഗ്രഹിക്കുന്നു. എന്നെ പാലിക്കുകയും പോരിനായി അണിയിച്ചു ഒരുക്കുകയും ചെയ്യേണമെ. ജീവാന്ത്യംവരെ ഞാൻ അവർക്കുവേണ്ടി പോരാടും; അവരുടെ ആത്മാക്കളെ രക്ഷിക്കുവാനായി ഞാൻ ദൈവരാജ്യം പിടിച്ചടക്കും. ദൈവപുത്രൻ അരുളിച്ചെയ്തിട്ടുണ്ട്, "ഞാൻ മന്നിലേക്കു കൊണ്ടുവരുന്നതു ശാന്തിയല്ല, വഹ്നിയും വാളുമത്രേ" ഓ, രക്ഷാകരമായ ഖഡ്ഗമേ!

അവിടത്തെ ഉജ്ജ്വലസ്നേഹത്തിനു പാത്രമായിരുന്ന ആ അക്രൈസ്തവസമൂഹം എനിക്കിപ്പോൾ എത്ര പ്രിയപ്പെട്ടവരാണ്! യേശു എനിക്കു അങ്ങനെ ഒരു വരം തരുമെങ്കിൽ, ഞാൻ ആ നാട്ടിലേയ്ക്കു എത്ര ഉത്സാഹത്തോടെ പോകും! അദ്ദേഹത്തിന്റെ മുൻപിൽ ഭിഗന്തരവും വിദൂരതയും മാഞ്ഞുപോകുന്നു. ഈ ഭൂമിയാകട്ടെ ഇളം തെന്നിലിലെ ഒരു കളിപ്പാട്ടം മാത്രം! കടലുകൾക്കപ്പുറം യേശുനാഥൻ സ്നേഹിക്കപ്പെടുവാൻ പര്യാപ്തമാകും എന്റെ പ്രവർത്തനങ്ങളും, എന്റെ ഇന്നത്തെ പിഞ്ചുപിശകുകളും.

ഞാനും മധുമാസത്തെ ഒരു നവമലരായിരുന്നെങ്കിൽ, നാഥൻ എന്നെ വേഗം ഇവിടത്തെടുത്തു മാറിൽ ചേർക്കുമായിരുന്നു. ഓ, തെയോഫിൻ, ധന്യനായ യുവവേദസാക്ഷി, എന്റെ അന്തിമവേളയിൽ വാനത്തിൽനിന്നു അവിടന്നു വിണ്ടും വരണമേ. ഞാൻ സ്വർഗ്ഗത്തിലെ രാജമന്ദിരത്തിലേയ്ക്കു പറക്കുവാനായി അവിടത്തെ സൈന്യദളത്തോടു അനന്തവാസരത്തിൽ ചേരുവാനായി, അവിടത്തെ പരിശുദ്ധ സ്നേഹത്തിന്റെ പാവനജ്വാലകളോടെ വന്നു, എന്റെ ആത്മാവിൽനിന്നു മന്നിലെ പാഴ്മണ്ണെല്ലാം കത്തിയെരിച്ചുകളയേണമേ.

പുഷ്പാഞ്ജലി പുസ്തകങ്ങൾ

ആശിസ്സുകളും അഭിപ്രായങ്ങളും

"പുഷ്പാഞ്ജലി" എന്നപേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധപ്പെടുത്തണമെന്ന നിശ്ചയിച്ചു നിങ്ങൾ പ്രവർത്തനം ആരംഭിക്കുകയും ഇതിനകം പ്രസിദ്ധം ചെയ്തിട്ടുള്ള രണ്ടു നമ്പരുകളും എനിക്ക് അയച്ചുതരികയും ചെയ്തിരുന്നവല്ലോ. ആകർഷകമായ അച്ചടിയും, അവിടവിടെയായി ചേർത്തിട്ടുള്ള ചിത്രങ്ങളും, വിഷയങ്ങളുടെ വൈശിഷ്ട്യവും എന്നെ ആകർഷിച്ചു. നിങ്ങളുടെ വിജ്ഞാനസമ്പത്തും അനുഭവസമൃദ്ധിയും ഒത്തുചേർന്ന് പുഷ്പാഞ്ജലി വാടിപ്പോകാതെ സൂക്ഷിക്കുമെന്നും, കേരളത്തെ സുരഭിലമാക്കുമെന്നും, പ്രതീക്ഷിക്കുന്നു. നിങ്ങളെയും പുഷ്പാഞ്ജലിഗ്രന്ഥപരമ്പരയേയും ആശീർവദിക്കുന്നു.

† അഗസ്റ്റിൻ കണ്ടത്തിൽ,
എറണാകുളം മെത്രാപ്പോലീത്താ.

I am very thankful for the two books in Malayalam kindly sent to me. I cannot understand much of them, but from their appearance and from the appreciation of others, I find them very good and very useful. Assuring you of my gratefulness, I pray Our Lord to bless your books and wish you the best success with your publications.

† **Jose Alvernaz,**
Bishop of Cochin.

I am in receipt of the first two number of the Pushpanjali. It gives me very great pleasure to know that you are embarking on a very necessary form of Catholic Action. Kindly accept my most sincere thanks

and congratulations on your new activity for the good of the Church and country. I wish you all success and bless your enterprise,

† **George Alapatt,**
Bishop of Trichur.

Please accept my cordial thanks for the first two booklets of the series you are publishing. Rev. Fr. Secretary read them and assured me that they will be very much appreciated by the public and will do great good to our Catholic people as the subject matter is very instructive and interesting and is explained in very simple but good Malayalam. I congratulate you most sincerely for the very good work you are doing and I ask God to bless your work.

† **Fr. Vincent V. Derrere, O. C D.**
Bishop of Trivandrum.

തങ്കം അയച്ചുതന്ന പുഷ്പാഞ്ജലി മുതലായ പുസ്തകങ്ങൾക്കു നമ്മുടെ ഹാർദ്ദമായ കൃതജ്ഞതയെ രേഖപ്പെടുത്തുന്നു. സാഹിത്യ മാർഗ്ഗമായി തങ്കം നടത്തിക്കൊണ്ടിരിക്കുന്ന് മതപ്രചരണപരിയത്നം ഇതിനകം സുവിദിതമാണ്. തങ്കളെ നാം ഹൃദയപൂർവ്വം അനുമോദിക്കുകയും പുതിയ പ്രസ്ഥാനത്തിന് സകലവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

† ജയിംസ് കാളാശ്ശേരി,
ചങ്ങനാശ്ശേരി മെത്രാൻ.

ദയവായി അയച്ചുതന്ന പുഷ്പാഞ്ജലി പ്രസിദ്ധീകരണത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. കൊച്ചുത്രേസ്യാ പുണ്യവതിയുടെ ജൂബിലി സ്മാരകമായി പുഷ്പാഞ്ജലി ഗ്രന്ഥപരമ്പര പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തകന്മാരുടെ സംരംഭം ഔചിത്യപരവും സ്തുത്യർഹവുമാണ്. ഈ പ്രസിദ്ധീകരണങ്ങൾ ഉപകാ

ഗ്രന്ഥപാരായണത്തിന് ഒരു പ്രതിവിധിയും, ഒരു പ്രേഷകത്വവുമായിരിക്കുമെന്നതിനു സംശയമില്ല.

പുഷ്പാഞ്ജലി ഗ്രന്ഥപരമ്പരയ്ക്ക് സർവ്വവിജയവും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊള്ളുന്നു.

ഫാദർ അലക്സാണ്ടർ ലന്തുപ്പറമ്പിൽ,
വികാരി ജനറാൾ വരാപ്പുഴ അതിരൂപത.

പുസ്തകം രണ്ടും ഓരോ ആവർത്തി വായിച്ചു. ആദ്യന്തം രസകരമായിരിക്കുന്നു. വിശ്വവിശ്രുതയായിത്തീർന്നിരിക്കുന്ന ലിസിയുവിലെ ചെറുപുഷ്പത്തിന്റെ സുവർണ്ണജൂബിലി സ്മാരകമായി പുറപ്പെടുവിച്ചിരിക്കുന്ന പുഷ്പാഞ്ജലി എന്ന ഗ്രന്ഥപരമ്പരയിലെ പ്രഥമകൃതിക്ക് പുഷ്പാഞ്ജലി എന്ന നാമധേയം നല്കിയിരിക്കുന്നതു് അനവദ്യംതന്നെ. ഇതു് ജനസാമാന്യത്തിന്റെ ഇടയിൽ ചെറുപുഷ്പഭക്തി വർദ്ധിപ്പിക്കുന്നതിനും മറ്റും സാമുദായികമായ അഭ്യുന്നതി കൈവരുത്തുന്നതിനും പറ്റിയവയാണു്. കത്തോലിക്കാമത തത്വങ്ങളെ അധിഷ്ഠിതമാക്കിക്കൊണ്ടുള്ള ഇത്തരം ലേഖനങ്ങളും പ്രസംഗങ്ങളും ഉത്തരോത്തരം പുറപ്പെട്ടു കാണ്മാൻ ആഗ്രഹിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

Rt. Rev. Mgr. Remban Philipose Cheppad,
Administrator, Archdiocese of Trivandrum.

I am thankful to you for yur kindness in forwarding the two booklets in Malayalam. Though unfortunately I am not conversant with the language, I am assured by one of my priests who went through them that the subjects treated and the manner of treatment are such as could be desired and expected from your skilful penmanship. I do warmly congratulafe you on your successful attempts. With best regards and blessings.

† **T. R. Agniswami, S. J.**
Bishop of Kottar.

You, as publishers of the Pushpanjali, deserve congratulations and encouragement. I wish every success to your enterprise and gladly impart my blessings for the same,

† **Mar Severios,**
Administrator Apostolic of Thiruvalla.

I received the books you sent me. My hearty thanks and my most cordial congratulations on the series of books you have begun to publish. The apostolate of the pen is one of the most necessary vocations required for our time to counter-act the flood of bad and harmful books. May God most abundantly bless your most useful enterprise.

P. Zanolin, S. J.,
Vicar Capitular of the Diocese of Calicut.

I have recently received two copies of Pushpanjali series which you so kindly sent to me and therefrom I understand that you have an organised work to publish useful booklets for the general public and Catholic in particular. I bless the enterprise and wish it every success.

† **Alexander,**
Bishop of Kottayam.

Thanks ever so much for the two numbers of the Pushpanjali series of publications which you have presented me with. I am glad to find therein very useful articles written in a pleasant and simple style and illustrated from your own wide experience Please accept my hearty congratulations for the good work you have begun to do in the Catholic literary sphere and best wishes for a bright future. I cordially bless you and your publications.

† **Jerome Fernandez,**
Bishop of Quilon.

പുഷ്പാഞ്ജലി എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാം നമ്പരായ "പുഷ്പാഞ്ജലിയും" രണ്ടാം നമ്പരായ "കാലത്തിനൊത്ത പ്രവർത്തന"വും സന്ദർഭോചിതമായ രണ്ടു പ്രസിദ്ധികരണങ്ങളാണ്. ഈ പരമ്പരവഴിയായി അനേകം സൽഗ്രന്ഥങ്ങൾ സജ്ജനം, സമുദായത്തിനും, കൈരളിക്കും കൈവരട്ടെ എന്നാശംസിക്കുന്നു.

തിരുഹൃദയമാസിക.

These are commendable publications.

The Malabar Herald.

പുഷ്പാഞ്ജലിയിലെ ആദ്യത്തെ ആ കുസുമങ്ങൾ വികസിച്ചു കഴിഞ്ഞിരിക്കുന്നു. പൊന്നുപുഷ്പസുവർണ്ണജൂബിലി സ്മാരകമായി ആരംഭിച്ചിരിക്കുന്നതും ഗ്രന്ഥാവലിയിലെ ആദ്യപുസ്തകം "പുഷ്പാഞ്ജലി" എന്ന പേരിൽതന്നെ പൊന്നുപുഷ്പത്തെപ്പറ്റി പ്രതിപാദിച്ചുകൊണ്ടാണ് രംഗപ്രവേശം ചെയ്തിരിക്കുന്നതും. രണ്ടാമത്തെ പുസ്തകം "കാലത്തിനൊത്ത പ്രവർത്തനം" ആണ്. പുഷ്പാഞ്ജലിയുടെ പുറപ്പാട് തീർച്ചയായും കാലത്തിനൊത്ത പ്രവർത്തനമാണല്ലോ? മനോഹരമായ മുഖചിത്രങ്ങളോടുകൂടി അനേക ബ്ലോക്കുകളും മേത്തരം കമനീയമായി അച്ചടിക്കപ്പെട്ടിരിക്കുന്ന പുഷ്പാഞ്ജലിയിലെ ആദ്യകുസുമങ്ങൾ രണ്ടും കേരളത്തിൽ പ്രചുരമായ സുഗന്ധി പരത്തുന്നതിന് പര്യാപ്തമായിട്ടുണ്ട്.

കൂട്ടംബടിപം

ലളിതമായ ഭാഷയിൽ സുന്ദരമായ പദങ്ങളെക്കൊണ്ട് ആശയങ്ങളെ പ്രകാശിപ്പിക്കുവാൻ മി. തളിയത്തിനുള്ള വശ്യത ഈ ഗ്രന്ഥങ്ങളിൽ ആദ്യന്തം തെളിഞ്ഞുകാണാം. ഈ ഗ്രന്ഥങ്ങളുടെ കെട്ടും മട്ടും അച്ചടിയും ഏറ്റവും ആകർഷകവും അനുകരണീയവുമായിരിക്കുന്നു. പുഷ്പാഞ്ജലി പരമ്പരയ്ക്ക് സകല വിജയങ്ങളും ആശംസിക്കുന്നു.

മലബാർ മെയിൽ.

അഭിവന്ദ്യ ഡാക്ടർ ബെനവഞ്ചുരാ തിരുമനസ്സിലെ അവതാരികയോടും പല നല്ല ബ്ലോക്കുകളോടും പ്രസിദ്ധീകരിച്ചിട്ടുള്ള "പുഷ്പാഞ്ജലി" കത്തോലിക്കാ സാഹിത്യത്തിന് ഒരു നേട്ടം

തന്നെയാണ്. "കാലത്തിനൊത്ത പ്രവർത്തനം" ഇന്നു നമുക്കാവശ്യമായ സാമൂഹ്യവും മതപരവുമായ കാര്യങ്ങളിൽ വളരെ പ്രായോഗികമായ നിർദ്ദേശങ്ങളും നൽകുന്ന ഒന്നാണ്. രണ്ടു പുസ്തകങ്ങളും, മനോഹരമായി ആകർഷണീയമായ കവറുകളോടുകൂടിയാണ് തയ്യാർചെയ്തിരിക്കുന്നത്.

സോഷ്യലിസ്റ്റ്.

കമനീയമായ കവറോടുകൂടിയതും ചെറുപുഷ്പത്തിന്റെ ജീവിതത്തെ സംബന്ധിക്കുന്ന മനോഹര ചിത്രങ്ങളോടുകൂടിയതുമായ ഈ കൃതിയിലെ ലേഖനങ്ങളും ജനസാമാന്യത്തിന്റെ ഇടയിൽ ചെറുപുഷ്പഭക്തി വർദ്ധിപ്പിക്കുന്നതിനും കാലത്തിനൊത്ത പ്രവർത്തനത്തിലെ ചില ലേഖനങ്ങളും കേരളീയ യുവാക്കളുടെ ഇടയിൽ ദൈവവിളിയുടെ വിത്തു വിതക്കുന്നതിനും മറ്റു ചിലത് സാമുദായികമായ അഭ്യുന്നതി ഒക്കെവരുത്തുന്നതിനും തികച്ചും പര്യാപ്തമാണ്. സത്യസന്ദേശം.

ശ്രദ്ധിക്കപ്പെടുന്ന കൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മിക സൌന്ദര്യത്തെ വായനക്കാർക്ക് അനുഭവവേദ്യമാക്കികൊണ്ടു സുകൃതാനുഷ്ഠാനത്തിനു വേണ്ടതു പ്രചോദനം പുഷ്പാഞ്ജലി നൽകുന്നുണ്ട്. ലളിതസുന്ദരമായ ഭാഷയിൽ ഹൃദ്യമായരീതിയിൽ ആശയങ്ങളും പ്രകാശിപ്പിക്കുവാൻ ഗ്രന്ഥകർത്താവിനുള്ള കഴിവുകളും ഇതിൽ തെളിഞ്ഞുകാണുന്നു. പുഷ്പാഞ്ജലിയോടെ സമാരംഭിച്ചിരിക്കുന്ന ഈ പ്രസിദ്ധീകരപ്രസ്ഥാനത്തിനു സകല ഭാവുകങ്ങളും നേർന്നുകൊള്ളുന്നു. മദ്ധ്യസ്ഥൻ.

പുഷ്പാഞ്ജലി. ഏറ്റവും കാലോചിതമായ ഈ പ്രസ്ഥാനത്തിനു ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പ്രസാധകരെ ഹൃദയപൂർവ്വം അനുമോദിക്കുന്നു. ജസ്റ്റിസ് തളിയത്തിന്റെ തികഞ്ഞ ചെറുപുഷ്പഭക്തിയും സാഹിത്യലോകത്തിലുള്ള സ്നേഹത്തിനുള്ള സ്ഥാനൗന്നിത്യവും ഇതിൽ തെളിഞ്ഞുകാണാം. ലളിതഭാഷയിൽ സരസമായി പ്രതിപാദിച്ചിരിക്കുന്ന ഈ ലേഖനങ്ങളും അനുവാചകന്മാർക്ക്

ദേസമയത്തു് ആനന്ദത്തെയും ആത്മീകോപകാരത്തെയും പ്രദാനം ചെയ്യുന്ന—കാലത്തിനൊത്ത പ്രവർത്തനം. ഒരു കത്തോലിക്കന്റെ തികഞ്ഞ മതാഭിമാനത്തോടെയാണു് ഗ്രന്ഥകാരൻ ഈ വിഷയങ്ങളെ ചർച്ചചെയ്യുന്നതു. നമ്മുടെ മതസംബന്ധമായ പല സംഗതികളെപ്പറ്റിയും ശരിയായ ജ്ഞാനത്തെയും കത്തോലിക്കമതത്തോടുള്ള മതിപ്പിനെയും സ്നേഹത്തെയും, മതത്തെ കുറിച്ചുള്ള അഭിമാനത്തെയും വായനക്കാരിൽ അങ്കുരിപ്പിച്ചു വർദ്ധമാനമാക്കികൊണ്ടുവരുവാൻ ഈ ഗ്രന്ഥം തികച്ചും പര്യാപ്തമാണു്. മനോഹരമായി, വിഷയത്തിനനുയോജ്യമായി കൊടുത്തിട്ടുള്ള അർത്ഥവത്തായ ചിത്രങ്ങളും പുസ്തകത്തിന്റെ മേന്മയെ പതിന്മടങ്ങു വർദ്ധിപ്പിക്കുന്നുണ്ടു്. ഈ രണ്ടു പുസ്തകങ്ങളും എല്ലാ ക്രൈസ്തവ ഭവനങ്ങളിലും ഉണ്ടായിരിക്കേണ്ടതാണു്.

ചെറുപുഷ്പം.

ചെറുപുഷ്പത്തോടും, ആ വിശുദ്ധയെ അധികരിച്ചുള്ള സാഹിത്യത്തോടും മി: തളിയത്തിനുള്ള ചുറവപാടു്, അഥവാ പക്ഷപാതം, പരസ്യമെന്നപ്രസിദ്ധമാണു്. 'നവമല്ലിക'യാൽ എന്നേ തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ള ആ വസ്തുതതന്നെയാണിപ്പോൾ 'പുഷ്പാഞ്ജലി'യായി പുതുക്കിയിരിക്കുന്നതു്. ചെറുപുഷ്പത്തെ വിഷയമാക്കി മി: തളിയത്തു് നേരത്തെയെഴുതിയിട്ടുള്ള മൂന്നു പത്രലേഖനങ്ങളാണു് 'പുഷ്പാഞ്ജലി'യിലെ ഉള്ളടക്കം. അതിലെ ആദ്യലേഖനത്തിന്റെ—'എന്റെ ലീസ്യു സന്ദർശനത്തിന്റെ—കഥ രസാവഹമാണു്. ഗ്രന്ഥകർത്താവു് ഇംഗ്ലണ്ടിൽ പഠിക്കയായിരുന്നു. അക്കാലത്തൊരിക്കലുണ്ടു് ഇഷ്ട ഭാര്യയുടെ ഒരു വിനീതാഭ്യർത്ഥന—കൊച്ചുത്രേസ്യയുടെ ശവകുടീരത്തിൽ വളരുന്ന പനിനീർച്ചെടികളുടെ 'ഒന്നോരണ്ടു പുഷ്പങ്ങളും നിവർത്തിയുണ്ടെങ്കിൽ' അയച്ചുകൊടുക്കണമെന്നു്. ഒസൗഗന്ധിക പുഷ്പത്തിനുവേണ്ടി ഭീമസേനനെപ്പോലെ ചാടിപ്പുറപ്പെടുകയല്ല, മി: തളിയത്തു് ചെയ്തതു്. സന്ദർഭമുണ്ടായപ്പോൾ നവമല്ലികയുടെ ഇംഗ്ലീഷ് പതിപ്പു് വായിച്ചു കൊച്ചുത്രേസ്യയുടെ

മഹത്വത്തെപ്പറ്റി ആത്മാഭിമാനം വന്നതിനുശേഷമെ അദ്ദേഹം ലിസ്സു സന്ദർശനത്തിനു മുതിർന്നുള്ളു. 'നിവർത്തിയുണ്ടെങ്കിൽ' അയച്ചുകൊടുക്കണമെന്നോ അഭ്യർത്ഥനയുണ്ടായിരുന്നുള്ളു. ഔചിത്യബോധത്തിൽ രണ്ടാൾക്കുമില്ല കുറവ്. അതിന്റെ ഫലമോ, ബഹുമാനമാണ്. മിസ്സസ് തളിയത്തിന് 'മന്നരണ്ടു പുഷ്പങ്ങൾ' കിട്ടി; മി: തളിയത്തിന്നു ഭാഷാസാഹിത്യത്തിൽ ചെറുപുഷ്പ പ്രസ്ഥാനത്തിന്റെ ജനയിതാവാകാനുള്ള യോഗം കൈവന്നു; ലോകോത്തരമായ 'നവമാലിക'യണിയാനുള്ള ഭാഗ്യം കൈരളിക്കുണ്ടായി; ചെറുപുഷ്പഭക്തിയിൽ വളരാനുള്ള സാദ്ധ്യത കേരളീയർക്കുമുണ്ടായി. ആവശ്യങ്ങളും ന്യായമായിരിക്കണം; നിർവ്വഹണം ബുദ്ധിപൂർവ്വകവുമായിരിക്കണം. അങ്ങനെയായാൽ ഇങ്ങനെയൊക്കെയാണു ഫലം. കേരളീയരിൽ ആദ്യത്തെ ലിസ്യു സന്ദർശകൻ മോൺ. പാലോക്കാരനാണെന്നു അദ്ദേഹം അഭിമാനിക്കുന്നുണ്ടെങ്കിലും, അക്കാര്യത്തിൽ മുൻഗണന തനിക്കാണെന്നു വിശുദ്ധ ചെറുപുഷ്പത്തിനറിയാമെന്നാണ് ചെറുപുഷ്പഭക്തനായ മി: തളിയത്തു് സമാധാനിക്കുന്നതു്.

വത്തിക്കാനിലെ ചൈനീസ് പ്രതിനിധിയായ ഡോക്ടർ ജോൺ വു'വിന്റെ മാനസാന്തരത്തിൽ കൊച്ചുത്രേസ്യാ വഹിച്ചിട്ടുള്ള പങ്ക് എത്രത്തോളമുണ്ടെന്നു് വിവരിച്ചുകൊണ്ടുള്ളതാണ് രണ്ടാമത്തെ ലേഖനം. കന്യകാമഠത്തിന്റെ മതിൽക്കെട്ടിനുള്ളിൽ അജ്ഞാതയായി വസിച്ച കൊച്ചുത്രേസ്യാ, എങ്ങിനെ മിഷ്യൻപ്രവർത്തനങ്ങളുടെ രക്ഷാകർത്രിയായെന്നറിയണമെങ്കിൽ മൂന്നാമത്തെ ലേഖനം വായിക്കണം.

പുഷ്പാഞ്ജലിയിലെ ഭാഷാരീതിയെപ്പറ്റിയും ഒന്നു പറയാനുണ്ട്. നവമാലികയുടെ ലാളിത്യം പ്രസിദ്ധമാണ്. ഭാഷാശൈലിയുടെ ആ ഒരു ഗുണം പുഷ്പാഞ്ജലിക്കുമുണ്ട്. മനോഗതങ്ങൾ വളച്ചുകെട്ടു കൂടാതെ പറയുക; വിശുദ്ധ ചെറുപുഷ്പത്തിന്റെ ഈ രീതി, മി: തളിയത്തും വശപ്പെടുത്തിയിട്ടുണ്ട്. ശൈലിയുടെ അവിഭാജ്യഗുണമായ ആത്മാർത്ഥതയാണ് പുഷ്പാ

ഞ്ജലിയിൽ ആദ്യന്തം കളിക്കുന്നു. മി: തളിയത്തിന്റെ പുഷ്പാഞ്ജലിയിൽ കൊച്ചുത്രേസ്യയും, കൈരളിയും സമ്പ്രീതരാകട്ടെ.

സത്യനാദം

പുഷ്പാഞ്ജലി എന്ന പുതിയ ഗ്രന്ഥപരമ്പരയിലെ പ്രഥമ നമ്പരായ "പുഷ്പാഞ്ജലി"യും രണ്ടാമത്തെ നമ്പരായ, "കാലത്തിനടുത്ത പ്രവർത്തനവും" അച്ചുക്കൂടത്തിലെ ലോഹമയമായ അന്തരീക്ഷത്തിൽ നിന്നു പുറത്തിറങ്ങി കേരളത്തെ സുഭിലമാക്കുവാൻ തുടങ്ങിയിരിക്കുന്നു. ആകർഷകമായ പുറംതാൾ, മേനിക്കടലാസു, ഭംഗിയായ അച്ചടി, എന്നീ മുന്നു കാര്യങ്ങൾ പുതിയ ഗ്രന്ഥപരമ്പരയുടെ ആദ്യത്തെ രണ്ടു നമ്പരുകളിൽ വേണ്ടപോലെ സൂക്ഷിച്ചുകാണുന്നതിനാൽ, പുഷ്പാഞ്ജലി കയ്യിലെടുത്തു അതിന്റെ സൗരഭ്യം അനുഭവിക്കുന്നവർ അനേകമുണ്ടാകുമെന്നു പ്രതീക്ഷിക്കുവാൻ അവകാശമുണ്ടു.

മി. തളിയത്തിന്റെ ലിസ്യു സന്ദർശനം, വിശുദ്ധയുടെ മദ്ധ്യസ്ഥംവഴി മാനസാന്തരപ്പെട്ട വത്തിക്കാനിലെ ചൈനിസ് പ്രതിനിധിയായ ജോൺവുവിന്റെ ചരിത്രം, മിഷ്യൻ പ്രവർത്തനങ്ങളുടെ രക്ഷാധികർത്രിയായ കൊച്ചുത്രേസ്യ എന്നീ മുന്നു ചെറുപുഷ്പ ലേഖനങ്ങളും വിജയപുരം മെത്രാനച്ചന്റെ മുഖവുരയുമാണു പുഷ്പാഞ്ജലിയിൽ ചേർത്തിരിക്കുന്നതു് ചെറുപുഷ്പത്തിന്റെ ജീവചരിത്രത്തോടു ബന്ധമുള്ള എട്ടു മനോഹരചിത്രങ്ങളും പുഷ്പാഞ്ജലിയുടെ മാറ്റു കൂട്ടിയിട്ടുണ്ടു്. പരിശുദ്ധകന്യകയുടെ കരങ്ങളിൽനിന്നു് ഇറങ്ങിവരുന്ന ഉണ്ണീയീശോയുടെ ചാദചേവടികളിൽ വിശുദ്ധ കൊച്ചുത്രേസ്യ പുഷ്പസമർപ്പണം ചെയ്യുന്നതു്, അഥവാ, "പുഷ്പാഞ്ജലി" മനോഹരം തന്നെ. പുഷ്പാഞ്ജലിയിലെ ലേഖനങ്ങളിൽ ഭക്തിരസം തുളുമ്പുന്നുണ്ടു്; വിധിയാളസഹജമായ ആർജ്ജവമുണ്ടു്; ഗ്രന്ഥകാരന്റെ ചെറുപുഷ്പഭക്തി പ്രകടമാക്കുകയും ചെയ്യുന്നുണ്ടു്.

"കാലത്തിനൊത്ത പ്രവർത്തനം"ത്തിൽ കൂടിൽവ്യവസായം, കേരളത്തിലേ മിഷൻ സാധ്യതകളും, വൈദികജീവിതത്തിന്റെ മാഹാത്മ്യം, സ്വപുത്രൻ വൈദികാന്തസ്സു സ്വീകരിച്ചതിലുള്ള അഭിമാനം, ഏകാന്തധ്യാനം, ബൂക്കസ്സോളകളും, എന്നീ വിഷയങ്ങളടക്കി ആറു ലേഖനങ്ങളും മോൺ: ജേക്കബ് നടുവത്തുശ്ശേരിയുടെ മുഖവുരയും ചേർത്തിട്ടുണ്ട്. വിഷയാനുരൂപമായ ചിത്രങ്ങൾ ഭാവനാസമ്പന്നനായ ഒരു ചിത്രകാരന്റെ സഹകരണത്തെ വ്യക്തമാക്കുന്നുണ്ട്. കുറേ കുട്ടികളും മാതാവും പിതാവും സന്തുഷ്ടവദനരായും മനുഷ്യവദനരായും ധാർമ്മികനായ ഒരു മാന്യന്റെ പക്കൽ പോയി ഭക്ഷണം വാങ്ങുന്നതും, "എനിക്കു വിശന്നു നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു," എന്ന വേദപുസ്തകവാക്യം അടിയിൽ ചേർത്തിട്ടുള്ളതും ആകർഷകമായ ഒരു കാഴ്ചയാണ്. ഇത്തരം ഭാവനാസംപുഷ്ടമായ എട്ടു ചിത്രങ്ങളും "കാലത്തിനൊത്ത പ്രവർത്തന"ത്തെ അലങ്കരിച്ചിരിക്കുന്നു.

ഇങ്ങനെ ഊർജ്ജസ്വലമായി വികസിച്ചിരിക്കുന്ന പുഷ്പാഞ്ജലി വിജയശ്രീലാളിതമാകട്ടെ.

സതൃദീപം.

☞ പുഷ്പാഞ്ജലി പരമ്പരകളും പ്രധാനപ്പെട്ട എല്ലാ കത്തോലിക്കാ ബുക്കസ്റ്റാളുകളിലും വാങ്ങാൻ കിട്ടുന്നതാണ്. കിട്ടുന്നില്ലെങ്കിൽ ജെ. തളിയത്ത് ആൻഡ് സൺസ്, ഈശോവിലാസം റോഡ്, തിരുവനന്തപുരം, എന്ന വിലാസത്തിൽ എഴുതുക.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
23 MAR 1996		
19 NOV 2002		

DC Library
00003849
LM V59